6 ബാലസാഹിത്യം


| | |
|---|---|
| ബാലോത്സവപ്പാട്ട് | 2 |
| ഈയികബൽ ടു എം സി സ്ക്വയർ<br>കൂട്ടുകാരേ വന്നീടുവിൻ | 2 |
| ശാന്തിഗീതം | 3 |
| കിലുകിലുക്കാം ചെപ്പുകൾ | 4 |
| ഒരു പാട്ട് പാടാം | 6 |
| സംഘഗാനം | 6 |
| ചങ്ങലക്കണ്ണി | 7 |
| അബുഹസനും ഭാര്യയും. | 8 |
| പൊട്ടക്കിണറ്റിലെ തവള | 10 |
| മൊല്ലാക്കയുടെ കുതിര<br>എസ്. ശിവദാസ് | 12 |
| ഭീകരൻ | 17 |
| ആരെ രാജാവാക്കണം | 20 |
| ഒരു മരം...... ഒരു മരം.........<br>(പ്രൊഫ. എസ് ശിവദാസ്) | 22 |
| തൈതാരം കുന്നിനുമങ്ങേപ്പുറത്ത്<br>കെ. കെ. കൃഷ്ണകുമാർ | 26 |
| ബാലോത്സവ ജാഥ സ്ക്രിപറ്റുകൾ | |
| ഞങ്ങടെ വാനം | 30 |
| കണ്ടിട്ടുണ്ടോ..... കേട്ടിട്ടുണ്ടോ.... | 31 |
| കാണാപ്പാടം കാണാപ്പാഠം | 33 |
| കഥവരമ്പും കേറി<br>കളിവരമ്പും കേറി | 33 |
| യുറീക്ക | 34 |
| ബാലകവിതാമാലിക<br>എം.എസ്. മോഹനൻ | 36 |
| ഒത്തുപിടിച്ചാൽ | 41 |
| പശുവും പുലിയും | 42 |
| നെല്ല് കൊയ്യട കോരാ | 44 |
| അതിന്നുമപ്പുറമെന്താണ് ? | 45 |

കണ്ണുണ്ടായൽ പോരാ കാണണം രചന: സി.ജി. ശാന്തകുമാർ

## ബാലോത്സവപ്പാട്ട്

താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....
ഒന്നു ചിരിക്കുവിൻ കൂട്ടുകാരേ.....നമ്മ-
ളൊന്നായ് ചിരിക്കുവിൻ കൂട്ടുകാരേ....
താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....
ഇന്നു പഠിക്കുവിൻ കൂട്ടുകാരേ നമ്മ-
ളൊന്നായ് പഠിക്കുവിൻ കൂട്ടുകാരേ....
താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....
എന്നും കളിക്കുവിൻ കൂട്ടുകാരെ
നമ്മളൊന്നായ് കളിക്കുവിൻ കൂട്ടുകാരേ
താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....
നന്നായ് വളരണം കൂട്ടുകാരേ
നമ്മളൊന്നായ് വളരണം കൂട്ടുകാരേ
താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....
പൊട്ടിച്ചിരിച്ചു കളിച്ചു രസിച്ചു നാ-
മെന്നും വളരണംകൂട്ടുകാരേ
താത തക്കിട തന്നാരോ....തക
തക്കിട തക്കിട തന്നാരോ....

**ഈയികാൽ ടു എം സി സ്ക്വയർ**

മിന്നും മിന്നും താരകമേ
നിന്നൊളിയെന്തെന്നാരറിവൂ
ഭൂവിൽനിന്നതിദൂരത്തായ്
വൈരം പോലീമാനത്ത്
    മിന്നും മിന്നും താരകമേ
    നിന്നൊളിയെന്തെന്നാരറിവൂ
എന്നൊളിതന്റെ പൊരുളോതാം
പൊന്നനിയാ ചെവി തന്നാലും
പ്ലാസ്മാരൂപം എന്നുദരം
പ്രോട്ടോണല്ലോ അതു നിറയെ
    എന്തെന്നറിയാ മർദ്ദത്തിൽ
    ഭീകരമാകിന ചൂടേറ്റ്
    നന്നാലെണ്ണം കൂടിച്ചേർന്ന്
    ആൽഫാകണമായ് തീരുന്നു
അതിന്നിടയ്ക്ക് കാണാതായ്
കുറച്ചു ദ്രവ്യം എവിടെപ്പോയ്
എവിടെപ്പോയ്?
അതോ,
    ഐൻസ്റ്റീനെന്നൊരു ശാസ്ത്രജ്ഞൻ
    പണ്ടു പറഞ്ഞു ഈ സൂത്രം
    എന്ത് സൂത്രം?
    ഈയികാൽ ടു എം.സി സ്ക്വയർ
    എന്നൊളിതന്റെ പൊരുളല്ലോ
ഭൂവിൽനിന്നതിദൂരത്ത്
വൈരം പോലീ മാനത്ത്

മിന്നും മിന്നും താരകമേ
നിന്നൊളിയെന്തെന്നറിവൂ ഞാൻ

**കൂട്ടുകാരേ വന്നീടുവിൻ**

കൂട്ടുകാരേ...... വന്നീടുവിൻ
തെയ് തെയ്തക തെയ് തെയ്തോം
കൂട്ടുചേർന്നു വന്നീടുവിൻ
തിത്തിത്താതിത്തെയ്.....തെയ്.....
ബാലോത്സവമേളയിതാ വന്നണഞ്ഞല്ലോ
ഓ ....തിത്തിത്താരാ തിത്തിത്തെയ് തിത്തെയ് തക തെയ്തെയ്തോം
ഭാരതനാട്ടിലെ മക്കൾ- തൈതെയ്തകതെയ്തെയ്തോം
ഭാവിയുടെ വാഗ്ദാനങ്ങൾ തിത്തിത്താതിത്തെയ്തെയ്
ബാലോത്സവത്തിനായ് നമ്മൾ വന്നണഞ്ഞല്ലോ
ഓ തെയ്തെയ് തകത തികിതകതോം
തിത്തൈതിത്തൈ തക തികിത
ജാതിമത ഭേദമില്ല- തെയ്തെയ്തക തെയ്തെയ്തോം
ഭാഷദേശ ഭേദമില്ല തിത്തിത്താ തിതെയ്തെയ്
പാട്ടുപാടി നൃത്തമാടി വരുന്നു ഞങ്ങൾ
ഓ തെയ് തെയ് തെയ്തെയ്തോം
ധീയോ ധികിതോ ധീയോ ധികിതോം ധീം
തിത്തൈ തിത്തൈ തകതികിത

**ശാന്തിഗീതം**

വേണ്ട ഇനി വേണ്ട ഇനി
വേണ്ട വേണ്ട ഹിരോഷിമ
നാഗസാക്കി വേണ്ട വേണ്ട
ശാന്തിഗായകർ നാം
ശാന്തിഗായകർ നാം
വേണ്ട ഇനി............

അണുയുദ്ധത്തിൽ വിജയികളില്ല
അതിനന്ത്യത്തിൽ ജീവിതവും
വിജയിച്ചവരോ തോറ്റവരോ
ഈ വിറങ്ങലിച്ച കബന്ധങ്ങൾ
അണുയുദ്ധത്തിൻ.........................
................................
...................................

ഭീകരമാമീ ഭസ്മാസുരനൊരു
ഘോര തമസ്സായ് പടരുന്നൂ
അവനു കുറിക്കണമന്ത്യമതിന്നായ്
പടയണി ചേരൂ സഹോദരരേ
ശാന്തിഗായകർ നാം...........
ശാന്തിഗായകർ.......നാം
ശാന്തിഗായകർ .....നാം
വേണ്ട ഇനി........................
.................................................
...........................................

അനന്തമാമീ ഗ്രഹമാലയിലൊരു

സുന്ദരഗ്രഹമീ ഭൂമി.....
ഒരുമിച്ചുയരാം ഒന്നായ് വളരാം
നമുക്കു പ്രിയകരമീ ഭൂമി
ഭീകരമാമീ അണ്വാസ്ത്രങ്ങൾ
തകർത്തിടാമിനി ഭൂവിൽ ഭൂവിൽ
ശാശ്വതശാന്തി പുലർന്നീടാൻ
മാനവത്വമുയർന്നീടാൻ
ശാന്തിഗായകർ നാം.....
ശാന്തിഗായകർ നാം, ശാന്തിഗായകർ നാം
വേണ്ടായിനി വേണ്ടായിനി
വേണ്ടായിനി വേണ്ടായിനി
ഇനിയൊരു യുദ്ധം വേണ്ട

## കിലുകിലുക്കാം ചെപ്പുകൾ

കിലുകിലുക്കും കിലുകിലുക്കും ചെപ്പുകൾ ഞങ്ങൾ
കളകളാരവം പൊഴിക്കും മുത്തുകൾ ഞങ്ങൾ
വിശ്വസൗന്ദര്യമേ പ്രഭ ചൊരിഞ്ഞിടൂ...
പാരിടം മുഴുക്കെ ഞങ്ങൾ കണ്ടിടട്ടേ കണ്ടിടട്ടേ.... (കിലികിലുക്കും)
കാണുവാൻ, കേൾക്കുവാൻ, ചോദിക്കുവാൻ....ചോദിക്കുവാൻ
ഉത്തരങ്ങൾ തേടുവാൻ ധീരരാവാൻ
വിശ്വസൗന്ദര്യമേ പ്രഭ ചൊരിഞ്ഞിടൂ
വിശ്വമാകെ ചിറകടിച്ചു ഞങ്ങൾ വരുന്നൂ.......ഞങ്ങൾ വരുന്നൂ...... (കിലുകിലുക്കും)
ലോകമാകെ ശാന്തിഗീതമാലപിക്കുവാൻ
യുദ്ധമോഹരാക്ഷസരെ ചങ്ങലക്കിടാൻ
പട്ടിണിക്കുമജ്ഞതയ്ക്കുമറുതി വരുത്താൻ
വിശ്വമാകെ സന്തോഷപ്പന്തലുകെട്ടാൻ
ഒറ്റജാതി ഒറ്റലോക ഒറ്റ വർഗ്ഗമായ്
പഠിച്ചിടാൻ വളർന്നിടാൻ ഞങ്ങൾ വരുന്നൂ (കിലികിലുക്കും)

**കഥ വരമ്പും കേറി**
**കളി വരമ്പും കേറി**
കാതിലൊരാലോലമൂഞ്ഞാലു കെട്ടിയ
മുത്തശ്ശി, കഥയുടെ കെട്ടഴിച്ചു
കഥയുടെ കെട്ടിൽനിന്നായിരം തൂമണി
മുത്തുകൾ ചുറ്റും ചിതറി വീണു (കാതിലൊരാലോലം)
മൂക്കില്ലാരാജാവിൻ കഥകേട്ടു ഞങ്ങ
ളുന്നറിയാതെ മൂക്കത്തു വിരലുവെച്ചു
രാജകുമാരിയെ രാക്ഷസൻ കട്ടപ്പോ-
ളാകവേ ഞെട്ടിത്തരിച്ചു ഞങ്ങൾ (കിലുകിലുക്കും)
ആമ മുയലിനെ നാണം കെടുത്തിയ
കഥയുടെ തുമ്പിലുറങ്ങി ഞങ്ങൾ
കഥ വരമ്പും കേറി, കളിവരമ്പും കേറി
കളകളംപാടി നടന്നു ഞങ്ങൾ (കിലികിലുക്കും)
കഥവരമ്പും കേറി, കളി വരമ്പും കേറി
കാര്യക്കരിമലയേറിടട്ടേ
ഞങ്ങൾ
കരകാണാക്കടലിന്റെ കരകാണട്ടെ (കിലുകിലുക്കും)

## എന്തുകൊണ്ട്?

എന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
മാനത്ത് മാരിവില്ലെന്തുകൊണ്ട്?
താരകൾ മിന്നുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ
ചെമ്പരത്തിപ്പൂ ചുവന്നിരിക്കാൻ
മിന്നാമിനുങ്ങിന്റെ പിന്നിലിടക്കിടെ
ചുട്ടുമിന്നീടുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
കാക്കയും പ്രാവും പറക്കുന്നപോലെന്റെ
പൂച്ച പറക്കാത്തതെന്തുകൊണ്ട്?
അണ്ണാറക്കണ്ണനും കുഞ്ഞിക്കിളികളും
ആർത്തുചിരിക്കുന്ന ചേലിലെൻ മാമ്പഴം
പൊട്ടിച്ചിരിക്കാത്തതെന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
അങ്ങേമലയിലെ മാമരമൊക്കെയും
കള്ളന്മാർ വെട്ടുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
എന്നും ചിരിക്കേണ്ട കുഞ്ഞിളം കണ്ണുകൾ
എന്നും കരയുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?
കുട്ടനും കുഞ്ഞിച്ചിരുതയും അമ്മയും
പിച്ചതെണ്ടീടുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?
ജാതിമതങ്ങൾതൻ വേലികൾക്കുള്ളിൽ നാം
നീറിപ്പിടയുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
പട്ടിണിയെന്തുകൊണ്ട് ?
ദാരിദ്ര്യമെന്തുകൊണ്ട്?
അജ്ഞതയെന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ട്?എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്നുള്ള
ചോദ്യമുയർത്തുവാൻ നേരമായ്
എങ്ങെ,ങ്ങനീതി തലയുയർത്തീടുന്നീ-
തങ്ങൊക്കെയങ്ങൊക്കെ നിർഭീതരായ്
നെഞ്ചും തലയുമുയർത്തി, യത്യുച്ചത്തിൽ
എന്തുകൊണ്ടെന്നുള്ള ചോദ്യമുയർത്തുവിൻ

## ഒരു പാട്ട് പാടാം

തന തെന്തിന്നാരം തന
തന തെന്തിന്നാരം തന
തന തെന്തിനോം തൈ
താനിരം താന
കൂട്ടുകാരെ കൂട്ടുകാരെ
കൊച്ചുകളിക്കൂട്ടുകാരെ
കൂട്ടുചേർന്ന് നമ്മൾക്കൊരു
പാട്ടുപാടാമെ ഒരു പാട്ടുപാടാമെ
കൂട്ടുചേർന്ന് പാട്ട് പാടി
കൂരിരുട്ടിൻ കുന്നുകേറി
പൂത്തു നിൽക്കും പുലരികൾക്ക്
പൂവിളി പാടാൻ വരു
പൂവിളി പാടാം
ഭാരതത്തിൻ ഭാവിയുടെ
ഭാഗധേയം നിർണയിക്കും
ബാലികമാരും —നമ്മൾ
ബാലകന്മാരും
തന തെന്തിന്നാരം തന
തന തെന്തിന്നാരം തന
തന തെന്തിനോം തൈ
താനിരം താന

## സംഘഗാനം

തളിരിളം കുരുവികൾ നാം
കുളിർ ചൊരിയുമരുവികൾ നാം
തളിരുകൾ നാം താരുകൾ നാം
ശലഭങ്ങൾ നാം...
ചിത്രശലഭങ്ങൾ നാം
പുലരിപ്പൂങ്കുന്നുകളിൽ
പൂമാനപ്പടവുകളിൽ
അലരിപ്പൂങ്കുലപോലെ
നമ്മൾ വിടർന്നു
ഇരുളലതൻ തിരനീക്കി
ഉദയാചലവീഥികളിൽ
ഇളയവരാം നമ്മളിന്ന്
കൂട്ടുചേരുന്നു.
പുതുമകൾ തൻപൊരുളുകളാം
പാട്ടുപാടുന്നു.
ഒരു ലോകം പുതുലോകം
ഒരുമ പൂത്ത നവലോകം
ജനജീവിതരീതികളിൽ
പുതിയൊരുമാറ്റം
അലയടികൾ ചെവിയോർക്കുക
അകലങ്ങളിൽ ഉയരുന്നു
പടയണികൾ നീങ്ങുന്നു
പാടി വരുന്നു
നമ്മൾ പാടി വരുന്നു.

## ചങ്ങലക്കണ്ണി
### രംഗം ഒന്ന്
മുയലിനെ എഴുന്നള്ളിച്ചുകൊണ്ട് സസ്യഭുക്കുകളായ മൃഗങ്ങൾ മുദ്രാവാക്യത്തോടെ വരുന്നു. ചത്തുപോയ്, ചത്തുപോയ്, സിംഹരാജൻ ചത്തുപോയ്. മുയൽ നമ്മുടെ രാജാവ്. മാംസഭുക്കുകൾ നശിക്കട്ടെ. സസ്യഭുക്കുകൾ ഒന്നിച്ചൊന്നായി അലറുന്നു. നിർത്തൂ നിങ്ങളുടെ വിളയാട്ടം. മാംസഭുക്കുകൾ മൂർദ്ദാബാദ്, സസ്യഭുക്കുകൾ സിന്ദാബാദ്.

ആന- (ചിന്നംവിളി) സസ്യഭുക്കുകളായ എല്ലാ മൃഗങ്ങളും ശാന്തരായി ഇരിക്കണം. നമ്മുടെ രക്ഷകനും ബുദ്ധിമാനുമായ ചാക്കുണ്ണിമുയൽ മാംസഭുക്കുകളുടെ ദുർഭരണത്തിൽ നിന്നും നമ്മെ രക്ഷപ്പെടുത്തിയ സുദിനമാണിന്ന്. ഇന്നലെ വരെ നമ്മളിലോരോരുത്തരായി സിംഹരാജന്റെ മുമ്പിൽ ഭക്ഷണമായി ചെല്ലുകയായിരുന്നു. എന്നാൽ നമ്മുടെ എല്ലാം പ്രിയനായ ഇദ്ദേഹം ഈ കാട്ടിൽ മറ്റൊരു രാജാവുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് ക്രൂരനായ സിംഹത്തെ സൂത്രത്തിൽ ഒരു കുണ്ടൻ കിണറ്റിൽ ചാടിച്ചു കൊന്നു. വെള്ളത്തിലെ നിഴൽ കാണിച്ച് ക്രൂരനായ സിംഹത്തെ വീഴ്ത്തിയ ചാക്കുണ്ണിമുയലിന്റെ ബുദ്ധിയോർത്ത് ജന്തുസ്ഥാനിലെ മാംസഭുക്കുകളാകെ ഭയന്നിരിക്കുകയാണ്. ഇനി നമ്മളോട് പുതിയ രാജാവ് ചാക്കുണ്ണിമുയൽ സംസാരിക്കും.

മുയൽ- ജന്തുസ്ഥാനിലെ മൃഗപൗരന്മാരെ, ഈ കാട്ടിൽ മാംസഭുക്കുകളും സസ്യഭുക്കുകളുമുണ്ട്. പക്ഷേ, സസ്യഭുക്കുകളുടെ ജീവനും സ്വത്തിനും ഒരു വിലയുമില്ലേ? ഈ കാട്ടിലെ മാംസഭുക്കുകൾ ഒന്നോർക്കുന്നതു കൊള്ളാം. ഇനി മേലിൽ ഈ കാട്ടിലെ ഏതെങ്കിലുമൊരു സസ്യഭുക്കിനെ നിങ്ങൾ തൊട്ടതായി കേട്ടാൽ ഒന്നിനു നൂറായി തിരിച്ചടിക്കും. പുതിയ രാജാവായി എന്നെ തെരഞ്ഞെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. ഈ വേളയിൽ നാം പ്രഖ്യാപിക്കട്ടെ ജന്തുസ്ഥാനിൽ മൃഗഹത്യ നിരോധിച്ചിരിക്കുന്നു. മൃഗരാജാവ് നീണാൾ വാഴട്ടെ. മുയൽ രാജാവും കൂട്ടരും പോകുന്നു. കാടിന്റെ മറ്റൊരു വശത്ത് സസ്യഭുക്കായ ഒരു മൃഗം വിളംബരം ചെയ്യുന്നു.

ജന്തുസ്ഥാനിലെ സകലമാന മൃഗങ്ങളുടെയും അറിവിലേക്കായി നമ്മുടെ പുതിയ രാജാവ് ചാക്കുണ്ണിമുയൽ അറിയിക്കുന്നതെന്തെന്നാൽ? ഇന്നുമുതൽ ജന്തുസ്ഥാനിൽ മൃഗഹത്യ നിരോധിച്ചിരിക്കുന്നു.

കുറുക്കൻ- ഈ നിയമത്തിലെന്തോ തകരാറില്ലേ?

കൂമൻ- സസ്യഭുക്കുകളുടെ ഒരു വാദം ശരിയല്ല. നാം അത്രക്കൊക്കെ ക്രൂരന്മാരാണോ?

നരി- ഞാനിതുവരെ ഒരു മൃഗത്തേയും അനാവശ്യമായി കൊന്നിട്ടില്ല. അത് ഞങ്ങളുടെ സ്വഭാവമേ അല്ല. വിശക്കുമ്പോൾ തിന്നുന്നത് നമ്മുടെ അവകാശമല്ലേ?

കുറുക്കൻ-ഗതികെട്ടാൽ പുലി പുല്ലുതിന്നുമെന്നൊക്കെ പറയാമെന്നല്ലാതെ തിന്നാൻ പറ്റുമോ?

നരി-ഇവിടെ ഇനി അധികനാൾ കഴിയാനൊക്കുമെന്ന് എനിക്ക് തോന്നുന്നില്ല.

കൂമൻ-മാംസഭുക്കുകൾ കൂട്ടത്തോടെ ഇവിടം വിട്ടുകൊണ്ടിരിക്കയാണ്. ഇന്ന് രാവിലെ നമ്മുടെ കടുവാചേട്ടനും മക്കളും ഒളിച്ചോടുന്നത് അത്തിമരത്തിലിരുന്ന് ഞാൻ കണ്ടു.

കുറുക്കൻ-ദൈവമേ.. ഉച്ചിഷ്ടം കിട്ടാതെ തെണ്ടിപ്പോകുമോ ആവോ?

പോത്ത്- എന്താടാ ഇവിടെ ഒരുഗൂഢാലോചന. ഉം,ഉം..ഉം ഓടിനെടാ! അവന്മാരുടെ ഒരു..... പോയി വല്ല പുല്ലും തിന്ന് ജീവിക്കിനെടാ.. പോത്ത് പോകുന്നു (കർട്ടൻ വീഴുന്നു)

### രംഗം 2
അനൗൺസർ- മുയൽ രാജാവിന്റെ ഭരണത്തിൻ കീഴിൽ പുതിയ നിയമം കർശനമായി പാലിക്കപ്പെടുന്നു. വളരെ വർഷങ്ങൾക്ക് ശേഷം ഒരു ദിവസം.

ചിമ്പൻ-അയ്യോ! എന്തു പറ്റി ഈ കാടിന്.. എന്തൊരു ദുർഗന്ധം എങ്ങും ചത്തുചീഞ്ഞ സസ്യഭുക്കുകൾ മാത്രം. ഇവയെ തിന്നാൻ ഒരൊറ്റ കുറുക്കന്മാരും ഈ കാട്ടിലില്ലെന്നോ? പണ്ട് ഇവിടെ ഉണ്ടായിരുന്ന കഴുകന്മാരൊക്കെ എവിടെ പോയി. അല്ല ഒരു കാര്യം ഇപ്പാഴാണ് ശ്രദ്ധിച്ചത് ഈ കാട്ടിൽ ഒരൊറ്റ മാംസഭുക്കിനേയും ഇതുവരെ കണ്ടില്ലല്ലോ?

കേഴപ്പൻ- ഇന്ന് എനിക്ക് രണ്ടിലൊന്നറിയണം. ഇതെന്ത് ഭരണം?

ചിമ്പൻ- അല്ല ഇതാര് കേഴപ്പനോ? കണ്ടിട്ടറിഞ്ഞില്ലല്ലോ വല്ലാതെ മെലിഞ്ഞുപോയല്ലോ?

കേഴപ്പൻ- തിന്നാനൊന്നുമില്ലെങ്കിൽ മെലിയാതിരിക്കുമോ?

ചിമ്പൻ- താൻ ക്ഷോഭിക്കാതെ കാര്യം പറ.

കേഴപ്പൻ-തനിക്കിവിടത്തെ വല്ല കാര്യവുമറിയാമോ. ഊരുചുറ്റലല്ലേ പണി. പട്ടിണി കിടക്കുന്ന കുട്ടികൾക്ക് കൊടുക്കാൻ കാട് മുഴുവൻ തെണ്ടിയിട്ടാ രണ്ടുപിടി പുല്ലു കിട്ടിയത്. അതിന്നലെ രാത്രി ആരോ കട്ടുകൊണ്ടുപോയി.

ചിമ്പൻ- അതുശരിയാ.. ഈ കാട്ടിൽ പുല്ലുപോലുമില്ലല്ലോ.

കേഴപ്പൻ-എങ്ങിനെയുണ്ടാകാനാ. ഉള്ളതുമുഴുവൻ ആ മാനപ്പന്മാര് തിന്ന് തീർത്തില്ലേ. അവറ്റകളൊന്നും

പത്തുമൊന്നുമായിരുന്നില്ലല്ലോ. ആയിരക്കണക്കിന് പെറ്റുകൂട്ടിയിരുന്നത്. ആ സിംഹരാജനുണ്ടായിരുന്നെങ്കിൽ കുറെയെണ്ണത്തിനെയെങ്കിലും അവൻ തിന്നിരുന്നേനെ.
ചിമ്പൻ- ആട്ടേ. നീയെങ്ങടാ പോകുന്നത്?
കേഴപ്പൻ-ചാക്കുണ്ണിരാജാവിനെ കണ്ടിട്ടുതന്നെ കാര്യം (കൊമ്പൻ വരുന്നു)
ചിമ്പൻ- ആരിത് കൊമ്പൻ ചേട്ടനോ?
കൊമ്പൻ- ശ് ശ്.. ചതിക്കല്ലെ ഞാനെങ്കിലുമൊന്ന് രക്ഷപ്പെടട്ടേ.
ചിമ്പൻ-മനസ്സിലായില്ലേ ഞാൻ ചിമ്പനാണ്.
കൊമ്പൻ-ഏതായാലും ഇവിടെ നിൽക്കണ്ട. അതപകടമാണ് . കൊട്ടാരത്തിൽ കുഴപ്പം
ചിമ്പൻ- എന്താ കാര്യം?
കൊമ്പൻ- ഒന്നും പറയണ്ട ചങ്ങാതി. ജന്തുക്കളെല്ലാം ക്ഷോഭിച്ചിരിക്കയാണ്. അവരിന്ന് കൊട്ടാരം വളയും
രംഗം 3
മുയൽ രാജാവിന്റെ മുന്നിൽ മൃഗങ്ങളുടെ ലഹള.
നിർത്തൂ.. നിർത്തൂ. ഞാൻ പറയുന്നതുകൂടി നിങ്ങളൊന്ന് കേൾക്കണം. നിങ്ങളുടെ നന്മയല്ലാതെ എനിക്ക് മറ്റൊരു ലക്ഷ്യമുണ്ടായിരുന്നില്ല. പക്ഷെ കാര്യങ്ങൾ നമ്മുടെ കഷ്ടപ്പാടുകൾ ഇരട്ടിപ്പിക്കുകയാണ് ചെയ്തത്.(ബഹളം)
ആന ചിഹ്നം വിളിക്കുന്നു. നിർത്തിൻ കൂട്ടരെ. നമ്മുടെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പറയാൻ കഴിയുന്ന ഒരാൾ വന്നിട്ടുണ്ട്. ഇതാ പ്രൊഫ.ചിമ്പാൻസി. (ചിമ്പൻ അടയാളം കാണിക്കുന്നു.നിശ്ശബ്ദത) ജന്തുജീവിതത്തെ പറ്റി പഠിക്കാൻ ഇദ്ദേഹം വിദേശത്തായിരുന്നു.
ചിമ്പൻ- നിങ്ങളുടെ പഴയ ചിമ്പൻ തന്നെ. ഈ കാട്ടിലെ മാറ്റം എന്നെ ഞെട്ടിപ്പിച്ചു. നമ്മുടെ കൊമ്പൻ ചേട്ടനിൽ നിന്ന് ഞാൻ കാര്യങ്ങളെല്ലാം അറിഞ്ഞു. നമ്മൾക്ക് സംഭവിച്ച ഈ ദുരിതത്തിനു കാരണം ഒരു ചെറിയ നിയമമാണ്.(ചോദ്യം) ഏത് നിയമം?
ചിമ്പൻ-മൃഗഹത്യനിരോധനനിയമം. അതുകൊണ്ടെന്താ നമ്മുടെ ഭക്ഷ്യശൃംഖല തകരാറിലായി.
ആട്- ഭക്ഷ്യശൃംഖലയോ? പച്ചപ്പുല്ലാണോ?
ചിമ്പൻ-ഭക്ഷണ ചങ്ങല. അതായത് നാം പുല്ല് തിന്നുന്നു. നമ്മളിൽ ചിലരെ പുലി തിന്നുന്നു. പുലിയും നമ്മളുമൊക്കെ ചത്തുചീഞ്ഞാൽ പുല്ലിനും ചെടികൾക്കും വളമാകുന്നു. പുലികളും മറ്റു മാംസഭുക്കുകളും ഇല്ലാതായപ്പോൾ ആടുകളുടേയും മാനുകളുടേയും ഒക്കെ എണ്ണം എന്തെന്നില്ലാതെ പെരുകി. പുല്ലെല്ലാം തീർന്നു. പ്രകൃതിയിൽ എല്ലാത്തിനും അതിന്റേതായ സ്ഥാനമുണ്ട്. അത് മനസ്സിലാക്കാതെ ഓരോന്ന് ചെയ്താൽ എല്ലാ സന്തുലനവും തെറ്റും ഒക്കെ തകരാറാവും.
പോത്ത്- അതാ ശരി. ഈ ആടുകളും മാനുകളും കൂടി എല്ലാ പുല്ലും തിന്നുതീർത്തു.
ആട്- ഓ താൻ വല്യ ന്യായമൊന്നും പറയണ്ട. പെരുവയറൻ. (പോത്ത് ആടിനെ വെട്ടാൻ പോകുന്നു. ആന പോത്തിന്റെ പിന്നാലെ, അതിനിടയിൽ പെട്ട് മുയൽ അമർന്നു. പരസ്പരം വഴക്കടിച്ച് എല്ലാവരും നശിക്കുന്നു.
ചിമ്പൻ- ചങ്ങലയിലെ എല്ലാ കണ്ണികളും ഒരു പോലെ പ്രധാനമാണ്. നിങ്ങളെങ്കിലും അത് മനസ്സിലാക്കണം.

## അബുഹസനും ഭാര്യയും.

രംഗം ഒന്ന്
നരേറ്റർ- പണ്ട് പണ്ട് ഹാറൂൺ അൽ റഷീദ് എന്ന ഖലീഫ ബാഗ്ദാദ് ഭരിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കൊട്ടാരം വിദൂഷകനായിരുന്നു അബുഹസ്സൻ.അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു നൗഷത്തോൾ. അബുഹസ്സൻ കിട്ടുന്ന പണമെല്ലാം സുഹൃത്തുക്കളെ സന്തോഷിപ്പിക്കാൻ ചെലവഴിച്ചിരുന്നു. ഇതറിയാമായിരുന്ന ഫലിതപ്രിയനായ ഖലീഫ അബുഹസ്സനെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ പലപ്പോഴും അബുഹസ്സന്റെ ഈ സ്വഭാവം മൂലം പണത്തിന് ആവശ്യം നേരിട്ടിരുന്നു. വീട്ടിൽ ഭക്ഷണത്തിന് പോലും ബുദ്ധിമുട്ടി. ഒരു പുണ്യനാളിൽ അബുഹസ്സന് ഭാര്യ മോശമായ പ്രാതൽ ഒരുക്കി......അന്ന്.....(അബുഹസ്സനും ഭാര്യയും രംഗത്ത്)
അബു- ഇന്ന് നല്ലൊരു ദിവസമായിട്ടും നീ എന്തു ചവറാ എനിക്കു തിന്നാൻ തരുന്നത്. ഇത് നായ പോലും തിന്നില്ലല്ലോ?
നൗഷ- എന്റെ പൊന്നേ എനിക്കിതേ ഉണ്ടാക്കാൻ പറ്റൂ. അഞ്ചുകൊല്ലം സുഖമായി കഴിയാനുള്ളത് രാജാവ് തന്നതല്ലെ. അതു മുഴുവൻ കൂട്ടുകാരെ സന്തോഷിപ്പിക്കാനായി വാരിക്കോരി ചെലവഴിച്ചില്ലെ. അങ്ങിനെ എല്ലാം നശിപ്പിച്ചില്ലെ.
അബു- നശിപ്പിച്ചോ. എടീ എന്തിനാടീ പണം പെട്ടിയിൽ വെച്ച് പൂട്ടാനോ. അതോ കൂട്ടുകാരോടൊപ്പം

സന്തോഷമായി ചെലവഴിക്കാനോ. പണം ചെലവാക്കാൻ വേറെ വഴിയൊന്നും എനിക്കറിഞ്ഞുകൂടാ.
നൗഷ-എന്നാലേ ഇങ്ങനെയിനി എത്ര നാൾ പട്ടിണി കിടക്കും.
അബു- എടീ നമുക്കൊരു സൂത്രം പ്രയോഗിക്കാം. രാജ്ഞിയുടെ അടുത്തുചെന്ന് നിന്റെ ഭർത്താവ് മയ്യത്തായെന്നും കബറടക്കാൻ കാശില്ലെന്നും പറയണം. (നൗഷത്തോൾ കരയുന്നു)
അബു- കരയാതെടി ഞാൻ മരിക്കുന്നില്ല. മരിച്ചെന്ന് രാജ്ഞിയെ ധരിപ്പിച്ചാൽ മതി.
നൗഷ-ആ.......അം
അബു- നമുക്കതൊന്ന് റിഹേഴ്സൽ ചെയ്തുനോക്കാം. നീ കരയൂ- ഞാൻ രാജ്ഞിയായി നിൽക്കാം.
നൗഷ- (കരയുന്നു)
അബു- അങ്ങനെ അങ്ങനെ ആ. ഇനി ഞാൻ രാജാവിന്റെ അടുത്തുചെന്ന് നീ മയ്യത്തായെന്നും പറഞ്ഞ് കരയാം. (അബു കരയുന്നു) എങ്ങിനെയുണ്ട്.
നൗഷ-ഉഗ്രൻ
അബു- എന്നാൽ നീ ധൈര്യമായി പോ.... നീ വന്നിട്ട് ഞാൻ പോകാം. പണം ഇവിടെ വരുമെടീ.
നൗഷ-നിങ്ങളുടെയൊരപാരബുദ്ധി
രംഗം രണ്ട്
നരേ- അങ്ങനെ രാജാവിൽ നിന്നും രാജ്ഞിയിൽ നിന്നും പണവുമായി ഇരുവരും തിരിച്ചെത്തി. അതേ സമയം രാജാവും രാജ്ഞിയും തമ്മിൽ തർക്കമായി.
(നരേറ്റർ പോയി രാജാവും രാജ്ഞിയും പ്രത്യക്ഷപ്പെടുന്നു)

രാജാ- അല്ല അബുവല്ല മരിച്ചത്. നൗഷത്തോളാണ്.
രാജ്ഞി- വിഡ്ഢിത്തം പറയരുത്. മരിച്ചത് അബുവാണ്.
രാജാ- അല്ല നൗഷത്തോളാണ്. അബുവിന് നാം പണം കൊടുത്തത് അവളെ കബറടക്കാനാ- നമുക്ക് നല്ല ഓർമ്മയുണ്ട്.
രാജ്ഞി- അല്ല അബുവാണ് മരിച്ചത്. മയ്യത്തടക്കാനുള്ള പണം അവൾക്ക് ഞാനല്ലേ കൊടുത്തത്.
രാജാ- അബുവാണ് മരിച്ചതെങ്കിൽ ഞാൻ നിനക്ക് ആയിരം പവൻ സമ്മാനം തരും.
രാജ്ഞി- സമ്മതിച്ചു. നൗഷത്തോളാണ് മരിച്ചതെങ്കിൽ ഞാൻ അങ്ങേയ്ക്കും സമ്മാനം തരാം.
രാജാ- പന്തയം?
രാജ്ഞി- പന്തയം....
രാജാ- ആരവിടെ?
ഭടൻ- അടിയൻ.....
രാജാ- നീ അബുഹസ്സന്റെ വീട്ടിൽ ചെന്ന് ആരാണ് മരിച്ചതെന്നറിഞ്ഞു വരിക.
ഭടൻ- ഉത്തരവ്
(ഭടൻ പുറത്തേക്കും രാജാവ് അകത്തേക്കും പോകുന്നു)
രാജ്ഞി- കബില....കബില... (കബില വരുന്നു) നീ പോയി അബുവാണോ നൗഷത്താണോ മരിച്ചതെന്ന് അറിഞ്ഞു വരിക.
രംഗം മൂന്ന്
(അബുവിന്റെ വീട് ആഹ്ലാദപ്രകടനത്തിന്റെ തുടർച്ച. പുറത്ത് കുളമ്പടി ശബ്ദം)
അബു- എടീ രാജഭടൻ അലി വരുന്നു. നീ മരിച്ചതുപോലെ കിടക്ക്.
ഭടൻ- അബുഹസ്സൻ ഞാൻ വന്നത് താങ്കളോ താങ്കളുടെ ഭാര്യയോ ആരാണ് മരിച്ചതെന്ന് അറിയാനാണ്. കൊട്ടാരത്തിൽ രാജാവും രാജ്ഞിയും തമ്മിൽ വലിയ തർക്കത്തിലാണ്.
അബു- സംശയമെന്താ ദാ നോക്കണം എന്റെ നൗഷത്തോൾ പോയി എനിക്കിനിയാരുമില്ല.
ഭടൻ- സംശയമില്ല- രാജാവിനായിരം പവൻ ലാഭം. (ഭടൻ പോകുന്നു. നൗഷത്തോൾ ഉണരുന്നു)
നൗഷ-(പുറത്തുപോയി നോക്കി) റബ്ബേ.. ചതിച്ചോ രാജ്ഞിയുടെ തോഴി വരുന്നു. കബില
അബു-നീ പേടിക്കാതെ. ഞാൻ ചത്തതുപോലെ കിടക്കാം. നീ കരഞ്ഞുകൊണ്ടിരുന്നോ.
കബില-ഞാൻ വന്നത് ആരാണ് മയ്യത്തായത് എന്നറിയാനാ. രാജ്ഞി പറഞ്ഞയച്ചതാ.
നൗഷ- നോക്കിക്കേ എന്റെ കെട്ടിയോന്റെ കിടപ്പ് എന്റെ റബ്ബേ...
കബില-നീ കരയാതെ എല്ലാം വിധിയാണ്. വിവരം ഞാൻ രാജ്ഞിയോട് പോയ് പറയാം (കബില പോകുന്നു) (രണ്ടുപേരും) ഓ.. രക്ഷപ്പെട്ടു.
നൗഷ- എനിക്ക് പേടിയാകുന്നു. സത്യം രാജാവെങ്ങാനുമറിഞ്ഞാൽ തീർന്നു.
അബു- നീ പേടിക്കാതെ ഏതിനും വഴിയുണ്ടാക്കാനല്ലേ ഈ തല. (പുറത്ത് ആരവം)
നൗഷ-(അബുവോടൊപ്പം പുറത്തേക്ക് നോക്കി) പടച്ചവനേ രാജാവും രാജ്ഞിയും (രണ്ടുപേരും മരിച്ച

വരെപ്പോലെ കിടക്കുന്നു. രാജാവും രാജ്ഞിയും പ്രവേശിക്കുന്നു)
രാജാ- കഷ്ടം. രണ്ടുപേരും മരിച്ചു.....എനിക്കിത് മനസ്സിലാകുന്നില്ല. ആരാ ആദ്യം മരിച്ചത്. നൗഷത്തോളാക
രാജ്ഞി- അബുവാണ് ആദ്യം മരിച്ചെന്ന് തെളിയിക്കുന്നയാൾക്ക് ഞാൻ ആയിരത്തി അഞ്ഞൂറ് പവൻ നൽകും.
അബു-(എഴുന്നേൽക്കുന്നു) ആദ്യം മരിച്ചത് ഞാനാണ്. സമ്മാനത്തുക എനിക്ക് തരണേ. ദാരിദ്ര്യം കൊണ്ട് ചെയ്തതാണെ.
നൗഷ- തിരുമേനി അദ്ദേഹത്തെ ശിക്ഷിക്കരുതേ എന്നെ കൊന്നോളു.
രാജ- ആരായാലും രണ്ടുപേരും മരിച്ചില്ലല്ലോ എനിക്ക് സന്തോഷമായി. റാണി നാം തമ്മിൽ പന്തയം വെച്ച തുക ഇവർക്ക് സമ്മാനമായി കൊടുക്കാം. അബുഹസൻ നിങ്ങൾ രാവിലെ കൊട്ടാരത്തിലെത്തുക. റാണി നമുക്ക് പോകാം.

**പൊട്ടക്കിണറ്റിലെ തവള**

(കാടിന്റെ അന്തരീക്ഷം) ഒരു കിണർ. പശ്ചാത്തലത്തിൽ വിവിധ പക്ഷികളുടെ ശബ്ദം. ശബ്ദം ക്രമേണ കുറഞ്ഞുവരുമ്പോൾ തവള വന്നു. ചാടി നടന്ന ശേഷം മറയുന്നു. പാമ്പ് വരുന്നു. കിണറ്റിലേക്ക് പോകുന്നു. കുറച്ചു കഴിഞ്ഞ് രാജകുമാരിയെ അന്വേഷിച്ചുകൊണ്ട് തോഴിയുടെ വിളി.
തോഴി-കുമാരീ...(രാജകുമാരി വരുന്നു പാവയെ കൊഞ്ചിക്കുന്നു)
രാജകുമാരി- എന്റെ സ്വർണപാവയല്ലേ. എന്റെ സുന്ദരിക്കുട്ടിക്ക് കാട് കാണണ്ടേ. നോക്കു ഒരു മാൻ അതാ ഒരു കുരങ്ങ് ചാടുന്നു... എന്തിനാ കരയുന്നത്? പേടിച്ചോ? (കിണർ ശ്രദ്ധിക്കുന്നു അതിനടുത്തേക്ക് പോകുന്നു)ഇത് കണ്ടോ കിണർ. ഞാൻ നിനക്ക് കിണർ കാണിച്ചു തരാം. എന്തൊരാഴം. കണ്ടോ? നിന്നേപ്പോലൊരു സുന്ദരിക്കുട്ടി കിണറ്റിൽ കണ്ടോ നോക്കിക്കേ..(അറിയാതെ പാവ കിണറ്റിൽ വീഴുന്നു) അയ്യോ എന്റെ പാവക്കുട്ടി പോയേ... സ്വർണപ്പാവ... തോഴി.. ഓടിവായോ.. പാവ..
തോഴി- (വരുന്നു) എന്തുപറ്റി, കുമാരീ
കുമാരി- എന്റെ സ്വർണ്ണപ്പാവ.... ഈ കിണറ്റിൽ വീണു. തവളയുടെ വരവ്-ക്രോം.... ക്രോം.....
പോ തവളേ പോ.... എന്റെ സ്വർണ്ണപ്പാവ.... അച്ഛൻ സമ്മാനിച്ച സ്വർണ്ണപ്പാവ....
തവള-ക്രോം....ക്രോം
കുമാരി- ഈ തവളയോടു പോകാനല്ലേ പറഞ്ഞത്? പോ...മരമണ്ടൂസൻ പോത്തൻ തവളേ....
തോഴി- കുമാരീ.... ആ തവളയെ പിണക്കണ്ട. അതിന് നമ്മെ സഹായിക്കാനാകും. (രഹസ്യം പറയുന്നു)
കുമാരി- അതു ശരിയാണല്ലോ.....എന്റെ പൊന്നുതവളേ എന്നെയൊന്നു സഹായിക്കാമോ? എന്റെ പാവ കിണറ്റിൽ പോയി. നിനക്കാണെങ്കിൽ എളുപ്പമാണല്ലോ അതെടുക്കാൻ. അത് എടുത്തുതാ....
തവള- ഞാനത് എടുത്തു തന്നാൽ നീ എനിക്ക് എന്തുതരും.
കുമാരി- നിനക്കൊരു രത്നമാല തരാം.
തവള- കഴുത്തില്ലാത്ത എനിക്കെന്തിനാ രത്നമാല ക്രോം....
തോഴി- നിനക്കെന്തു വേണം? എന്തുവേണമെങ്കിലും കുമാരി തരും......
തവള- ക്രോം.....ക്രോം....
തോഴി- തരും
തവള- ഞാനാവശ്യപ്പെടുന്നത് സാധിച്ചു തരാമെന്ന് കുമാരി സത്യം ചെയ്താൽ പാവയെ ഞാൻ എടുത്തു തരാം.
കുമാരി- തരാം....സത്യം....സത്യം....
(കുമാരി തോഴിയോട് രഹസ്യം പറയുന്നു)
ഒരു തവള കൂടുതലായി എന്താവശ്യപ്പെടാൻ?
(തവളയോട്) വേഗം പാവയെ എടുത്തുതരൂ....
(തവള കിണറ്റിലേക്ക് ചാടുന്നു.....തോഴിയും കുമാരിയും ശ്രദ്ധിക്കുന്നു. കിണറ്റിൽ ബഹളം.....പെട്ടെന്ന് തവള കരഞ്ഞുകൊണ്ട് ചാടിവന്നു തോഴിക്കു പിന്നിലൊളിക്കുന്നു)
തോഴി- എന്താ....എന്തു പറ്റി....?
(പാമ്പ് കിണറ്റിൽ നിന്ന് പ്രത്യക്ഷപ്പെടുന്നു)
പാമ്പ്- എവിടെ....അവനെവിടെ....എന്റെ സാമ്രാജ്യത്തിൽ എന്റെ അനുവാദമില്ലാതെ.....(ചീറ്റുന്നു)
തോഴി-(പേടിച്ചുകൊണ്ട്) രാജകുമാരിയുടെ പാവ കിണറ്റിൽ വീണു. അതു തരണം.
പാമ്പ്- ഈ കിണറ്റിൽ വീഴുന്നതെന്തും എന്റേതാണ്.....ഹ....ഹ...
കുമാരി- (പേടിച്ച്) കടിക്കുമോ?

പാമ്പ്- എനിക്കാരോടും പകയില്ല. എനിക്ക് ഇര കിട്ടണം.
കുമാരി- നീ അഹങ്കരിക്കേണ്ട....എന്റെ അച്ഛൻ രാജാവാണ്.
പാമ്പ്-രാജാവിന്റെ അധികാരം നാട്ടിൽ.....ഇവിടെ എന്റേതാണ്.....എവിടെ എന്റെ ഇര....?
(തവളയെ അന്വേഷിക്കുന്നു. പോകുന്നു)
കുമാരി- (തവളയോട്) ചാട് ....എന്റെ പാവയെ എടുത്തു താ.
തവള- അയ്യോ ...അവൻ വീണ്ടും വന്നാലോ...?
കുമാരി- നീയിത്ര പൊണ്ണനായിട്ടും പേടിയോ....?
തവള- എനിക്കവനെ പേടിയൊന്നുമില്ല.....ഞാൻ വേണമെങ്കിൽ അവനെ വിഴുങ്ങുമായിരുന്നു....പക്ഷേ പാരമ്പര്യത്തിനു നിരക്കാത്തതുകൊണ്ടാ....
കുമാരി- എങ്കിൽ ചാട്....പാവയെ എടുക്ക്....
(തവള ചാടുന്നു. പാമ്പ് തിരിച്ചു വരുന്നു.....തവള പാവയുമായി വരുന്നു)
തരൂ... എന്റെ....പാവ തരൂ....എനിക്ക് കൊട്ടാരത്തിലെത്താൻ സമയമായി......
തവള- തരാം....പക്ഷെ എനിക്കെന്താണ് വേണ്ടതെന്ന് നീ ചോദിച്ചില്ലല്ലോ.
തോഴി- അതു ശരിയാ....പാവയെ എടുത്തു തന്നാൽ....കുമാരി വാക്കു കൊടുത്തതല്ലേ?
കുമാരി- എന്നാൽ പറഞ്ഞു തുലയ്ക്ക്...നിനക്കെന്തു കുന്തമാണ് വേണ്ടത്.
തവള- എനിക്ക് കൊട്ടാരത്തിലെ സ്വർണ്ണത്തളികയിലുണ്ണണം.....നിന്റെ തലയിണയിലുറങ്ങണം.
കുമാരി- ഛീ...വൃത്തികെട്ട തവളേ.... അവന്റെ ഒരാഗ്രഹം. നീ രാജാവിന്റെ മകളോടാണ് സംസാരിക്കുന്നതെന്നോർമ്മ വേണം.
തവള- ഇതു നല്ല സ്വഭാവമല്ല കുമാരീ... വാക്കു പാലിക്കണം......
കുമാരി- നിന്റെ ആഗ്രഹം ഇതാണെന്ന് ഞാനറിഞ്ഞോ?
തവള- കുമാരി നേരത്തെ എന്നോടു ചോദിച്ചില്ലല്ലോ?
കുമാരി- ഛീ... നിർത്ത്. നിന്റെ വായാടിത്തം. നീ പാവയെ തരുന്നുണ്ടോ?
തവള- നീ വാക്കു പാലിക്കുന്നുണ്ടോ....
കുമാരി- നിന്നെ ഞാൻ....
(വടിയെടുത്തു തവളയെ തല്ലുന്നു)
തോഴി-അരുതു കുമാരീ....അടിക്കരുത്.
(തടയുന്നു.... പാവയെ കൈക്കലാക്കി കുമാരി ഓടുന്നു. തോഴി തവളയെ ആശ്വസിപ്പിക്കുന്നു. തവള ഞരങ്ങുന്നു)
രംഗം രണ്ട്
(കൊട്ടാരം രാജാവിന്റെ ഭക്ഷണമുറി. രാജാവ് പ്രവേശിക്കുന്നു.)
രാജാ- എവിടെ കുമാരീ.....ആരവിടെ?
പരിചാ-അടിയൻ
രാജാ- എവിടെ.....കുമാരീ.....
(കുമാരി പാവയുമായി വരുന്നു)
നീ പാവയോടൊപ്പം കളിച്ച് ഭക്ഷണം പോലും വേണ്ടെന്നായോ മോളെ....?
കുമാരി- എനിക്കീ പാവയെ എന്തിഷ്ടമാണെന്നോ, അച്ഛാ....(ഭക്ഷണത്തിനൊരുങ്ങുന്നു. മണി മുഴങ്ങുന്നു)
ഭടൻ- അങ്ങയെ കാണാൻ ഒരു തവള കാത്തുനിൽക്കുന്നു.
രാജാ- ങേ....തവളയോ...? എന്താ നിനക്കൊരു പരിഭ്രമം?
കുമാരി- ഒന്നുമില്ല
രാജാ- വരാൻ പറയൂ....(തവള വന്നു)
എന്താണ് നിനക്ക് ബോധിപ്പിക്കാനുള്ളത്?
തവള-പ്രഭോ അങ്ങയുടെ മകൾ എന്നോട് ഒരു സത്യം ചെയ്തിരുന്നു. അതനുസരിച്ച് വന്നതാണ്.
(കുമാരി രാജാവിനോട് രഹസ്യം പറയുന്നു)
രാജാ- അപ്പോൾ അതാണല്ലേ കാര്യം? മകളേ നാം വാക്കു പാലിക്കണം....(തവളയോട്) നിന്റെ ആഗ്രഹം സാധിച്ചു തരാം.
കുമാരി- അയ്യോ അച്ഛാ! ആ വൃത്തികെട്ട ജന്തുവിനെ എന്റെ തളികയിൽ ഉണ്ണാൻ അനുവദിക്കരുതേ.....
രാജാ- ഒരു ജീവിയും വൃത്തികെട്ടതല്ല മോളെ.....വിവേകബുദ്ധിയുള്ള നാം ഈ പ്രകൃതിയിലെ എല്ലാ ജീവികളേയും സ്നേഹിക്കണം......വരൂ ഭക്ഷിക്കൂ.....
(തവള ഭക്ഷിക്കുന്നു)

തവള- ഇനി എനിക്കുറങ്ങണം....എവിടെ കുമാരിയുടെ തലയിണ..?
കുമാരി- അച്ഛാ...
രാജാ- സാരമില്ല മോളെ.....വരൂ....
(തവളയുമായി പോകുന്നു)
രംഗം മൂന്ന്
തോഴി- കുമാരീ....
ഭടൻ-തിരുമേനീ.....(രാജകുമാരി വരുന്നു)
തോഴി- അതിശയം തന്നെ അതിശയം
കുമാരി- എന്താണ്?
തോഴി- ഇന്നലത്തെ തവള ഇന്നൊരു രാജകുമാരൻ
കുമാരി- നീയെന്താണ് പറയുന്നത് നിനക്ക് വട്ടുപിടിച്ചോ?
തോഴി- സത്യമാണ് കുമാരീ....ഇന്നലെ കുമാരിയുടെ തലയിണയിലുറങ്ങിയ തവള ഇന്ന് അതിസുന്ദരനായ ഒരു രാജകുമാരൻ.
കുമാരി- ങേ...ഞാനൊന്നു പോയി നോക്കട്ടെ.
(പോവുന്നു. രാജാവും ഭടനും വരുന്നു)
രാജാ- ഇതൊരത്ഭുതം തന്നെ. സുന്ദരനായ ഒരു കുമാരൻ
ഭടൻ- പ്രഭോ അതാ കുമാരൻ ഇങ്ങോട്ടു വരുന്നു.
രാജാ- വരൂ...കുമാരാ...വരൂ....
(രാജകുമാരനും തോഴിയും കുമാരിയും വരുന്നു)
കുമാരൻ - പ്രഭോ എനിക്കൊരു ശാപമുണ്ടായിരുന്നു. അങ്ങനെയാണ് ഞാൻ തവളയായത്. ഒരു കൊട്ടാരത്തിൽ ഉറങ്ങുകയും ഉണ്ണുകയും ചെയ്താൽ എനിക്കെന്റെ രൂപം തിരിച്ചു കിട്ടും. അങ്ങയുടെ കാരുണ്യത്താൽ എനിക്ക് ശാപമോക്ഷം കിട്ടി. ഇനി എന്റെ രാജ്യത്തേക്ക് തിരിച്ചുപോകാൻ എന്നെ അവിടുന്നനുവദിച്ചാലും.
കുമാരി- അച്ഛാ... അദ്ദേഹത്തോട് പോകരുതെന്നു പറയൂ...എനിക്ക് അദ്ദേഹത്തെ....
രാജാ- കുമാരാ! വിരോധമില്ലെങ്കിൽ എന്റെ മകളെ സ്വീകരിച്ചാലും.
കുമാരൻ-ഇല്ല....സഹജീവികളെ സ്നേഹിക്കാത്ത ഒരാളെ സ്വീകരിക്കാൻ നിവർത്തിയില്ല....ക്ഷമിക്കണം. അങ്ങയ്ക്ക് വിരോധമില്ലെങ്കിൽ തോഴിയെ എനിക്കിഷ്ടമാണ്.
രാജാ- കുമാരന്റെ ഇഷ്ടം പോലെ....ആരവിടെ.... വിവാഹത്തിനുള്ള ഏർപ്പാടുകൾ ചെയ്യൂ....
(കുമാരി പോവുന്നു....ഭടന്മാർ വിവാഹവേദി ഒരുക്കുന്നു. വിവാഹചടങ്ങുകൾ)

# മൊല്ലാക്കയുടെ കുതിര
## എസ്. ശിവദാസ്

രംഗം 1
[കൊച്ചുമോൾ ഡാൻസ് ചെയ്തു പാട്ടുപാടി രംഗത്തുവരുന്നു.]
കൊച്ചുമോൾ : മണി മണി മണി
കിണി കിണി കിണി
മണികിണി കിണിമണി
ണിംങ്ങ് ണിംങ്ങ് ണിംങ്ങ്
ഹി.....ഹി.....ഹി..... (ചിരിക്കുന്നു.) എന്നിട്ട് എന്തോ ഓർത്തു നില്ക്കുന്നു. അയ്യയ്യോ....ഇന്നല്ലേ അച്ഛൻ ഒരു കഥപറയാമെന്ന് ഏറ്റിരുന്നത്. ചേട്ടാ.... ചേട്ടാ....
(ഉച്ചത്തിൽ വിളിക്കുന്നു. ചേട്ടൻ പ്രവേശിക്കുന്നു.)
ചേട്ടൻ : എന്താ....കിണികിണി മോളേ.....?
കൊച്ചു
മോൾ : ചേട്ടാ.... ഇന്നല്ലേ അച്ഛൻ ഒരു കഥ പറയാമെന്ന് പറഞ്ഞിരുന്നത്.....
[ചേട്ടൻ സന്തോഷംകൊണ്ട് ചാടിത്തുള്ളിക്കൊണ്ട്.]
ചേട്ടൻ : ശരിയാണല്ലേ, ഞാനങ്ങു മറന്നുപോയി.
മോൾ : കിണി കിണി കിണി
മണി മണി മണി (ഡാൻസു ചെയ്യുന്നു.)

അച്ഛാ.... അച്ഛാ....
(അച്ഛൻ പ്രവേശിക്കുന്നു.)

അച്ഛൻ : എന്താ കിണി കിണി മോളെ
(രണ്ടുപേരും ഒരുമിച്ച്)

ചേട്ടൻ
&മോള് : കഥ.... കഥ പറഞ്ഞുതരുന്നത്. മറന്നോ.

അച്ഛൻ : കഥയോ....?

മോള്&
ചേട്ടൻ : മൊല്ലാക്കയുടെ കഥ. ഇന്നാ പറഞ്ഞു തരാമെന്നു പറഞ്ഞിരുന്നത്.

അച്ഛൻ : ആണോ.....? എങ്കിൽ അങ്ങനെതന്നെ മക്കളേ. കൂട്ടുകാരെ.. ഛെ ഇതെന്താ നിങ്ങൾ വിളി കേൾക്കാത്തത് (ഉച്ചത്തിൽ) മക്കളേ......
[സദസ്യരെക്കൊണ്ട് എന്തോ എന്ന് വിളികേൾപ്പിക്കണം. കൂട്ടത്തിൽ മോളും ചേട്ടനും വിളി കേൾക്കണം]
കൂട്ടുകാരേ.......

ചേട്ടൻ
&മോള് : എന്തോ... (സദസ്യരും വിളികേൾക്കണം)

അച്ഛൻ : മൊല്ലാക്കയുടെ കുതിരയുടെ കഥ കേൾക്കണോ?
['വേണം' എന്നു സദസ്യർ പറയട്ടെ. സദസ്സിൽ ആരെങ്കിലുമിരുന്നു പറഞ്ഞാൽ എല്ലാവരും പറയും.]

അച്ഛൻ : ദാ... എങ്കിൽ കേട്ടോളു. പണ്ട്... പണ്ട്... നടന്നാ കഥയാ... കേട്ടോ...?

മോള് : എവിടെ നടന്ന കഥയാ അച്ഛാ....?

അച്ഛൻ : അറേബ്യയിൽ... അവിടെ ഒരു അപ്പൂപ്പനുണ്ടായിരുന്നു.... ആരാ ഉണ്ടായിരുന്നത്...?

മക്കൾ : അപ്പൂപ്പൻ (സദസ്യരും പറയട്ടെ)
[സ്റ്റേജിൽ നിന്ന് അച്ഛൻ പെട്ടെന്ന് അപ്രത്യക്ഷനാകുന്നു. പെട്ടെന്ന്, അപ്പൂപ്പൻ എന്നു പറയുമ്പോൾത്തന്നെ അപ്പൂപ്പൻ പ്രവേശിക്കുന്നു. അപ്പൂപ്പൻ സദസ്യരെ വണങ്ങുന്നു.
(അച്ഛന്റെ ശബ്ദം)
ദാ അപ്പൂപ്പനെ കണ്ടോ...? അപ്പൂപ്പന് മക്കൾ മൂന്നായിരുന്നു. മിടുമിടുക്കന്മാരായ മൂന്നു ആൺമക്കൾ. ആൺമക്കൾ മൂന്നും രംഗത്ത്‌വന്നു സദസ്യരെ തൊഴുന്നു. അപ്പൂപ്പൻ മക്കളെ മൂന്നുപേരേയും ഒരു വശത്തു നിർത്തി അണച്ചുകൊണ്ട്.]

അപ്പൂപ്പൻ : എനിക്ക് മക്കൾ മൂന്നല്ല. ഏഴുപേർ കൂടിയുണ്ട് ഓമനകളെ..... വരൂ.
(പെട്ടെന്ന് ഏഴു കുതിരകൾ മറുവശത്ത് ഉയർന്നുവന്ന് അപ്പൂപ്പനോട് ചേർന്നുനിന്ന് തലയാട്ടുന്നു. അപ്പൂപ്പൻ മക്കളുടെ നേരെ തിരിഞ്ഞുനിന്നു പറയുന്നു.)
"മക്കളെ ഈ മിണ്ടാപ്രാണികളെ എന്നും സ്നേഹിക്കണം. അവരാ നമ്മുടെ എല്ലാ ഐശ്വര്യത്തിനും കാരണം."
[മക്കൾ തലകുലുക്കുന്നു. പെട്ടെന്ന് അപ്പൂപ്പൻ ചെരിയുന്നു. ക്ഷീണിതനായി]
"എനിക്കുവല്ലാതെ തല കറങ്ങുന്നല്ലോ. നെഞ്ചിനുവല്ലാത്ത വേദന. ഹെ...."

മക്കൾ : അയ്യോ....! അച്ഛനെന്തുപറ്റി (അവർ അപ്പൂപ്പനെ പിടിച്ചു കിടത്തുന്നു. ശുശ്രൂഷിക്കുന്നു.)

ഒരാൾ : അനിയാ ഓടിച്ചെന്നു വെള്ളം കൊണ്ടുവാ.... !
[ഇളയവൻ ഓടിച്ചെന്ന് വെള്ളം കൊണ്ടുവരുന്നു. അച്ഛനെ കുടിപ്പിക്കുന്നു. ശോകസാന്ദ്രമായ പശ്ചാത്തലം.]

അപ്പൂപ്പൻ : (അടുത്തുനില്ക്കുന്ന മക്കളോട് ദു:ഖത്തോടെ) മക്കളേ, ഞാൻ മരിക്കാൻ പോവുകയാണ്. നിങ്ങൾ സ്നേഹത്തോടെ സഹകരിച്ച് ജീവിക്കണം. എന്റെ കബറടക്കം കഴിഞ്ഞാൽ നിങ്ങൾ എന്തുചെയ്യണമെന്ന് ദാ.... ഈ കവറിലുണ്ട് സൂക്ഷിച്ചുവച്ചോളൂ.
[ഒരുവൻ കവർ ഉയർത്തിപ്പിടിക്കുന്നു. ഒരുമകൻ അതുവാങ്ങുന്നു. ശോകസാന്ദ്രമായ നിമിഷങ്ങൾ പെട്ടെന്ന്.]
"അയ്യോ....അയ്യോ....ഞങ്ങളെ വിട്ടുപോയേ....അയ്യോ" എന്നു മക്കൾ കരയുന്നു. കുതിരകളുംകൂടെ കരയുന്നു.

### രംഗം 2

[കബറടക്കഘോഷയാത്ര. മക്കൾ മയ്യത്ത് ചുമന്ന് നീങ്ങുന്നു. പിറകെ കുതിരകളും...ശോകം നി

റഞ്ഞ പശ്ചാത്തല സംഗീതം]

### രംഗം 3

കമന്ററി: [അങ്ങനെ നമ്മുടെ അപ്പൂപ്പൻ മരിച്ചു. മക്കൾ കണ്ണുനീർ വാർത്തു. കുതിരകളും തേങ്ങിക്കരഞ്ഞു. അവ തീറ്റ തിന്നാതെ നിന്നു. കാലമേറെക്കഴിഞ്ഞു. മക്കൾ പിന്നേയും വലുതായി.]

മക്കൾ : (രംഗത്ത് വരുന്നതിനുമുമ്പ്) "ഇനി ഞങ്ങളെന്തു ചെയ്യണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം."
(രംഗത്ത് മക്കൾ മൂന്നുപേരും പ്രത്യക്ഷപ്പെടുന്നു.)

ഒരുമകൻ : നമുക്ക് കവർ തുറന്നുനോക്കാം.

മറ്റൊരുമകൻ : അങ്ങനെതന്നെ....

[ഒരു മകൻ ഓടിപ്പോകുന്നു. കവറുമായി വരുന്നു. തുറക്കുന്നു. കടലാസ് നിവർത്തി വായിക്കുന്നു. ഉച്ചത്തിലാണ് വായന.]

"മക്കളെ നിങ്ങൾ മൂന്നുപേരും മറുനാട്ടിൽ കച്ചവടത്തിനായി പോകണം. നീതിവിട്ടു ജീവിക്കരുത്. കച്ചവടത്തിൽ കള്ളം കാണിക്കരുത്. എന്റെ പുന്നാരമക്കളായ കുതിരകളെ പങ്കവെച്ചെടുക്കണം. പകുതി മൂത്തമകനെടുക്കണം. പിന്നീടുള്ളതിന്റെ പകുതി രണ്ടാമനെടുത്തോളു. ശേഷിക്കുന്നതിന്റെ പകുതി മൂന്നാമനും. മിച്ചം വരുന്നത് എല്ലാവർക്കും കൊടുക്കണം."

(രംഗം നിശ്ശബ്ദം... അല്പം കഴിഞ്ഞ് മൂത്തവൻ ഓടിപ്പോയി കുതിരകളെ കൊണ്ടുവന്നു നിരത്തി നിർത്തി വീതിക്കാൻ നോക്കുന്നു.)

മൂത്തവൻ : അനുജന്മാരെ ഇതൊരു ഗുലുമാലു പ്രശ്നമാണല്ലോ. ഏഴുകുതിരകളുടെ പകുതി എങ്ങനെയാ എടുക്കുക?

രണ്ടാമൻ : "ശരിയാ ഇക്കാ. മൂന്നരക്കുതിരയെ എങ്ങനെ മാറ്റും.

മൂന്നാമൻ : അതിന്റെ പകുതിയോ ഒന്നേമുക്കാൽ"

ഒന്നാമൻ : അതിൽ പകുതി....പകുതി....അള്ളാ..... അതുകണക്കുകൂട്ടാൻപോലും പറ്റുന്നില്ലല്ലോ.

രണ്ടാമൻ : നമുക്കു മൊല്ലാക്കയെത്തന്നെ കാണാം. അദ്ദേഹം ഒരു വഴി കാട്ടിത്തരും തീർച്ച.

മൂന്നാമൻ : ശരിയാ........ മഹാ പണ്ഡിതനല്ലേ നമ്മുടെ മൊല്ലാക്ക....!

[എല്ലാവരും നടന്നു നീങ്ങുന്നു. കുതിരകൾ പുറകെ.]

**-കർട്ടൻ-**

### രംഗം 4

(മൊല്ലാക്ക കുതിരപ്പുറത്തുവരുന്നു.)

മൊല്ലാക്ക: രാവിലെ കുതിരപ്പുറത്തൊന്നു സവാരി ചെയ്താൽ നല്ല സുഖമാ... കുതിരക്കും എനിക്കും നല്ല വ്യായാമം (കുതിരയെ ഓമനിച്ചുകൊണ്ട്) എന്താ മോനെ അകലേക്കു നോക്കി തലയിളക്കുന്നത്. വല്ലവരും വരുന്നുണ്ടോ?

(കുതിര നോക്കുന്ന സ്ഥലത്തേക്കുനോക്കി) "റബ്ബേ.... അകലെനിന്നും ആരോ വരുന്നുണ്ടല്ലോ"....!

[ഒന്നുകൂടി സൂക്ഷിച്ചുനോക്കി.]

ആഹാ ഇത് നമ്മുടെ പ്രിയ മിത്രമായിരുന്ന സുലൈമാന്റെ പുത്രന്മാരും കുതിരകളുമാണല്ലോ.

[കൈ ഉയർത്തി അഭിവാദ്യം ചെയ്യുന്നു.]

"അസലാമു അലൈക്കും."

[മൊല്ലാക്ക കൂട്ടുകാരന്റെ മക്കളെ തലോടുന്നു. കുതിരകളെ ഓമനിക്കുന്നു. തന്റെ കുതിരയുടെ അടുത്ത് ചെന്നു നിന്നിട്ട്.]

മൊല്ലാക്ക : അപ്പോ.... എന്താ വിശേഷായിട്ട്...? (ഒരു മകൻ കവറെടുത്ത് നീട്ടുന്നു. മൊല്ലാക്കവാങ്ങി വായിക്കുന്നു. ഉച്ചത്തിൽ.)

"മക്കളെ നിങ്ങൾ മൂന്നുപേരും മറുനാട്ടിൽ കച്ചവടത്തിനായി പോകണം. നീതിവിട്ടു ജീവിക്കരുത്. കച്ചവടത്തിൽ കള്ളം കാണിക്കരുത്. എന്റെ പുന്നാരമക്കളായ കുതിരകളെ പങ്കുവെച്ചെടുക്കണം. പകുതി മൂത്തമകനെടുക്കണം. പിന്നീടുള്ളതിന്റെ പകുതി രണ്ടാമനെടുത്തോളു ശേഷിക്കുന്നതിന്റെ പകുതി മൂന്നാമനും. മിച്ചം വരുന്നത് എല്ലാവർക്കും കൊടുക്കണം."

[മൊല്ലാക്ക അത്ഭുതപ്പെട്ടുനില്ക്കുന്നു. രംഗത്ത് അങ്ങോട്ടുമിങ്ങോട്ടും നടന്ന് ആലോചിച്ചശേഷം.]

ഏഴിൽ പകുതി മൂന്നര. അതിന്റെ പകുതി ഒന്നേമുക്കാൽ. അതിന്റെ പകുതി... റബ്ബേ... ഈ പുന്നാര കുതിരകളെ അരയും കാലുമരയ്ക്കാലുമാക്കി കാണിക്കാനോ....? സുലൈമാനേ... നീ എന്താ ഉദ്ദേശിച്ചത്. നീ നിന്റെ പ്രിയ സുഹൃത്തിനെ പതിവുപോലെ കബളിപ്പിക്കയാണോ...? (ആലോ

ചിക്കുന്നു.... പൊട്ടിച്ചിരിച്ചിട്ട്.)

പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴല്ലേ പരിഹാരവും തോന്നുക. സുലൈമാനെ... ഞാൻ വഴി കണ്ടുപിടിച്ചു.

[തന്റെ കുതിരയെ ഉമ്മവയ്ക്കുന്നു. അവനെ പിടിച്ചു കൊണ്ടുപോയി ഏഴു കുതിരകളോടൊപ്പം നിർത്തുന്നു. കുതിരകളെ എല്ലാറ്റിനെയുംകൂടി ഒന്നു കറക്കുന്നു.]

മൂത്തവനോട്.

മൊല്ലാക്ക : മൂത്തപുത്രനായ നിനക്ക് എത്ര കുതിരകളെ തരണം.

മൂത്തവൻ : പാതി...

മൊല്ലാക്ക : ശരി. കൃത്യം പകുതി കുതിരകളേയും എണ്ണിയെടുത്തുപോകൂ.

[മൂത്തവൻവന്ന് കുതിരകളെ തൊട്ടു എണ്ണുന്നു.]

"ഒന്ന്, രണ്ട്, മൂന്ന്, നാല്.... ശരി" (നാലിൽ തൊട്ടുനിർത്തി ആ നാലു കുതിരകളേയും കൊണ്ട് നടന്നുവന്നു മൊല്ലാക്കയെ അഭിവാദ്യംചെയ്ത് അനുജന്മാരെ നോക്കി യാത്രപറഞ്ഞ് പോകുന്നു. അനുജന്മാർ തൊഴുന്നു.)

മൊല്ലാക്ക : രണ്ടാമന് എത്ര കുതിരകളെ തരണമെന്നാ സുലൈമാൻ പറഞ്ഞത്...?

രണ്ടാമൻ : "ശേഷിക്കുന്നതിൽ പാതിപ്രഭോ"

മൊല്ലാക്ക : പാതി തന്നെ എടുത്തുകൊണ്ടുപോകൂ മകനെ...

[രണ്ടാമനും മൂത്തവൻ ചെയ്തപോലെ എണ്ണി. രണ്ടു കുതിരകളെകൂട്ടി രംഗം വിടുന്നു.]

മൊല്ലാക്ക : ഏറ്റവും ഇളയവന് എത്രവേണം.

ഇളയവൻ : "ശേഷിക്കുന്നതിന്റെ പാതി പ്രഭോ..."

മൊല്ലാക്ക : എങ്കിലതുതന്നെ.... എടുത്തു പൊയ്ക്കൊള്ളുക.

[ഇളയവനും എണ്ണി. ഒരു കുതിരയുമായി പോകുന്നു. മൊല്ലാക്ക ശേഷിക്കുന്ന തന്റെ കുതിരയെ കെട്ടിപ്പിടിച്ച് ചിരിക്കുന്നു.]

മൊല്ലാക്ക : എല്ലാം മംഗളമായി കലാശിച്ചു. നീ തന്നെയാണിതിനു സഹായിച്ചത് മോനെ.

[കുതിരയെ വീണ്ടുമാശ്ലേഷിക്കുന്നു. അതിന്റെ പുറത്തുകയറി സ്ഥലം വിടുന്നു.

**-കർട്ടൻ-**

**രംഗം 5**

[അച്ഛൻ കഥ പറയുന്ന ആദ്യ രംഗം. മകളും മകനും അടുത്തുണ്ട്]

അച്ഛൻ : അങ്ങനെ മൊല്ലാക്ക ആ കാര്യം നടത്തിക്കൊടുത്തു.

മകൻ : മൊല്ലാക്ക ബഹുമിടുക്കൻതന്നെ ആയിരുന്നു. അല്ലേ അച്ഛാ....

അച്ഛൻ : (സദസ്യരുടെ നേരെ തിരിഞ്ഞ്) ആട്ടെ മൊല്ലാക്കയുടെ കുതിരയുടെ ജോലി എന്തായിരുന്നു.

മകൻ : "കുതിരകളുടെ വീതം വയ്ക്കലിൽ സഹായിക്കുക മാത്രം."

അച്ഛൻ : (സദസ്യരെ നോക്കി) ഇവൻ പറഞ്ഞത് ശരിയാണ് കൂട്ടരെ. വീതം വയ്ക്കൽ എന്ന പ്രവർത്തിക്ക് സഹായിക്കുക മാത്രമായിരുന്നു മൊല്ലാക്കയുടെ കുതിര. സത്യം പറഞ്ഞാൽ നിങ്ങളിൽ പലർക്കും ഇത്തരം മൊല്ലാക്ക കുതിരകളെ പരിചയവുമുണ്ട്. ഇല്ലേ....?

സദസ്യർ, മകൻ, മകൾ : ഇല്ല.

അച്ഛൻ : ഇല്ലേ... (ചിരിക്കുന്നു) ആട്ടേ നിങ്ങൾക്ക് പ്ലാസ്റ്റിക് ചീപ്പില്ലേ, സോപ്പുപെട്ടിയില്ലേ; ചിലർക്ക് കോട്ടണും, പോളിസ്റ്ററും തുണിത്തരങ്ങൾ കാണും, പാർപ്പിട സാധനങ്ങൾ, മരുന്നുകൾ, യന്ത്രസാമഗ്രികൾ, വാർത്താവിനിമയ ഉപകരണങ്ങൾ. ഇങ്ങനെ പുതിയ ലോകത്ത് എന്തെല്ലാം പുത്തൻ ഉല്പന്നങ്ങൾ. അവയൊക്കെ ഉണ്ടാക്കുന്നതോ, പുതിയ വസ്തുക്കൾ കൊണ്ടാണ്. ഈ വസ്തുക്കളുണ്ടാക്കുന്ന ശില്പികളാണ് തന്മാത്രാ ശില്പികൾ.

മകൾ : തന്മാത്രാശില്പികളോ...?

മകൻ : അതെ, രസതന്ത്രജ്ഞന്മാർ.

അച്ഛൻ : അവർ ഇവയൊക്കെ ഉണ്ടാക്കുന്നത് പല പല രാസപ്രവർത്തനങ്ങളിലൂടെയാണ്.

(സദസ്യരെ നോക്കി) എന്തിലൂടെയാണ്.

എല്ലാവരും : രാസപ്രവർത്തനങ്ങളിലൂടെ.

അച്ഛാ : രാസപ്രവർത്തനങ്ങൾ നടത്താൻ വളരെ വിഷമമാണ്. അവ നടന്നിരുന്നത് ചില മൊല്ലാക്ക കുതിരകളുടെ സഹായത്താലാണ്.

മകൻ : ങേ...കുതിരകളുടെ സഹായത്താലോ?

അച്ഛാ : കുതിരകളുടെയല്ല. മൊല്ലാക്ക കുതിരകളുടെ. രാസപ്രവർത്തനങ്ങളെ സഹായിക്കുന്ന മൊല്ലാക്ക കുതിരകളെയാണ് ഉൽപ്രേരകങ്ങൾ. അല്ലെങ്കിൽ കാറ്റലിസ്റ്റുകൾ അല്ലെങ്കിൽ രാസത്വരകങ്ങൾ

എന്നു വിളിക്കുന്നത്.

മകൻ : ഇതാണോ സംഗതി... എനിക്ക് ഇപ്പോഴല്ലേ കാര്യം പിടികിട്ടിയത്. ഞാൻ ക്ലാസിൽ ഉൽപ്രേരകങ്ങൾ എന്താണെന്നു പഠിച്ചിട്ടുണ്ട്.

അച്ഛാ : ഉവ്വോ! (ചിരിക്കുന്നു.) എന്നാലെന്റെ പൊന്നുമോൻ എന്താ പഠിച്ചതെന്ന്, ഇവർക്കെല്ലാം ഒന്നു പറഞ്ഞുകൊടുക്കൂ.... (മകൻ നേരെ നില്ക്കുന്നു. സദസ്യരെ നോക്കുന്നു. കൈ ഉയർത്തി താഴ്ത്തി. എന്തോ വലിയ കാര്യം ചെയ്യാൻ പോകുന്ന ഭാവത്തിൽ ഒറ്റശ്വാസത്തിൽ വെടിപൊട്ടുംപോലെ കാണാപാഠം പഠിച്ചുവച്ചിരുന്നത് ഛർദ്ദിക്കുന്നു.

മകൻ : "ഹൈഡ്രജൻപെറോക്സയിഡിന്റെ വിഘടനം വളരെ മന്ദമായി നടക്കുന്ന ഒരു പ്രവർത്തനമാണെന്നും അല്പം മാംഗനീസ് ഡയോക്സയിഡ് കലർത്തുന്നതു മൂലം രാസപ്രവർത്തനത്തിന്റെ വേഗത അനേകമടങ്ങു വർദ്ധിപ്പക്കാൻ കഴിയും. വേഗത വർദ്ധിപ്പിക്കാൻ ചേർത്ത രാസപദാർത്ഥം മുഴുവനും അത്ര അളവിൽ യാതൊരു രാസമാറ്റവും കൂടാതെതന്നെ രാസപ്രവർത്തനത്തിന്റെ ഒടുവിൽ വീണ്ടെടുക്കാൻ കഴിയും. അത് രാസമാറ്റത്തിന് വിധേയമാകുന്നില്ല. അങ്ങനെയുള്ള പദാർത്ഥങ്ങളെ ഉൽപ്രേരകങ്ങൾ അഥവാ കാറ്റലിസ്റ്റുകൾ എന്നു പറയുന്നു. സ്ഥിരമായ രാസമാറ്റത്തിനു വിധേയമാകാതെ ഒരു രാസപ്രവർത്തനത്തിന്റെ വേഗത വ്യത്യാസപ്പെടുത്തുന്ന പദാർത്ഥമാണ് ഉൽപ്രേരകം.

[അണയ്ക്കുന്നു. തളർന്നു നില്ക്കുന്നു. തലയിൽ കൈവെയ്ക്കുന്നു. അച്ഛനും മകളും ചേട്ടന്റെ പ്രകടനം കണ്ട് പൊട്ടിച്ചിരിക്കുന്നു. അച്ഛൻ അടുത്തുചെന്ന് മകനെ തടവി ആശ്വസിപ്പിക്കുന്നു. മകൾ ചേട്ടനെ വീശുന്നു.]

അച്ഛൻ : നിനക്ക് വെള്ളം കുടിക്കണോ... മകനേ...

മകൾ : ചേട്ടനെന്താ ശ്വാസംവിടാതെ പറഞ്ഞത്. ഒന്നും മനസ്സിലായിട്ടു കൂടിയില്ല.

അച്ഛൻ : (ഹി....ഹി....ചിരിക്കുന്നു) പേടിക്കേണ്ട മകളേ.... അവൻ പരീക്ഷക്കുവേണ്ടി കാണാപ്പാഠം പഠിച്ചുവച്ചിരിക്കുന്നത് അപ്പടി ഛർദ്ദിച്ചതാണ്. കാര്യം ലളിതമാണ്. ഒരു ഗ്ലാസിൽ കുറച്ച് ഹൈഡ്രജൻ പെറോക്സയിഡ് എടുത്തുവച്ചു നോക്കണം. അതു തനിയെ വിഘടിച്ച് ഓക്സിജൻ പുറത്ത് വിടുന്നത് കാണാം. ചെറിയ കുമിളകളായിട്ട്.

മകൾ : ഓ.... എനിക്കറിയാം. ഇന്നാളൊരു ദിവസം എന്റെ കയ്യിലെ മുറിവുകഴുകാൻ അതൊഴിച്ചപ്പോൾ പതവരുന്നത് ഞാൻ കണ്ടതാ.

അച്ഛൻ : അതുതന്നെ. ഹൈഡ്രജൻ പെറോക്സയിഡ് വിഘടിച്ച് വെള്ളവും ഓക്സിജനുമായി മാറുന്ന ഒരു രാസപ്രവർത്തനമാണത്. സാധാരണ ഗതിയിൽ സാവധാനം മാത്രം നടക്കുന്ന ഒരു പ്രവർത്തനം. ഒരു നുള്ളു മാംഗനീസ് ഡൈഓക്സയിഡ് ഇട്ടുകൊടുത്താൽ പ്രവർത്തനം അതിവേഗം നടക്കും. ധാരാളം ഓക്സിജൻ കുമിളകൾ വരുന്നതു കാണാം. പക്ഷേ പ്രവർത്തനം നടന്നു കഴിഞ്ഞാലും നാം ഇട്ടുകൊടുത്ത മാംഗനീസ് ഡൈഓക്സയിഡ് മുഴുവൻ അവിടെ കാണും. അതാണ് മാംഗനീസ് ഡൈ ഓക്സയിഡ് വിഘടനം നടത്താൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

മകൾ : ഇത്രയേ ഉള്ളോ സംഗതി....? പള്ളിക്കൂടത്തിൽ ചേരാൻ പ്രായമാകാത്ത എനിക്കുപോലും എട്ടാം ക്ലാസിലെ ഈ പാഠം മനസ്സിലായല്ലോ. ഹൈഡ്രജൻ പെറോക്സയിഡിൽ നിന്നു് പെട്ടെന്ന് ഓക്സിജനെ പുറത്തുചാടിക്കുന്ന മൊല്ലാക്കക്കുതിരയാണ് മാംഗനീസ് ഡയോക്സയിഡ്. അല്ലേ ചേട്ടാ? (ചിരിക്കുന്നു.)

മകൻ : ശരിയാണ്. ഇക്കാര്യം ഇത്ര രസകരമായി കാണാമെന്ന് ഞാനും ഇപ്പോഴല്ലേ അറിയുന്നത്. രാസപ്രവർത്തനങ്ങളെ സഹായിക്കുന്ന മൊല്ലാക്കക്കുതിരകളാണ് ഉൽപ്രേരകങ്ങൾ. അല്ലേ അച്ഛാ....? മൊല്ലാക്കയുടെ കുതിരയെപ്പോലെ കാര്യം കഴിഞ്ഞാലും അതിന് ഒരു മാറ്റവുമില്ല.

അച്ഛൻ : അതുതന്നെ. നമുക്ക് ഇന്ന് അനേകതരം ഉല്പന്നങ്ങൾ വേണം. അവയെല്ലാമുണ്ടാക്കാൻ എത്രയോതരം രാസപ്രവർത്തനങ്ങൾ നടത്തണം. അതിനായി പുതിയ മൊല്ലാക്കക്കുതിരകളെ കണ്ടെത്തുകയും വേണം.

മകൾ : ഓ.... അപ്പോൾ ശാസ്ത്രജ്ഞന്മാർ അനേകം പുതിയ മൊല്ലാക്കക്കുതിരകളെ കണ്ടുപിടിക്കാൻ പാടുപെടുന്നുണ്ടാകുമല്ലോ.

അച്ഛൻ : അതെ. പുതിയ മരുന്നുകളും പ്ലാസ്റ്റിക്കുകളും ചായങ്ങളുമെല്ലാം ഉണ്ടാക്കിത്തരുന്ന മൊല്ലാക്കക്കുതിരകളെ തേടിയുള്ള ഗവേഷണമാണ് അവരുടെ പ്രധാന ജോലി.

മകൻ : ഹായ്.... ഞാൻ പഠിക്കുന്ന രസതന്ത്രം എത്ര രസകരമാണ്. ഇപ്പോഴല്ലേ അതറിയുന്നത്.

മകൾ : ഞാനും വലുതാകുമ്പോൾ പുതിയ മൊല്ലാക്കക്കുതിരകളെ കണ്ടുപിടിക്കും.

അച്ഛൻ : അദ്ധ്വാനിച്ചു പഠിച്ചാൽ ആർക്കും അവയെ കണ്ടെത്താനാകും.

മകൾ : എന്നിട്ട് ആ മൊല്ലാക്കക്കുതിരകളെ ഉപയോഗിച്ച് നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്കാവശ്യമായ

ഭക്ഷണപദാർത്ഥങ്ങളും, മരുന്നുകളും, പാർപ്പിട സാധനങ്ങളും എല്ലാം ഉണ്ടാക്കും. അപ്പോൾ എല്ലാവരും ചിരിക്കുന്ന ഒരു കാലമുണ്ടാകും.

അച്ഛൻ : ഭേഷ്....! ഇതാണ് സുന്ദരവും ധീരവുമായ സ്വപ്നം. എല്ലാവരും ചിരിക്കുന്ന ലോകം. എല്ലാവർക്കും സുഖമായി ജീവിക്കാൻ കഴിയുന്ന ലോകം. ആ ലോകത്തിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

(പെട്ടന്ന് ഈ നാടകത്തിലെ എല്ലാ കഥാപാത്രങ്ങളും ഒന്നിച്ച് രംഗത്ത് പ്രത്യക്ഷപ്പെടുന്നു. ഒന്നിച്ച് കൈ ഉയർത്തി.)

"ശാസ്ത്രം ജനനന്മയ്ക്ക്
ശാസ്ത്രം ജനനന്മയ്ക്ക്...."

**- കർട്ടൻ -**

# ഭീകരൻ

(രാജുവിനെ അന്വേഷിക്കുകയാണ് അവന്റെ ചേച്ചി)

ചേച്ചി: രാജു.... രാജു..... കളി തുടങ്ങിയാലവൻ ആഹാരം പോലും മറക്കും. രാജു.....രാജു.....

(നാലുവശത്തേക്കും ചെന്നുവിളി തുടരുന്നു... രാജു വരുന്നു.) ദേ....ആഹാരം തണുത്തു തുടങ്ങി.

രാജു : എവിടെ... എവിടെ....

ചേച്ചി: കൈ കഴുകാതെയാണോ ആഹാരം കഴിക്കാൻ പോകുന്നത്? ഇത്രയും നേരം മണ്ണിൽ കളിച്ചതല്ലേ... കണ്ണുകൊണ്ടു കാണാൻ കഴിയാത്ത എന്തെല്ലാം രോഗബീജങ്ങൾ പറ്റിപ്പിടിച്ചിട്ടുണ്ടാകുമെന്നോ. (ചേച്ചി രാജുവിന് വെള്ളമൊഴിച്ചു കൊടുക്കുന്നു. രാജു ഭക്ഷണപദാർത്ഥത്തിന്റെ മുന്നിലിരിക്കുന്നു. പെട്ടെന്ന് ഒരു തവള ദീനാലാപത്തോടെ ഓടിക്കിതച്ച് ആ മുറിയിലെത്തുന്നു.)

തവള : അയ്യോ... അയ്യോ.... രക്ഷിക്കണേ...... രക്ഷിക്കണേ......

രാജു : (തവളയെക്കണ്ട് ഭയന്ന് മാറുന്നു.) ഛീ... പോ തവളേ... വൃത്തികെട്ടത്. ചേച്ചി... ആ ചൂലെടുത്ത് ഇതിനെ അടിച്ചോടിക്കൂ.

ചേച്ചി: ഒരു തവളയെക്കണ്ട് നീയിങ്ങനെ ഭയപ്പെട്ടാലോ രാജു.

തവള : എന്നേ രക്ഷിക്കണം. പിറകെ ഒരുവൻ ചാക്കുമായി വരുന്നു. എന്നേ.....

രാജു : നിന്നോടല്ലേ പോകാൻ പറഞ്ഞത് (ചൂലെടുത്ത് തവളയെ അടിക്കുന്നു. തവള മുറിമുഴക്കെ പരക്കം പായുന്നു. പിറകെ ചൂലുമായ് രാജുവും.)

തവള : അയ്യോ!.... എന്നെ തല്ലല്ലേ...... ഞാൻ നിങ്ങൾക്കൊരു ദ്രോഹവും ഇന്നോളം ചെയ്തോനല്ല. മനുഷ്യൻ ഇത്ര ക്രൂരനാണെന്ന് കരുതിയില്ല.

ചേച്ചി : അതിനെ അടിക്കേണ്ട അത് താനെ പൊയ്ക്കോളും (രാജു അടിനിർത്തുന്നു) പോ തവളേ.

തവള : ഞാൻ അല്പനേരം കഴിഞ്ഞ് പൊയ്ക്കോളാം.

രാജു : ഇപ്പോ പോയാലെന്താ?

തവള : പിറകെ ഒരുവൻ ചാക്കുമായി വരുന്നു.

ചേച്ചി : തവള പിടുത്തക്കാരനായിരിക്കും.

തവള : അതെ. എന്റെ വംശം മുടിച്ചിട്ടേ ഇവരടങ്ങു എന്നാണ് തോന്നുന്നത്. മനുഷ്യർക്കുവേണ്ടി ഞാനെന്തെല്ലാം ഉപകാരങ്ങളാ ചെയ്യുന്നത്?

രാജു : നീയെന്താ ഞങ്ങൾക്കുപകാരം ചെയ്തത്?

തവള : ഞാൻ പറയാം രാത്രിയിൽ നിങ്ങളെ മൂളിപ്പാട്ട് പാടിയുറക്കി നിങ്ങളുടെ രക്തമൂറ്റിക്കുടിക്കുന്ന കൊതുകുകളുടെ ആയുധപ്പടയെ ഞാനും എന്റെ മക്കളും കൂടിയാ തിന്നു തീർക്കുന്നത്. മന്തും മലമ്പനിയും മനുഷ്യന് പകർന്ന് കൊടുത്ത് പാടി രസിക്കുന്നവരാ കൊതുകപ്പന്മാരും അവന്റെ വർഗ്ഗങ്ങളും.

ചേച്ചി : അത് ശരിയാ. ഈ തവളകളില്ലായിരുന്നെങ്കിൽ കൊതുകുശല്യം ഇതിലും എത്രയോ ഇരട്ടിയായേനെ.

രാജു : പക്ഷേ നീയെന്തിന് എന്റെ മുറിയിലേക്കു കയറി വന്നു.

തവള : തവളപിടുത്തക്കാരൻ പോയെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം. (ചേച്ചി വാതിൽക്കൽ ചെന്ന് നോക്കുന്നു. തിരിച്ചുവന്ന്)

ചേച്ചി : തവളപിടുത്തക്കാരൻ പോയി.

രാജു : എന്നാൽ വേഗം സ്ഥലം വിടു.

തവള : വളരെ നന്ദി. ഞാനീ ഉപകാരം ഒരിക്കലും മറക്കില്ല.

രാജു : ഈ വൃത്തികെട്ട നിന്റെ നന്ദി ആർക്കുവേണം? (തവള പോകുന്നു. രാജു ഭക്ഷണത്തിന്റെ മുമ്പിൽ വന്നിരിക്കുന്നു.)

ചേച്ചി : ചൂലു പിടിച്ചതല്ലേ. കൈകഴുകിയിട്ട് ഭക്ഷണം കഴിക്കൂ. (രാജു കൈകഴുകി വന്ന് ഭക്ഷണം കഴിക്കാനിരിക്കുന്നു. പെട്ടെന്ന് തവള കരഞ്ഞുകൊണ്ട് ഓടിക്കിതച്ചു വരുന്നു.)

തവള : അയ്യോ!..... എന്നെ കൊല്ലാൻ വരുന്നേ..... രക്ഷിക്കണേ. .... രക്ഷിക്കണേ (പിന്നാലെ ഒരു പാമ്പ്. പാമ്പിനെ കണ്ടപ്പോൾ രാജുവും ചേച്ചിയും ഭയന്നു മാറുന്നു. തവള രക്ഷപ്പെടാനും പാമ്പ് അതിനെ പിടിക്കാനും ശ്രമം നടത്തുന്നു.)

രാജു : ചേച്ചി ആ വടിയിങ്ങെടുക്ക് ഈ പാമ്പിനെ ഉടൻ വക വരുത്തണം.

പാമ്പ് : എന്നേ ഒന്നും ചെയ്യരുതേ...ഞാനൊരു പാവമാണ്. വിശന്ന് ചാകാറായപ്പോഴാണ് ഇവനെ കണ്ടത്.

ചേച്ചി : നീ മനുഷ്യരെ കടിച്ചു കൊല്ലുന്നവനാണ്.

പാമ്പ് : അയ്യോ അത് ഞാനല്ല. ഞാനൊരു പാവം ചേര. ഞാൻ മനുഷ്യർക്ക് എന്തെല്ലാം ഉപകാരങ്ങൾ ചെയ്യുന്നുണ്ടെന്നറിയാമോ.

രാജു : നീ മനുഷ്യർക്ക് എന്തു ഉപകാരമാണ് ചെയ്യുന്നത്.

പാമ്പ് : നിങ്ങളുടെ പുസ്തകവും തുണിയും കടിച്ചുമുറിച്ചിടുന്ന മൂഷിക വർഗ്ഗമില്ലേ. ധാന്യങ്ങളും കരിക്കിൻകുലകളും തിന്നു നശിപ്പിക്കുന്ന എലികളില്ലേ ആ ദ്രോഹികളെ തിന്നു നശിപ്പിക്കുന്നവനാണ് ഞാൻ.

തവള : എങ്കിലെന്തിനീ പാവം തവളയുടെ പിറകെ ഓടുന്നു.

പാമ്പ് : എലികളൊക്കെ തീരാറായി. ഉള്ളവതന്നെ എന്റെ കണ്ണുംമുമ്പിൽ നില്ക്കാറില്ല.

ചേച്ചി : ശരിയാ..... ചേരയെ കർഷകന്റെ ബന്ധുവാണെന്ന് പറയാറുള്ളത് ഞാനോർക്കുന്നു.

രാജു : ചേര ചുറ്റിയ മനുഷ്യൻ ക്ഷയിച്ച് പുഴുത്തു മരിക്കുമെന്നാ.......

പാമ്പ് : അതുവെറും അന്ധവിശ്വാസമാ മനുഷ്യരെന്നു കേട്ടാൽത്തന്നെ എനിക്ക് ഭയമാ....

രാജു : വേഗം സ്ഥലം വിടുന്നതാ നിനക്ക് നല്ലത്.

പാമ്പ് : ദയവുചെയ്ത് എന്റെ ഇരയേത്തരൂ......

ചേച്ചി : ഇല്ല. തവള അഭയം തേടി നമ്മുടെ അരികിൽ വന്നതാണ്. അഭയം തേടിയ പ്രാവിനെ പരുന്തിൽ നിന്നും രക്ഷിച്ച ശിബിയുടെ നാടാണിത്. തവളയെ വിട്ടുതരാൻ സാദ്ധ്യമല്ല.

പാമ്പ് : എടാ മൂക്കൻ തവളേ.., ഇവരു പറഞ്ഞതുകൊണ്ട് ഇന്നു നീ രക്ഷപ്പെട്ടു. വേറെ വല്ല ഇരയും കിട്ടിയില്ലെങ്കിൽ നാളെ ഞാൻ നിന്റെ കണ്ടുകുളത്തിലേക്ക് വരുന്നുണ്ട്. (പോകുന്നു. പാമ്പുപോകുന്നത് വാതുക്കൽ ചെന്ന് ചേച്ചിയും രാജുവും നോക്കുന്നു. തിരിച്ചുവരുന്നു.)

രാജു : എടാ പോക്കാച്ചിത്തവളേ നനഞ്ഞൊലിക്കുന്ന നീയൊന്നു പോയാട്ടെ. വൃത്തികെട്ടത്.

തവള : ഈ ഉപകാരം ഞാനൊരിക്കലും മറക്കില്ല.

രാജു : തുറുകണ്ണനായ നിനക്ക് ഉപകാരസ്മരണ ഉണ്ടായാലെന്ത്? ഇല്ലെങ്കിലെന്ത്? (തവള പോകാൻ തുടങ്ങുന്നു. ഒരു മൂളക്കം കേട്ടുതുടങ്ങുന്നു. തവള ചുറ്റും നോക്കുന്നു.)

തവള : കൊലയാളിയുടെ ശബ്ദമാണിത്.

ചേച്ചി: കൊലയാളിയോ......?

തവള : ഞങ്ങടെ കൊലയാളിയല്ല, നിങ്ങടെ, അതായത് മനുഷ്യരുടെ കൊലയാളി.

രാജു : മനുഷ്യരുടെ കൊലയാളിയോ. ആരാണത് സിംഹമായിരിക്കും.

ചേച്ചി: അല്ലേ...? പുലിയോ, കടുവയോ, കരടിയോ ആണോ?

തവള : അവരെക്കാളും ഭീകരനാണിവൻ. ( ഒരീച്ച പറന്നു വന്ന് രാജുവിന്റെ മുന്നിലിരിക്കുന്നു.)

തവള : അവനെ സൂക്ഷിക്കുക.

രാജു : ഇവനാണോ നീ പറഞ്ഞ ഭീകരൻ.

ചേച്ചി: (അടുത്ത് ചെന്നു സൂക്ഷിച്ചു നോക്കി) ഇത് ഒരു സാധാരണ ഈച്ചയല്ലേ.

രാജു : പോക്കാച്ചിത്തവളേ, നിന്നേക്കാൾ സുന്ദരൻ ഇവനല്ലേ. പളുങ്കുചിറകുകൾ, കണ്ണടക്കണ്ണുകൾ വരയൻ ബനിയൻ, ചെമ്പുകമ്പി പോലുള്ള നേർത്ത കാലുകൾ, ഇവൻ ഇവിടുത്തെ നിത്യസന്ദർശകനല്ലേ.

ചേച്ചി : നിന്റെ ആയിരത്തിലൊന്നു പോലും വലുപ്പം ഇവനില്ല എന്നിട്ടാണ് ഇവൻ ഭീകരനാണെന്ന് നീ പറഞ്ഞത്.
(ഈച്ച പറന്ന് രാജുവിന്റെ തലയിൽ കയറി ഇരിക്കുന്നു.)

ഈച്ച : എടാ പോത്തൻ തവളേ, നീ ചെന്ന് വല്ല പൊട്ടക്കിണറ്റിലോ കുണ്ടുകുളത്തിലോ ചെന്നിരി. നിനക്കിവിടെ എന്ത് കാര്യം. ഇത് വീടാ. മനുഷ്യരും എന്നേപ്പോലുള്ള മഹാത്മാക്കളും പെരുമാറുന്ന

സ്ഥലം വൃത്തികേടാക്കാതെ കടന്നുപോ....... (ഈച്ച മറ്റൊരു സ്ഥലത്ത് ചെന്നിരിക്കുന്നു.)

തവള : നിങ്ങളിവന്റെ ചക്കരവാക്കിൽ മയങ്ങരുത്.

ഈച്ച : എടാ. ഞാനാരാണെന്നറിയാമോ. രാജാവിന്റെ സിംഹാസനത്തിലും രാജ്ഞിയുടെ മടിയിലും, രാജകുമാരിയുടെ കവിളത്തും എനിക്ക് സ്ഥാനമുണ്ട്. രാജഭടന്മാരുടെ നെഞ്ചത്തിരുന്ന് ഞാൻ ഗാനാലാപം നടത്താറുണ്ട്.

തവള : അവരുടെ മുറിവുകൾ പഴുപ്പിച്ച് അവരെ കൊല്ലാറുണ്ടെന്നുപറ.

ഈച്ച : മനുഷ്യരുടെ സന്തത സഹചാരിയായി അവരുടെ എല്ലാ സുഖദു:ഖങ്ങളിലും പങ്കെടുക്കാറുണ്ട് ഞാൻ.

തവള : സുഖമല്ല. മനുഷ്യരുടെ ദു:ഖം കണ്ടു സന്തോഷിക്കുന്നവനാണ് നീ. ചെകത്താന്റെ മനസ്സുള്ളവൻ. (പുറത്ത് ഒരു ശവഘോഷയാത്രയുടെ ശബ്ദം. എന്തെന്നറിയാൻ രാജുവും ചേച്ചിയും വാതിൽക്കൽ ചെന്നു നോക്കുന്നു.)

ചേച്ചി : ആരുടേയോ ശവമാണല്ലോ. ആരാണ് മരിച്ചത്.

രാജു : അതാ ആ മാതു മുത്തശ്ശിയോടു ചോദിച്ചു നോക്കാം.

ചേച്ചി : ഹേയ്... മാതു മുത്തശ്ശീ..... മാതു മുത്തശ്ശീ........ ഒന്നിങ്ങു വന്നേ (മാതു മുത്തശ്ശി വരുന്നു.)

മുത്തശ്ശി : എന്താ മക്കളെ വിളിച്ചത്.

ചേച്ചി : ആരാ മുത്തശ്ശീ മരിച്ചത്?

മുത്തശ്ശി : അതാ മാധവനാ....

രാജു : ബാബുവിന്റേയും ഷീലയുടേയും അച്ഛനോ?

മുത്തശ്ശി : അതെ. ഇന്നലെ വരെ ഒരു രോഗവുമില്ലായിരുന്നു. മൂന്നു തവണ ഛർദ്ദിച്ചു. രണ്ടു തവണ വയറ്റീന്നു പോയി... തീർന്നു കഥ മക്കളെ. കോളറയായിരുന്നു. അങ്ങോട്ടൊന്നും എന്റെ മക്കള് പോയേക്കരുത്. പകർച്ച ദീനമാ. പണ്ടെന്റെ അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. കോളറ പിടിച്ച് ഈ നാട്ടിലെ ആളുകളൊന്നൊന്നായി മരിച്ചു വീണ കഥ, എന്റെ അച്ഛൻ മാത്രമാ ഒരു വീട്ടിൽ ബാക്കിയായത് ങാ....... ഞാൻ പോട്ടെ മക്കളെ.
(പോകുന്നു.)

ചേച്ചി : മാധവൻ നല്ല പണിക്കാരനാണെന്ന് അച്ഛൻ പറയാറുണ്ട്.

രാജു : ബാബുവിനും ഷീലയ്ക്കും അച്ഛനില്ലാതായി. (ഈച്ചയുടെ പൊട്ടിച്ചിരി)

തവള : അവർക്കച്ഛനില്ലാതാക്കിയത് ഇവനാ ഈ കണ്ണടക്കാരൻ ഈച്ച.

രാജു : മാധവന്റെ മരണവും ഈച്ചയും തമ്മിലെന്തു ബന്ധം?

തവള : കോളറ, ക്ഷയം, വസൂരി എന്നുവേണ്ട മാരകമായ എത്രയെത്ര പകർച്ച വ്യാധികളാണിവൻ പരത്തുന്നത്. (ഈച്ച കൊഞ്ഞനം കുത്തുന്നു.) കേട്ടില്ലേ ഉള്ളതു പറഞ്ഞപ്പോ കൊഞ്ഞനം കുത്ത്. ചെറിയ മുറിവിൽ കയറിയിരുന്ന് ഇവനത് പഴുപ്പിക്കും. എന്നിട്ടവിടുത്തെ ചലവും ചോരയും കുടിക്കും.

ഈച്ച : പോടാ പോത്തൻ തവളേ എനിക്കു വിശക്കുന്നു. (രാജുവിന്റെ ആഹാരത്തിൽ ചെന്നിരിക്കുന്നു.)

തവള : ദേ..... ആഹാരം നിങ്ങൾ കഴിക്കരുതേ. നിങ്ങളെ കൊല്ലാനുള്ളപണി ഇവനതിൽ ചെയ്തു വച്ചിട്ടുണ്ട്.

ചേച്ചി : ഇവനെന്താണ് ചെയ്തത്?

തവള : സൂക്ഷ്മദർശിനിയിലൂടെ നോക്കിയാൽ നിങ്ങൾക്കു തന്നെ കാണാം.

രാജു : ഞാൻ കൊണ്ടുവരാം. (പോകുന്നു.)

തവള : ഇവന്റെ ആറുകാലിലും ആറുതരം രോഗബീജങ്ങളാണ്. പുറമേ കാണാൻ ചേലുള്ള ഇവന്റെ മനസ്സുനിറയെ മാലിന്യമാ. ഉള്ളംകയ്യിൽ അഴുക്കും.

രാജു : (ഒരു സൂക്ഷ്മദർശിനിയുമായി വരുന്നു.) ഇതാ സൂക്ഷ്മദർശിനി.

തവള : ഈച്ച വന്നിരുന്ന ഭാഗത്തെ ആഹാരമെടുത്ത് അതിലൂടെ നോക്കൂ. (രാജു അതുപോലെ ചെയ്യുന്നു.) ഒരു കാൽ തൊട്ട സ്ഥലത്ത് ക്ഷയരോഗിയുടെ കഫത്തിൽ നിന്നൊരംശമില്ലെ.

രാജു : ശരിയാണ് ചേച്ചി. നിറയെ രോഗാണുക്കളാണ്.

തവള : മറ്റെ കാലു പതിഞ്ഞ സ്ഥലത്ത് ചീഞ്ഞുനാറിയ ഓടയിലെ ജലം. പിന്നെ കോളറ രോഗിയുടെ ഛർദ്ദി, പഴുത്തളിഞ്ഞ വൃണത്തിലെ ചലം, ചത്തുമലച്ച ഭ്രാന്തൻ നായുടെ ചോരക്കറ. വസൂരി രോഗിയുടെ കാഷ്ടം. (രാജു പെട്ടെന്ന് ഓടിച്ചെന്ന് ഛർദ്ദിക്കുന്നു.) ചേച്ചി വേവലാതിയോടെ രാജുവിനടുത്ത് ചെന്ന് പുറം തലോടുന്നു.)

ചേച്ചി : രാജു നിനക്കെന്തുപറ്റി.

രാജു : തവള പറഞ്ഞത് മുഴുക്കെ ശരിയാ ചേച്ചി. എല്ലാം കണ്ടപ്പോൾ എനിക്ക് ഓക്കാനം വന്നതാ......

ചേച്ചി : ഇവനിത്രമാത്രം വൃത്തികെട്ടവനാണെന്ന് ഞങ്ങളറിഞ്ഞതേയില്ല. (ഇതെല്ലാം കേട്ട് ഈച്ച പൊട്ടിച്ചിരിക്കുകയാണ്.)

രാജു : ഇവനെ വച്ചേക്കരുത്. (ഒരു വടിയെടുത്ത് ഈച്ചയുടെ നേർക്കടുക്കുന്നു.) വഞ്ചകാ നിന്നെ തല്ലിക്കൊന്നിട്ട് ബാക്കി കാര്യം. (ഈച്ച പറന്ന് ചേച്ചിയുടെ തലയിലിരിക്കുന്നു. രാജു ഈച്ചയുടെ നേർക്ക് ഒരടി. കൊണ്ടത് ചേച്ചിയുടെ തലയിലായതിനാൽ വേദനകൊണ്ട് ചേച്ചി കരയുന്നു. ഈച്ച പറന്ന് ഭക്ഷണ പദാർത്ഥത്തിലിരിക്കുന്നു. രാജു വീണ്ടുമടിക്കുന്നു. ഭക്ഷണപാത്രം തകരുന്നു. ഈച്ച വീണ്ടും ചിരിക്കുന്നു.

ചേച്ചി : നിർത്തടാ നിന്റെ കൊലച്ചിരി.

രാജു : ചേച്ചീ ആ ചൂലിങ്ങെടുക്ക്. ഞാനിവനെ.......

തവള : ഇവറ്റകളെ ഇങ്ങനെ അടിച്ചുകൊന്ന് തീർക്കാനാവില്ല. ഒരു പേറിൽ 20,000 മുട്ടകളാ ഇവരുടെ പെണ്ണങ്ങളുടെ കണക്ക്.

രാജു : പിന്നെന്താണൊരു മാർഗ്ഗം. കീടനാശിനി തളിച്ചാലോ.....?

തവള : രക്ഷയില്ല. മറ്റു ജീവികൾ മരിക്കുമെന്നല്ലാതെ ഇവർക്കൊരു കോട്ടവും വരില്ല. ചീഞ്ഞളിയുന്ന വെള്ളത്തിനുള്ളിലല്ലേ പേറും പെരുപ്പും.

ചേച്ചി : ഇവറ്റയിൽ നിന്ന് രക്ഷനേടാനൊരു മാർഗ്ഗവുമില്ലേന്നോ.

തവള : മാലിന്യം കുഴിച്ചു മൂടണം. ഭക്ഷണമെല്ലാം അടച്ചുവയ്ക്കണം. ശുചിത്വമാണിവന് വെറുപ്പ്. (പെട്ടെന്ന് തവള ഒറ്റച്ചാട്ടത്തിന് ഈച്ചയേ വായിലാക്കുന്നു.)

രാജു : ഞാനിത്രയും നേരം ശ്രമിച്ചിട്ടും സാധിക്കാത്തത് തവളയ്ക്ക് നിഷ്പ്രയാസം സാധിച്ചു.

തവള : ഞങ്ങളുടെ കൂട്ടരുടെ നാവിന്റെ പ്രത്യേകതയാണിത്.

ചേച്ചി : ഇത്രയും കാര്യങ്ങൾ നീ എങ്ങനെ പഠിച്ചു തവളേ...?

തവള : ഞാൻ താമസിക്കുന്ന കുണ്ടുകുളത്തിനരികത്തൊരു വീടുണ്ട്. അവിടുത്തെ കുട്ടികൾ യുറീക്കയും, ശാസ്ത്രകേരളവും വായിക്കുന്നത് കേട്ട് പഠിച്ചതാ.

ചേച്ചി : രാജു... നമുക്കും അതിന്റെ വരിക്കാരാകാം.

രാജു : വാ. ഇപ്പോൾത്തന്നെ നമുക്ക് അച്ഛനോടുപറയാം (പോകുന്നു.)

തവള : യുറീക്കയും ശാസ്ത്രകേരളവും വായിക്കാത്തതു കൊണ്ടല്ലേ രാജുവും ചേച്ചിയും അറിയേണ്ടവ വിശദമായി അറിയാത്തത്. ഇനിയെങ്കിലും അവർ വായിച്ചു പഠിക്കട്ടെ.

"ലോകസമസ്തോ സുഖിനോ ഭവന്തു."

## ആരെ രാജാവാക്കണം

രംഗം ഒന്ന്.

(കാടിന്റെ പശ്ചാത്തലം...... ഒരു നിമിഷത്തെ നിശ്ശബ്ദത....... പിന്നെ മൃഗങ്ങളുടെ കൂട്ടക്കരച്ചിൽ. വിവിധ തരം ശബ്ദങ്ങൾ ഒന്നിച്ചുയർന്ന് താഴ്ന്ന് അവസാനിക്കുന്നു. അപ്പോൾ പിന്നിൽ നിന്നും "കാട്ടിലെ രാജാവ് മരിച്ചു... കാട്ടിലെ രാജാവ് മരിച്ചു...അയ്യോ...! ഇനി നാമെങ്ങനെ ജീവിക്കും. നമക്കൊരു രാജാവില്ലാതെ നാമെങ്ങനെ കഴിഞ്ഞുകൂടും...." രംഗത്തേക്ക് ഒരു മരത്തവള ചാടിച്ചാടി വരുന്നു.)

മരത്തവള : "മരിച്ച രാജാവ് നല്ലവനായിരുന്നു. ഇനി നമ്മൾ എന്തു ചെയ്യും."

(മരക്കൊമ്പിലിരുന്ന് തത്ത ഏറ്റു പറയുന്നു.)

തത്ത : "ശരിയാ, ശരിയാ, രാജാവില്ലാതെ കാര്യമൊന്നും നേരെനടക്കില്ല." പെട്ടെന്ന് ഒരു പുലി പ്രത്യക്ഷപ്പെടുന്നു. അലറുന്നു. എന്നിട്ട്)

പുലി : "ഞാനാണ് കാട്ടിലെ ഏറ്റവും ധീരനായ മൃഗം. നോക്ക് എന്റെ ഉടുപ്പ് തന്നെ എത്ര മനോഹരം. ഞാൻ തന്നെ രാജാവാകാം."

(ഉടൻ കരടി ചാടി വരുന്നു.)

കരടി : "ഇല്ലില്ല. ഒരു പുലിയും കരടിയോളം ധീരനല്ല. ഞാൻ കയറുന്ന മരത്തിലെല്ലാം നിനക്ക് കയറാൻ കഴിയുമോ?"

(കുതിര വരുന്ന കുളമ്പടി ശബ്ദം. കുതിര പ്രത്യക്ഷപ്പെടുന്നു.)

കുതിര : മരം കേറികളെ രാജാവാക്കാനോ! ഹി...ഹി....ഹി.. നോക്ക്, എന്നെ നോക്ക് എന്തൊരു ഗാംഭീര്യം, എന്തൊരു സൗന്ദര്യം. വീരരായ മനുഷ്യപ്പടയാളികൾ എന്റെമേൽ കയറിയാണ് യുദ്ധത്തിനു പോകുന്നത്.

(മാൻ തല ഉയർത്തി എല്ലാവരേയും തൊഴുന്നു. എന്നിട്ട്)

മാൻ : സുഹൃത്തുക്കളേ, യുദ്ധം ഒരു വിഡ്ഢിത്തമാണ്. മനുഷ്യരുടെ മഹാഭാരത കഥ ഞാൻ കേട്ടിട്ടുണ്ട്. ആ മഹാഭാരത യുദ്ധത്തിലും അവസാനം ആരും ജയച്ചില്ല. നമുക്ക് സമാധാനം മതി. ഞാനാണെങ്കിൽ, ശാന്തിയുടെയും, സമാധാനത്തിന്റെയും സന്ദേശവാഹകനാണ്. ഞാൻ തന്നെ മതി രാജാവ്.

(കുറുക്കൻ തല ഉയർത്തി ചിരിക്കുന്നു.)

കുറുക്കൻ : ഹി...ഹി...ഹി... വെറും പുല്ലുതീനിയെ രാജാവാക്കാനോ. സിംഹത്തിന്റെ നിഴൽ കണ്ടാൽ ഓടുന്നവൻ രാജാവാകേണ്ട. ഞാനാണെങ്കിൽ അതിബുദ്ധിമാനാണെന്ന്. ഈസോപ്പുകഥകളും പഞ്ചതന്ത്രകഥകളും വായിച്ചാൽ നിങ്ങൾക്കറിയാൻ കഴിയും.

(കഴുത രംഗത്ത് വന്ന് പാടുന്നു. കഴുതരാഗം. മറ്റു മൃഗങ്ങൾ പരിഹസിച്ചു ചിരിക്കുന്നു. കഴുത അതു ശ്രദ്ധിക്കാതെ തന്റെ അറിവുകൾ അവർക്കു മുമ്പിൽ വിളമ്പുന്നു.)

കഴുത : "പുല്ലുതീനിയെന്ന് ആരേയും പരിഹസിക്കേണ്ട. പുല്ലുണ്ടെങ്കിലേ മാനും, പശുവും, ഞാനും കാണൂ. എങ്കിലേ സിഹംങ്ങൾക്കും പുലികൾക്കും ആഹാരം കിട്ടൂ. പുല്ലുകൾ തന്നെ എത്ര തരം. മുളയും, ഈറയും, ഗോതമ്പും, നെല്ലുമെല്ലാം പുല്ലാണ്".

(മുയൽ ചാടി വന്ന് ഇടയ്ക്കു കയറി പറയുന്നു.)

മുയൽ : കഴുതച്ചേട്ടനും നമുക്കും പുല്ലുതന്നെ സുഹൃത്തുക്കളെ ആഹാരം. ഞാനാണെങ്കിൽ പ്രസിദ്ധനായ ഓട്ടക്കാരനുമാണ്. ആമ എന്നെ തോല്പിച്ച കഥ വെറും കള്ളമാണ്. രാജാവാകാൻ ഞാൻ സർവ്വത്ര....

(കുരങ്ങുകൾ പ്രത്യക്ഷപ്പെട്ടു തടഞ്ഞുകൊണ്ട്.)

കുരങ്ങൻ : ഉണ്ണി മുയലേ നിർത്ത്. രാജാവാകാൻ നീ ഒട്ടും പറ്റില്ല. ഞാനാണെങ്കിൽ പരമയോഗ്യൻ. മനുഷ്യനുമായി എത്ര ഇടപഴകുന്നവനാണ് ഞാൻ. കുരങ്ങിൽ നിന്നുമാണ് മനുഷ്യനുണ്ടായതെന്നു കേട്ടിട്ടില്ലേ?

(കാക്ക പറന്നുവന്ന്)

കാക്ക : കുരങ്ങമ്മാവാ... അതു തെറ്റാ. ഡാർവിൻ അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. അതോർത്ത് ഞെളിയേണ്ട. ഞങ്ങളുടെ വർഗ്ഗമാണെങ്കിൽ മനുഷ്യവർഗ്ഗംപോലെ തന്നെ ലോകമെങ്ങും പെരുകി നിറഞ്ഞിട്ടുണ്ട്. ബുദ്ധിമാന്മാരായ മനുഷ്യരെവരെ പറ്റിക്കുന്ന കൗശലക്കാരാ, ഞങ്ങൾ. അതിനാൽ.... മനുഷ്യരുടെ കൂടി രാജാവാകാൻ യോഗ്യനായ എന്നെ (ഒരു കയ്യ് ഉയർത്തി നെഞ്ചിൽ തൊട്ട്) ശ്രീമാൻ കാകനെ രാജാവാക്കണമെന്ന് നമുക്ക് ഐക്യകണ്ഠേന തീരുമാനിക്കാം. കാ...കാ...കാ...

(കഴുതപ്പുലി പ്രത്യക്ഷപ്പെട്ട്)

കഴുതപ്പുലി : മനുഷ്യരെവരെ പറ്റിക്കുന്ന കള്ളനെ രാജാവാക്കാൻ കൊള്ളില്ല. ഞാനാണെങ്കിൽ മനുഷ്യരെപ്പോലെ ചിരിക്കും (ചിരിക്കുന്നു)

(തത്ത പറന്നുവന്നു)

തത്ത : വെറുതെ കളിച്ചാലെന്താ? കാര്യം സംസാരിക്കണം. അതിനു ഭാഷ അറിയണം. ഭാഷയുടെ വളർച്ചയാണ്, മനുഷ്യസംസ്കാരത്തിന്റെ വളർച്ചയാണ്, മനുഷ്യസംസ്കാരത്തിന്റെ വളർച്ചയെന്നു കേട്ടിട്ടില്ലേ. ഞാനാണെങ്കിൽ മനുഷ്യരെപ്പോലെ വർത്തമാനം പറയും. കേട്ടോളൂ.... തത്തമ്മേ പൂച്ച പൂച്ച... തത്തമ്മേ പൂച്ച പൂച്ച...

(പൂച്ച തലയൂയർത്തി)

പൂച്ച : മ്യാവൂ, മ്യാവൂ.... തത്തമ്മേ പൂച്ച പൂച്ച എന്നു പറയുന്നതിൽ എന്തു കാര്യം? അതിന്റെ അർത്ഥമറിയാതെ വെറുതെ കാണാപ്പാഠം പഠിച്ചു പറഞ്ഞിട്ട് ബുദ്ധി ഉണ്ടെന്നു നടിക്കുന്നത് വങ്കത്തമാണ്. ഞാനാണെങ്കിൽ എന്തഭിമാനി. മനുഷ്യരുടെ മടിയിലിരുന്നാലും പട്ടിയെപ്പോലെ അടിമത്തം കാണിക്കില്ല. പുലിയുടെ അളിയനുമാണ്.

(പെട്ടെന്ന് ആനയുടെ അലറൽ. ആന രംഗത്ത് വന്ന് തുമ്പിക്കൈ ഉയർത്തി വീണ്ടും ചിന്നം വിളിക്കുന്നു. എന്നിട്ട്)

ആന : കാട്ടിലെ ഏറ്റവും വലിയ പൗരനാണ് ഞാൻ. ആരുണ്ടെന്നെ എതിർക്കാൻ. കാടുകുലുങ്ങുന്ന വിധം അലറാൻ ആർക്ക് കഴിയും. ഞാനാണ് രാജാവ്. എതിർക്കുന്നുണ്ടോ?

(എല്ലാവരും പേടിച്ച് തൊഴുതു നിൽക്കുന്നു. എല്ലാവരും കൂടിച്ചേർന്ന്)

എല്ലാവരും : എതിരില്ലയജമാനേ... ഞങ്ങൾക്ക് ഒരു രാജാവു വേണം. അങ്ങുതന്നെ രാജാവ്.

(രംഗത്ത് നിന്ന് ജന്തുക്കൾ മറയുന്നു. ഉടൻ പ്രൊഫസർ ചിമ്പാൻസി പ്രത്യക്ഷപ്പെടുന്നു. പറയുന്നു)

ചിമ്പാൻസി : ഈ കഥ ശരിയല്ല കൂട്ടരെ... ഇങ്ങനെ ആന രാജാവായതായി ഏഴാം ക്ലാസ്സിലെ ഇംഗ്ലീഷ് പുസ്തകത്തിലുണ്ടെന്നു മാത്രം. മാർക്കു കിട്ടാൻ അതു പഠിച്ചോളൂ. പക്ഷേ, അതല്ല യഥാർത്ഥ

കഥ. ആനയെ അവർ രാജാവാക്കാൻ തുടങ്ങിയപ്പോൾ ഞാനവിടെ എത്തി.

(വീണ്ടും പഴയ രംഗം. ചിമ്പാൻസി വരുന്നതു കണ്ട് കാക്ക പറയുന്നു.)

കാക്ക : "ദാ... പ്രൊഫസർ ചിമ്പാൻസി വരുന്നു. അദ്ദേഹം എല്ലാം പഠിച്ച് കാര്യങ്ങൾ പറയുന്ന വിദഗ്ദ നാണ്".

(എല്ലാ മൃഗങ്ങളും നോക്കുന്നു. ചിമ്പാൻസിയെ അഭിവാദ്യം ചെയ്യുന്നു. ചിമ്പാൻസി എല്ലാവരേ രയും തൊഴുതിട്ട്)

ചിമ്പാൻസി : "സുഹൃത്തുക്കളെ നിങ്ങൾ കാര്യങ്ങളൊക്കെ ശാസ്ത്രീയമായി കാണണം. യുക്തിയുക്തം പരിശോധിച്ചു പഠിക്കണം. നിഗമനങ്ങളിലെത്തണം. ഈ സ്വഭാവത്തിനാണ് ശാസ്ത്രീയവീക്ഷണം എന്നുപറയുന്നത്".

മറ്റു ജന്തുക്കൾ : "ശാസ്ത്രീയവീക്ഷണം. ശാസ്ത്രീയവീക്ഷണം. അതെ അതനുസരിച്ച് ഞങ്ങളിലാരാ രാജാവാകേണ്ടത്"....?

ചിമ്പാൻസി : ആരും രാജാവാകില്ല.

മൃഗങ്ങൾ : ങേ......

കഴുത : പിന്നെ പ്രൊഫസർക്കാകണമായിരിക്കും. (പരിഹസിച്ചു ചിരിക്കുന്നു.)

ചിമ്പാൻസി : ഇല്ലില്ല. ചിരിക്കാതെ നിന്നു കേൾക്കു കഴുതച്ചേട്ടാ. " ആർക്കും ആലോചിച്ചാൽ പിടികിട്ടും കാട് ഒരു ആവാസവ്യവസ്ഥയാണ്. അവിടെയുള്ള മണ്ണും, പാറയും, പുല്ലും, പുഴുവും, മര വും, പാവയും എല്ലാം തമ്മിൽ ബന്ധപ്പെട്ട കിടക്കുന്നു. പുല്ലുണ്ടായാലേ മാനിന്നു തീറ്റ കിട്ടൂ. മാൻ വളർന്നാലേ സിംഹത്തിനു വയറു നിറയൂ. ഇങ്ങനെ ഓരോന്നിനും അതിന്റേതായ സ്ഥാനമുണ്ട്. ഒരു വലിയ വലയിലെ കണ്ണികൾക്കോരാന്നിനും അതിന്റേ തായ സ്ഥാനമുള്ളതുപോലെ പുലിയും പുല്ലും മാനും ഞാനും കാക്കയും എല്ലാം ഓരോ കണ്ണിമാത്രം. ഒന്നു മറ്റൊന്നിനേക്കാൾ വലുതല്ല; കേമമല്ല. എല്ലാം പരസ്പരം ബന്ധ പ്പെട്ടു കിടക്കുന്നു. ഒന്നു നശിച്ചാൽ മറ്റേതും നശിക്കും....

പുലി : അപ്പോൾ രാജാവ്....?

ചിമ്പാൻസി : എല്ലാവരും രാജാക്കന്മാരാണ്. അഥവാ ആരും രാജാവല്ല. നമ്മളെല്ലാം കൂടി ഒന്നിച്ചു ചേർന്നാലേ കാടുള്ളൂ. നാടുള്ളൂ. എല്ലാവരും അവർക്ക് ചെയ്യാവുന്ന ജോലികൾ ചിട്ട യായി ചെയ്യുക. അതാണ് പ്രകൃതിയുടെ നിയമം. ഉടയോനും അടിയോനും വേണ്ട. രാജാവും പ്രജയും വേണ്ട. നിങ്ങൾക്ക് മനസ്സിലായോ ......?

കാക്ക : അതാ അതിന്റെ ശരി, എല്ലാവരും അവരവരുടെ രംഗത്തെ രാജാവുതന്നെ. ആരും ആരെയും ഭരിക്കേണ്ട. എല്ലാവരും അവരവരുടെ ആവശ്യത്തിന് മാത്രമുള്ളത് എടുക്കുക. ആരും ആരേയും അനാവശ്യമായി ചൂഷണം ചെയ്യാതിരിക്കുക. ചിമ്പാൻസിച്ചേട്ടാ... ഇതി നല്ലേ സ്വർഗ്ഗം സ്വർഗ്ഗം എന്നു പറയുന്നത്.

കുറുക്കൻ : അതെ കാകൻചേട്ടാ.... ഇത് ഭൂമിയിലെ സ്വർഗ്ഗമാ... ഇവിടെ നമുക്ക് രാജാവേ വേണ്ട........

പുലി : അങ്ങനെതന്നെ. എല്ലാവരും രാജാവാകുന്ന രാജ്യത്തെന്തിനാ ഒരു പ്രത്യേക രാജാവ്. നമ്മൾ ഓരോരുത്തരും ഉത്തരവാദിത്വത്തോടെ ജീവിക്കണമെന്നു മാത്രം.

(മൃഗങ്ങൾ എല്ലാവരും കൂടി.)

"പഴയ രാജാവു ചത്തതു നന്നായി."

(എല്ലാവരും ഒന്നിച്ചു ചിരിക്കുന്നു. നൃത്തം വയ്ക്കുന്നു)

-കർട്ടൻ-

**ഒരു മരം...... ഒരു മരം.........**

**(പ്രൊഫ. എസ് ശിവദാസ്)**

രംഗത്ത്

(മണിയൻ മുയൽ, കറമ്പികാക്ക, മുള്ളൻകുട്ടൻ, കരടിമാമൻ, ചക്കരമാങ്ങ)

രംഗം -1

(രംഗത്തേക്ക് മണിയൻ മുയൽ ചാടിച്ചാടിവരുന്നു. തലയിൽ കൈവയ്ക്കുന്നു. സങ്കടത്തോടെ പറയു ന്നു.)

മണിയൻ : എന്തൊരു കാലം കെട്ട കാലം! ഒരു നല്ല മാമ്പഴം തിന്നാൻ കൊതിയായിട്ട്.... പറമ്പായ പറമ്പൊക്കെ പരതി നടന്നിട്ട്... ഹെ...ഒറ്റ നാട്ടുമാവ് എങ്ങുമില്ല.... നമ്മുടെ മാവൊക്കെ എവിടെപ്പോ യോ....ആവോ...? സത്യം പറഞ്ഞാൽ നാടൻ മാമ്പഴം കണ്ട കാലം മറന്നു. കൊതിയാണെങ്കിൽ കുറയു

ന്നുമില്ല....!

(കറമ്പികാക്ക പറന്നു വന്ന് അടുത്ത് വന്നിരിയ്ക്കുന്നു. മണിയനു നേരെ തിരിഞ്ഞു കോക്രീ കാണിച്ച് പറയുന്നു.)

കറമ്പി: കാ.....കാ.....കാ...... കണ്ട മാവൊക്കെ വെട്ടി വിറ്റപ്പോളോക്കർണമായിരുന്നു. എനിക്കൊരു മാമ്പഴം തിന്നാഞ്ഞിട്ട് കൊക്കിനൊരു കിരുകിരുപ്പാ. (കറമ്പി അതു പറഞ്ഞിട്ട് നിലത്തെല്ലാ പരിശോധന നടത്തുന്നു. പെട്ടെന്ന് ഉഷാറായി നിലത്തേക്കുനോക്കി ഒരു കൈ തലയിൽ വച്ചിട്ട് പറയുന്നു.)കാ...കാ...കാ... വർത്തമാനം പറഞ്ഞു നില്ക്കാൻ നേരമില്ല. നോക്കു നിലമെല്ലാം വൃത്തികേടായിക്കിടക്കുന്നു. എല്ലാമൊന്നു കൊത്തിപ്പെറുക്കി വൃത്തിയാക്കട്ടെ. (ധൃതിയിൽ നിലത്തെ വൃത്തികേടുകൾ കൊത്തി തിന്നുന്നു. മണിയൻ അതു ശ്രദ്ധിക്കാതെ മുകളിലേക്കു തന്നെ നോക്കി നടക്കുന്നു. ഇടക്ക് ഒരു കൈ കണ്ണിനു മുകളിൽ വിടർത്തിവച്ച് കാഴ്ച ശരിയാക്കി വീണ്ടും അകലേക്കു നോക്കുന്നു. ഉടനെ സന്തോഷത്തോടെ പറയുന്നു.

മണിയൻ: യിപ്പീ....യിപ്പീ....അവസാനമൊരു നാട്ടുമാവു കണ്ടുപിടിച്ചു. ഹാ....! അതിൽ ഒരു ചക്കരമാങ്ങ പഴുത്തു കിടക്കുന്നു. യി...പ്പീ... ഞാനിതിപ്പോഴ് പറിച്ചെടുക്കും. എന്നിട്ട്.... (ഹി....ഹി....ഹി.... ചിരിക്കുന്നു. വീണ്ടും പനരയുന്നു.)

ആ പുന്നാര ചക്കരമാങ്ങായുടെ ചുണ്ടിലൊരുകടി പിന്നെ അതിലെ തേൻ കുഴമ്പ് വലിച്ചു വലിച്ചു കുടിച്ച് ...ഹായ്... ഹായ്....

(സന്തോഷംകൊണ്ട് കൂടുതൽ പറയാനാകാതെ തുള്ളിച്ചാടുന്നു. മാവിലേക്ക് വീണ്ടും നോക്കുന്നു. ആലോചിക്കുന്നു. എന്നിട്ട് സങ്കടപ്പെട്ടു പറയുന്നു.) യിപ്പീ.... (കരയുന്നു) എനിക്കാമാവിൻ തുഞ്ചത്ത് എത്താൻ പറ്റില്ലല്ലോ. (തിരിയുമ്പോൾ കാക്കപ്പെണ്ണ് നിലം കൊത്തി വൃത്തിയാക്കുന്നത് കാണുന്നു. അവളെ നോക്കി എന്തോ ആലോചിച്ചു തല കുലുക്കുന്നു. എന്നിട്ട് കാക്കപ്പെണ്ണിനെ കൈ കൊട്ടി വിളിക്കുന്നു. പറയുന്നു.)

യിപ്പീ....! എന്റെ പൊന്നു കറമ്പീ.... നിന്നെ എനിക്ക് എന്തിഷ്ടമാണെന്നോ. ആ കൂ....കൂ.... കുയിലിന്റെ പാട്ടിലും എത്ര നല്ലതാ നിന്റെ പാട്ട്.

കറമ്പി: (കറമ്പികാക്ക തിരിഞ്ഞ് തല കുലുക്കി സന്തോഷത്തോടെ പറയുന്നു. കാ...കാ....കാ...കാ....കാ എങ്ങനെയുണ്ട് എന്റെ കാക രാഗം മണിയാ....?

മണിയൻ: (മണിയൻ തല കുലുക്കി 'ഹ' എന്തു രസമായിരിക്കുന്നു! പൊന്നു കറമ്പീ, നീ നല്ല സ്നേഹമുള്ളവളല്ലേ? ദാ...ആ മാവിൻ തുഞ്ചത്ത് കിടക്കുന്ന ചക്കരമാമ്പഴം ഒന്നു പറിച്ചു തായേ......

(കറമ്പികാക്ക തലഉയർത്തി അകലേക്ക് നോക്കുന്നു.)

കറമ്പി: എവിടയാ മാമ്പഴം (ഒന്നുകൂടി നോക്കുന്നു. ...മാമ്പഴം കാണുന്നു.) ഹാ.... അതൊരു നല്ല ചക്കരമാമ്പഴമാണല്ലോ. ഞാനതു കൊത്തിയെടുക്കും. (കറമ്പികാക്ക പറന്നു പോകുന്നു.)

മണിയൻ: 'ഞാനും വരാം' (എന്നു പറഞ്ഞുകൊണ്ട് പുറകെ ഓടുന്നു. മറയുന്നു.)

രംഗം-2

(ഒരു മുള്ളൻപന്നി രംഗത്ത് കിടന്ന് ഉറങ്ങുന്നു. ഉറക്കത്തിൽ ഒന്നു ഉരുളുന്നു. ഉറക്കം തുടരുന്നു. ഉടൻ മുകളിൽ നിന്ന് ഒരു മാങ്ങാ വന്ന് അവന്റെ മുതുകത്ത് വീണ് തറഞ്ഞിരിക്കുന്നു. മുള്ളൻ ഞെട്ടി ഉണരുന്നു. പേടിച്ചു കരയുന്നു.)

മുള്ളൻ: അയ്യോ എന്റെ മുതുകത്ത് ഉമ്മാക്കി കേറിയിരിക്കുന്നേ. അയ്യോ എന്നെ ഇപ്പം കുടിച്ചു തിന്നുവേ. അയ്യോ.....!

(പേടിച്ചോടുന്നു. രംഗത്ത് അപ്പോൾ കറമ്പികാക്ക പറന്നു വരുന്നു. മുള്ളനു പിറകെ പറന്നുകൊണ്ട്)

കറമ്പി: അയ്യോ! എന്റെ മാങ്ങ.... മുള്ളാ ഒന്നു നിൽക്കൂ. ...ഒന്നു നിൽക്കാൻ. (ഉടനെ മണിയനും രംഗത്തേയ്ക്കോടിയെത്തുന്നു.)

മണി: അയ്യോ! എന്റെ മാങ്ങ! മുള്ളച്ചേട്ടാ ഒന്നു നില്ക്കണേ.... ഓടാതെ.... നില്ക്കണേ...

(പക്ഷേ മുള്ളൻ ഇതൊന്നും കേൾക്കാതെ രംഗത്ത് വട്ടത്തിലോടുന്നു. പുറകെ കറമ്പികാക്കയും മണിയൻ മുയലും ഓടുന്നു. അവർ രണ്ടുപേരും 'എന്റെ മാങ്ങാ.... എന്റെ മാങ്ങാ....' എന്നുറക്കെ പറഞ്ഞുകൊണ്ടാണ് ഓടുന്നത്. ഓടുന്നതിനിടയിൽ മുള്ളൻ കാൽതെറ്റി വീഴുന്നു. മാങ്ങാ തെറിച്ചു മാറി വീഴുന്നു. മണിയൻ മാങ്ങാ കടന്നെടുക്കുന്നു. കറമ്പിക്കാക്ക ഓടിച്ചെന്ന് കൂടെ പിടിക്കുന്നു.

മുള്ളൻ: (ആശ്വാസത്തോട് തിരിഞ്ഞുനോക്കിയിട്ട്) അയ്യയ്യോ മുതുകിൽ ഉമ്മാക്കി അല്ലായിരുന്നോ. ഒരു മാമ്പഴമായിരുന്നോ! എങ്കിൽ എങ്കിൽ എനിക്കാ അതിന്റെ അവകാശം.

(മുള്ളൻ ഓടിച്ചെന്ന് മാമ്പഴത്തിൽ പിടിക്കുന്നു. മൂന്നുപേരും തമ്മിൽ. ഉന്ത്, തള്ള്, വഴക്ക്.)

കറമ്പി: കാ.. കാ.. കാ..! പോ പോ പോ !!

മണിയൻ: യിപ്പീ... യിപ്പീ..! ഇപ്പം എനിക്കാ മാമ്പഴത്തിന് അവകാശം.
മുള്ളൻ: ഡു..ഡു..ഡു..ഡു..ഡു... എല്ലാവരുമങ്ങ് മാറു. മാമ്പഴം ഞാൻ തിന്നും.

(മൂന്നുപേരും തമ്മിൽ തർക്കം തുടരുമ്പോൾ രംഗത്തേക്ക് കരടിമാമൻ കടന്നു വരുന്നു. അവരുടെ വഴക്കു കാണുന്നു. എന്നിട്ട് അടുത്ത് ചെന്ന്)

കരടി: എന്താ പിള്ളാരെ വഴക്ക്? വഴക്കുണ്ടാക്കിയാൽ എന്തെങ്കിലും കാര്യത്തിന് തീരുമാനമുണ്ടാകുമോ? മാറിനില്ക്ക്, മാമ്പഴമിങ്ങു താ.. ഞാൻ പരിഹാരമുണ്ടാക്കാം.

(കരടി അവരുടെ കയ്യിൽ നിന്ന് മാമ്പഴം പിടിച്ചെടുത്ത് അവർ തട്ടിയെടുക്കാതെ ഉയർത്തിപ്പിടിച്ചു ഒന്നു മണത്തു നോക്കിയിട്ട്.

കരടി: ഹ! എന്തൊരു വാസന. കസറൻ ചക്കരമാമ്പഴം തന്നെ. (കറമ്പിയും, മണിയനും, മുള്ളനും, കരടിമാമനു ചുറ്റും നിന്ന് മാമ്പഴം കൈക്കലാക്കാൻ നോക്കുന്നു. പരാജയപ്പെട്ട് മാമന്റെ ഉടുപ്പിൽ വലിക്കുന്നു. 'എന്റെ മാമ്പഴം' അതിങ്ങു താ. അമ്മാവാ... എനിക്ക് താ. എന്നിങ്ങനെ അവർ പറയുന്നു. കരടിമാമൻ അവരുടെ പിടി വിടുവിച്ചുകൊണ്ട്)

വിട്ടുമാറിനില്ക്കിൻ. എന്റെ പിള്ളേരെ, മാമ്പഴം ഒന്നല്ലേയുള്ളൂ. അതെങ്ങനെ മൂന്നുപേർക്ക് കിട്ടും. ഞാൻ പരിഹാരം കണ്ടെത്താം. ഓരോരുത്തർക്കും പറയാനുള്ളത് പറയുക. (ഓരോരുത്തരും പിടിവിട്ട് മാറി നിൽക്കുന്നു. എല്ലാവരും മാമ്പഴത്തിവേക്ക് ഉറ്റു നോക്കുന്നുണ്ട്. അവരവരുടെ അവകാശം സ്ഥാപിക്കാൻ ശ്രമിക്കുന്നു.

മണിയൻ: അമ്മാവാ...... ഒരുനാടൻ മാമ്പഴം തിന്നാഞ്ഞിട്ട് വയർ വേദനിച്ചിട്ടു ഞാൻ നാടായ നാടൊക്കെ ചുറ്റിയിട്ടാ ഇവിടെ വന്ന് ഈ നാടൻ മാവിൻ തുഞ്ചത്തെ മാമ്പഴം കണ്ടുപിടിച്ചത്. അപ്പോൾ അതെന്റേയല്ല...?

കരടി: മണിയൻ സമാധാനിക്ക് നീ മാമ്പഴം കണ്ടുപിടിച്ചു അല്ലേ...? സമ്മതിച്ചു. ഇനി കറമ്പി കാക്കച്ചീ പറയൂ കേൾക്കട്ടെ.

കറമ്പി: എന്റെ പൊന്നുമ്മാവാ.., ഞാനെന്തു പാടുപെട്ടു പറന്നു ചെന്നാ ആ മാമ്പഴത്തെ തൊട്ടതെന്നോ...? അതാണ് അപ്പോൾ തന്നെ താഴെ വീഴാൻ കാരണം. എനിക്കാണെങ്കിൽ അതിൽ കൊത്താഞ്ഞിട്ടു കൊക്കു കുരുകുരുക്കുന്നു.

കരടി: വഴിയുണ്ടാക്കാം കറമ്പിപ്പെണ്ണേ.... ആട്ടെ മുള്ളൻകുട്ടിക്കെന്താ ചക്കരമാമ്പഴത്തിൽ അവകാശം.

മുള്ളൻ: അമ്മാവാ ഞാനുറങ്ങിക്കിടന്നപ്പം മാങ്ങാ വന്നു വീണപ്പം, ഉമ്മാക്കി വന്നു എന്റെ പുറത്തു കേറിയാതാന്നു കരുതിയപ്പം ഞാനെന്തു വേദനയാന്നോതിന്നത്... മാങ്ങാ താങ്ങിയവനല്ലേ അതിനവകാശം.

കരടി: ആഹാ ഇത്രയേ ഉള്ളോ കാര്യം? ഇതിനാണോ മൂന്നുപേരുംകൂടി ഇത്രയേറെ നേരം വഴക്കടിച്ചത്. മാങ്ങാ കണ്ടവനും, പറിച്ചവനും, താങ്ങിയവനും അതിലവകാശമുണ്ട്. കണ്ടവനും, പറിച്ചവനും, താങ്ങിയവനും ഓരോ കഷണം വീതം! എന്തു പറയുന്നു?

(കരടിമാമൻ ചിരിക്കുന്നു. മണിയനും, മുള്ളനും, കറമ്പിയും അതുകേട്ട് സന്തോഷിച്ച് നൃത്തംചെയ്യുന്നു. എന്നിട്ടു പറയുന്നു.)

"ഹ ഹ..ഹ... അതുതന്നെ അതിന്റെ ശരി. നമുക്കീ വിദ്യ തോന്നിയില്ലല്ലോ.

കരടി: "മണിയാ പോയി കത്തി കൊണ്ടുവാ.... ഞാൻ തന്നെ പൂളിത്തരാം."

(മണിയൻ ഓടിപ്പോയി. ഉടൻ കത്തിയുമായി വരുന്നു. കരടി കത്തി വാങ്ങി മാങ്ങാ പൂളുന്നു. അതിനിടെ ഒരു വെളിപാടു ലഭിച്ചതുപോലെ മുള്ളൻ പറയുന്നു.)

മുള്ളൻ: കരടിമാമാ! മാമനല്ലേ മാങ്ങ പങ്കുവയ്ക്കുന്നത്. മാമനും ഒരു പൂളുതരാം.
മണിയൻ: ശരിയാ.. ശരിയാ അല്ലേലും മാമനു കൊടുക്കാതെ നമ്മളു തിന്നുമോ?
കറമ്പി: അതെയതെ, എന്തു മോശമാ തനിയെ തിന്നുന്നത്?

കരടി: (മാങ്ങാ പൂളുന്നതിനിടയിൽ ചിരിച്ചുകൊണ്ട് അവരെ നോക്കിക്കൊണ്ട്) അപ്പോൾ നിങ്ങൾക്കും അക്കാര്യം ബോദ്ധ്യമായി. അല്ലേ? ഒരു മാങ്ങയും അതു തിന്നാൻ പല ആളുകളുമുണ്ടെങ്കിൽ പങ്കു വച്ചു തന്നെ തിന്നണം. ഒറ്റയ്ക്ക് പിടിച്ചുവച്ചു തിന്നുന്നത് ഒരിക്കലും ശരിയല്ല.

മണിയൻ: ശരിയാ ശരിയാ എല്ലാവർക്കും കൂടി അനുഭവിക്കാനുള്ളത് ഒരാൾ തന്നെ പൂഴ്ത്തി വയ്ക്കുക! ഹൊ എന്തൊരു ഹീനമായ പണി! ..ഞാനിനി ഒരിക്കലുമതു ചെയ്യുകയില്ല.

കറമ്പി: 'ഞാനും'.
മുള്ളൻ: 'ഞാനും'

അതിനിടെ കരടിമാമൻ മാങ്ങാ പൂളി ആദ്യകഷണം കൈയിലെടുത്ത് മണിയൻ മുയലിനു കൊടുക്കുന്നു. അവനത് ഒന്നു കടിച്ചു നോക്കിയിട്ടു പറയുന്നു.)

മണിയൻ: ഹായ് ഹായ് ചക്കരയിലും നല്ല മധുരം...!
കരടി: (അടുത്ത കഷണം പൂളുന്നതിനിടയിൽ) മാത്രമല്ല, ഈ മാവ് നമ്മളാരും കുഴിച്ചുവെച്ചതല്ല. താനെ

കിളിർത്തു വന്നതാകാം. വരും തലമുറയ്ക്കുവേണ്ടി ഏതോ ഒരു നല്ല മനുഷ്യൻ കുഴിച്ചു വച്ചതുമാകാം.
മുള്ളൻ: പക്ഷേ പറമ്പു രാമൻ കുരങ്ങിന്റേയാ...?
കരടി: അതിനെന്ത്? മാവിന്റെ മൂടും വേരുമല്ലേ പറമ്പിലുള്ളു. ബാക്കി മുഴുവൻ ആകാശത്തിലേക്ക് ഉയർന്നു നില്ക്കുകയല്ലേ. മാത്രമല്ല ഈ മാവ് ഇത്ര കൂറ്റനായി വളരാൻ വേണ്ടിവന്ന ടൺ കണക്കിന് കാർബൺ ഡൈഓക്സയിഡ് മുഴുവൻ വലിച്ചെടുത്തത് അന്തരീക്ഷത്തിൽ നിന്നല്ലേ. രാമൻ കുരങ്ങിന്റെ പറമ്പിൽ നിന്നല്ലല്ലോ. മാവു നില്ക്കുന്നത് ആരുടെ പറമ്പിലായാലും അത് അയാളുടെ മാത്രം സ്വത്തല്ല. പ്രകൃതി യുടെ സൃഷ്ടിയാണത്. എല്ലാവർക്കും വേണ്ടിയുള്ള സൃഷ്ടി.

(കരടിമാമൻ അടുത്ത കഷണം മാങ്ങ കറമ്പിപ്പെണ്ണിനു കൊടുക്കുന്നു.)

കറമ്പി: (മാങ്ങ കൊത്തിനോക്കിയിട്ട്) കാ.... കാ... കാ... ഇത്ര നല്ല മാങ്ങാ എന്റെ കെട്ടിയോന്റെ വീട്ടിൽ പോലുമില്ല!

(എല്ലാവരും ചിരിക്കുന്നു. അതിനിടെ മാമൻ അടുത്ത കഷണം പൂളുന്നു.)

കരടി: പിന്നെ... നാട്ടുമാവെന്നു പറഞ്ഞാൽ എന്താ അർത്ഥം എന്നറിയാമോ? നാട്ടുകാരുടെ മാവെന്നാ അർത്ഥം. അതിലെ മാങ്ങ നാട്ടുകാർക്ക് എല്ലാവർക്കും തിന്നാനുള്ളതാണ്.

(എല്ലാവരും ചിരിക്കുന്നു. മണിയനും കരടിയും മുള്ളനും തുള്ളിച്ചാടി നൃത്തംവയ്ക്കുന്നു.)

കറമ്പി: കാ.... കാ.... കാ... നാട്ടുമാവ്... നാട്ടുകാരുടെ മാവ്.
മണിയൻ: യിപ്പീ....യിപ്പീ....യിപ്പീ...... നാട്ടുകാരുടെ മാവാണല്ലോ നാട്ടുമാവ്.
മുള്ളൻ: ഡു... ഡു... ഡു... നാട്ടുമാങ്ങ നാട്ടുകാർക്ക് തിന്നാൻ...
(എല്ലാവരും തുള്ളിച്ചാടുന്നു. കരടി കുലുങ്ങി ചിരിക്കുന്നു. തുള്ളൽ . മുള്ളൻ എന്തോ ആലോചിച്ച്.)
മുള്ളൻ: അമ്മാവാ.... ഞങ്ങൾ സ്ക്കൂളിൽ പഠിക്കുന്നത് അങ്ങനെയല്ല.
കരടി: പിന്നെ....?
മുള്ളൻ: മാവിന് തന്റെ വംശം നിലനിർത്തണം, അതിനാണ് അവ മാങ്ങ ഉണ്ടാക്കുന്നത് എന്നാണ്.
കരടി: അത് ശരിയാണ്, പക്ഷേ സ്വന്തം വംശം നിലനിർത്താൻ മാത്രമാണെങ്കിൽ മാവ് എന്തിനിത്രയ ധികം മാങ്ങ ഉണ്ടാക്കുന്നു? അപ്പോൾ വംശം നിലനിർത്തുക മാത്രമല്ല; പ്രകൃതിയിലെ നൂറുകണക്കിനു സുഹൃത്തുക്കൾക്ക് സദ്യ തരാൻ വേണ്ടിയുള്ള മഹത്തായ ഒരു കർമ്മം കൂടിയാണ് ചെയ്യുന്നത്.
കറമ്പി: ഈ ഫലവൃക്ഷങ്ങൾ പണിമുടക്കിയാൽ നമ്മൾ പട്ടിണിയായതുതന്നെ.
കരടി: നമ്മൾ മാത്രമല്ല മനുഷ്യരും....

(കരടി അടുത്ത കഷണം പൂളി മുള്ളനു നൽകുന്നു.)

മുള്ളൻ: (മാങ്ങ രുചിച്ചുനോക്കിയിട്ട്) ഡു....ഡു....ഡു....ഡൂ.... ഹായ്. എന്തു സ്വാദ്. ഞാനിതിന്റെ പകുതി എന്റെ മുള്ളിപ്പെണ്ണിന് കൊണ്ടുകൊടുക്കും.

(എല്ലാവരും ചിരിക്കുന്നു. കരടിമാമൻ അവസാനത്തെ കഷണം പൂളികഴിക്കുന്നു.)

കരടി: ആഹാ... മണിയൻ മാങ്ങാ മുഴുവൻ തിന്നുതീർത്തിട്ടു നിന്നു കൊതിക്കുന്ന കണ്ടില്ലേ. ഇതാ അണ്ടി ചപ്പിക്കോളൂ.

(മണിയൻ അണ്ടി വാങ്ങി ചപ്പുന്നു. എല്ലാവരും ചിരിക്കുന്നു. ചപ്പിയ മാങ്ങയണ്ടി മണിയൻ വലി ച്ചറിയാൻ തുടങ്ങുന്നു. കരടി തടയുന്നു.)

കരടി: അരുതരുത്. നാട്ടിലെങ്ങും നാട്ടുമാവില്ലെന്ന പരാതി പറയുന്നവർ അണ്ടി കൊണ്ടെന്താ ചെയ്യേ ണ്ടത്?
കറമ്പി: അത് മണ്ണിൽ കുഴിച്ചിടണം.

(മണിയൻ നാണിച്ചു കൈ കടിക്കുന്നു. തല കുനിക്കുന്നു.)

മണിയൻ: ക്ഷമിക്കണം! അമ്മാവാ ഇനി ഞാൻ അങ്ങനെ ചെയ്യാം.
കരടി: ശരി. വരൂ കുഴി കുത്താം.

(കരടി കുഴി കുത്തുന്നു.)

മണിയൻ: ഞാൻ തന്നെ ചക്കരമാങ്ങായണ്ടി കുഴിയിൽ വയ്ക്കാം അമ്മാവാ.......
മുള്ളൻ, കറമ്പി: ഞങ്ങൾ കുഴി മൂടാം. (കുഴി മൂടുന്നു.)
കരടി: (അണ്ടി കുഴിച്ചിട്ട സ്ഥലത്തേക്ക് ചൂണ്ടി) ഒരു മാങ്ങായണ്ടിയിൽ ഒരു മാവിൻ കുഞ്ഞ് ഉറങ്ങിക്കിട ക്കുന്നു. ഒരു ദിവസം ആ കുഞ്ഞ് കണ്ണു തുറന്ന് ചുറ്റും നോക്കും എന്തിനെന്നോ? വെള്ളത്തിന്ന്, അല്ലെ ങ്കിൽ ആഹാരത്തിന്ന്. അവ നൽകാനും അതിനെ സംരക്ഷിക്കാനും അമ്മ അടുത്തുവേണമല്ലോ.
മുള്ളൻ: അതിന്റെ അമ്മ ആ മാവല്ലേ അമ്മാവാ....
കരടി: മാവ്, ആ കുഞ്ഞിന് ജന്മം നൽകിയ അമ്മ മാത്രം. നമ്മളാണ് ആ മാവിൻ കുഞ്ഞിന്റെ വളർത്തമ്മ മാർ.
മണിയൻ: നമുക്കവളെ നന്നായി ശുശ്രൂഷിച്ച് വളർത്തണം. വലുതാക്കണം.

കരടി: അതെ... അങ്ങനെ നാളേറെ കഴിയുമ്പോൾ നമ്മുടെ മകൾ വളർന്ന് വലുതാകം. നമുക്ക് സമ്മാനിക്കും.
മുള്ളൻ: നമ്മളാണ് അവളെ വളർത്തി വലുതാക്കിയതെന്ന് നമുക്ക് അഭിമാനിക്കാം.
കറമ്പി: ശരിയാ... ശരിയാ.

(അവൻ ആഹ്ലാദത്തോടെ ചിരിക്കുന്നു. ഉടനെ കരടി മാമൻ മുന്നോട്ടു കയറി നില്ക്കുന്നു. മറ്റുള്ളവർ മാമനു ചുറ്റും വന്ന് ഒരു വളയമായി നില്ക്കുന്നു. അവർ പാടുന്നു. പാട്ടുയർന്നുപൊങ്ങി സാവധാനം താഴുന്നു.

"ഒരു മരം ഒരു വരം ഒരു ധനം
ഒരു കുളിരിൻ തുരുത്തിനായി....
ഒരു മധുരക്കനിക്കുവേണ്ടി
ഒരു നെഞ്ചിനുയിരേകാൻ ശുദ്ധവായു....
ഒരു കുരുവികൂടിനു കുഞ്ഞുചില്ല....
ഒരു മരം.... ഇരുമരം.... പലമരം....
ഒരു പുതുലോകത്തിൻ ജീവവായു
ഒരു ജനകോടിതൻ ധീരസ്വപ്നം
ഒരു മരം
ഒരു വരം
ഒരു ധനം

<u>**കർട്ടൻ**</u>

**തൈതാരം കുന്നിനുമങ്ങേപ്പുറത്ത്**
**കെ. കെ. കൃഷ്ണകുമാർ**

തൈതാരം കുന്നിനുമങ്ങേപ്പുറത്ത്.
തികതെയ്യം പുഴയുടെ മേലോരത്ത്
കുളിർകാറ്റിനു കൂടായി, പച്ചപ്പുതപ്പിട്ട
പൂവുള്ള, കായുള്ള കാടൊന്നുണ്ടേ....
കാടൊന്നുണ്ടേ...കാടൊന്നുണ്ടേ....

കാടിന്റെയുള്ളില് കാണാക്കൊമ്പത്തൊ....
രായിരം പുന്നാരക്കിളികളുണ്ടേ
ആയിരം പുന്നാരക്കിളികളുണ്ടേ.

കിളിമക്കള് കളകളം മണികിലുക്കുമ്പോൾ
കാടിന്റെയുള്ളം തുടിക്കണുണ്ടേ...
കാടിന്റെയുള്ളം തുടിക്കണുണ്ടേ...

കാടിന്റെയുള്ളില്, കരിയിലക്കീഴില്
കനിവുള്ള, നനവുള്ള കരിമണ്ണുണ്ടേ....

കരിമണ്ണിന്നുള്ളം നിറയുന്നനേർക്കു-
ത്തരുവികൾ പൊട്ടിപ്പിറക്കണുണ്ടേ...
അരുവികൾ പൊട്ടിപ്പിറക്കണുണ്ടേ...

അരുവികൾ, കുഞ്ഞിക്കുരുന്നുകൾ കൈകോർത്ത്
കളകളം പാടിച്ചിരിക്ക്ണുണ്ടെ...
കളകളം പാടിച്ചിരിക്ക്ണുണ്ടെ...

അരുവികൾ, കളകളക്കുരുവികൾ, മലയോര
പുളകങ്ങൾ പുഴകളായ് വളരുന്നുണ്ടേ...
വളരുന്നുണ്ടേ, വളരുന്നുണ്ടേ...

മലവിട്ടു, മടിവിട്ടു കുതികുതിച്ചെത്തുന്ന
പുഴകണ്ടു വിളകൾ ചിരിക്ക്ണുണ്ടേ
പുഴകണ്ടു വിളകൾ ചിരിക്ക്ണുണ്ടേ...

* * *

കാടിന്റെയുള്ളം കവരുവാനിന്നൊരു
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...

കാട്ടാളച്ചിരിയുമായ് ചിന്നം വിളിയുമായ്
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...

ലാഭക്കൊതിയന്റെ മുതുകത്തിരുന്നൊരു
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...
മഴുവതാ മലകേറിപ്പോകുന്നുണ്ടേ...

മഴുവിൻ കൊലച്ചിരി കേൾക്കുമ്പോൾ കാടിൻ
അകമാകെ ഞെട്ടിത്തരിക്ക്ണുണ്ടേ...
കളകളക്കരുവികൾ കേഴുന്നുണ്ടേ.
പുഴ പാവം പൊട്ടിക്കരയ്ണുണ്ടേ
കതിരിന്റെയുള്ളം കരിയ്ണുണ്ടേ...

* * *

കാടിന്റെയുള്ളം കവരുവാനെത്തുന്ന
മഴുപിടിച്ചാറ്റിൻ വലിച്ചെറിയാൻ
മഴുപിടിച്ചെത്തുന്ന ദുഷ്ടരെ വെല്ലുവാൻ
ചെറുകൈകൾ പൊക്കി പ്രതിജ്ഞ ചെയ്യാം.

പാവനാടകങ്ങൾ

കണ്ണുണ്ടായൽ പോരാ കാണണം
രചന: സി.ജി. ശാന്തകുമാർ
ദൃശ്യാവിഷ്കരണം: ജി. ജയകുമാർ

(1)

ഒരു നാട്ടുവഴി-വിദേശിയായ സഞ്ചാരി പ്രവേശിക്കുന്നു. അയാൾ ഓരോ വസ്തുവിനേയും സസൂക്ഷ്മം ശ്രദ്ധിച്ച്. പരിശോധിച്ച് മുന്നോട്ട് നീങ്ങുന്നു. സറ്റേജിന്റെ പലഭാഗത്തുനിന്നും നാട്ടുകാർ പ്രവേശിച്ച്, നാട്ടുപാതയിലൂടെ നടന്നു നീങ്ങുന്നു അവർ വിദേശിയെ കാണുന്നു. അവർ രാജാവിന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കുവാൻ പോകുകയാണ് എന്ന് സംഭാഷണത്തിലൂടെ വ്യക്തമാകുന്നു-അവർ നടന്നു നീങ്ങുന്നു. സഞ്ചാരി അവരെ പിൻതുടർന്ന് മറയുന്നു.

(2)

സംഘം പാട്ടുപാടിയും നൃത്തം ചെയ്തും രാജപാതയിലൂടെ പ്രവേശിക്കുന്നു.

ആ....ആ....ആ....ഹായ്
ഏ....ഏ....ഏ....ഹേയ്

ഓ....ഓ....ഓ....ഹോയ്
പിറന്നാളിന്ന് തമ്പുരാന്...
തിരുന്നാളിന്നടിയങ്ങൾക്ക്....
.....................................................

ദൂരെ നിന്ന് 'എന്റെ കഴുതയെ ആരെങ്കിലും കണ്ടോ' എന്ന് കഴുതക്കാരൻ ഉറക്കെ ചോദിക്കുന്നത് കേൾക്കാം. അത് അടുത്തടുത്ത് വരുന്നു

കഴുതക്കാരൻ: (സംഘത്തിനോട്) എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? എന്റെ കഴുതയെ ആരെങ്കിലും കണ്ടോ?

സംഘം: കഴുതയോ (ചിരിക്കുന്നു)

കഴുതക്കാരൻ: (കുറച്ചുകൂടി ഉച്ചത്തിൽ) എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? (കരയുന്നു.)

സംഘം: നിങ്ങൾ ആരാണ്? എന്തുവേണം.?

കഴുതക്കാരൻ: എന്റെ കഴുതയെ കാണാനില്ല. എല്ലാവരോടും ചോദിച്ചു. എല്ലായിടവും അന്വേഷിച്ചു. നിങ്ങൾക്കറിയാമോ. എന്റെ കഴുത എവിടെയാണെന്ന്.

സംഘം: നിങ്ങളുടെ കഴുത എവിടെയായിരുന്നു?

കഴുതക്കാരൻ: വീട്ടിലായിരുന്നു. രണ്ടുദിവസമായി കാണാനില്ല. അന്വേഷിക്കാത്ത ഇടമില്ല. നിങ്ങൾ ഒന്നു സഹായിക്കണേ.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ ഇയാൾ ഇത്ര വിഷമിക്കുന്നത്.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ താൻ മരിക്കാൻ നിൽക്കുന്നത്.

കഴുതക്കാരൻ: ആ കഴുതയെക്കൊണ്ട് ചുമടെടുപ്പിച്ചാണ് ഞാനും എന്റെ കുടുംബവും ജീവിക്കുന്നത്.

സംഘം: എങ്കിൽ നിങ്ങൾപോയി മറ്റൊരു കഴുതയെ വാങ്ങിക്കൂ. ഞങ്ങൾക്കു വേറെ പണിയുണ്ട്.

കഴുതക്കാരൻ: രണ്ടു ദിവസമായി എന്റെ കുട്ടികൾ പട്ടിണിയാണ്. കാൽകാശിന് വകയില്ല. ആ ഞാൻ എങ്ങനെയൊരു കഴുതയെ വാങ്ങിക്കും?

(പോകാൻ ഭാവിക്കുന്നു)

(ഇത്രയും നേരം എല്ലാവരേയും സൂക്ഷ്മതയോടെ നിരീക്ഷിച്ച് നിന്നിരുന്ന സഞ്ചാരി മുമ്പോട്ട് വന്ന്)

സഞ്ചാരി: സുഹൃത്തേ, നിങ്ങളുടെ കഴുതയുടെ ഒരു കാലിന് മുടന്തുണ്ട്. അല്ലേ?

കഴുതക്കാരൻ: (വളരെ സന്തുഷ്ടനായി. ആകാംക്ഷയോടെ) ഉവ്വ്, എന്റെ കഴുതയുടെ ഒരു കാൽ മുടന്തിയിട്ടാണ്; പറയൂ നിങ്ങൾ എവിടെയാണ് എന്റെ കഴുതയെ കണ്ടത്. ഞാൻ പോയിപിടിച്ചുകൊണ്ടുവരട്ടെ. (സഞ്ചാരി ഇത് ശ്രദ്ധിക്കുന്നില്ല. അയാൾ എന്തോ ആലോചിച്ച് മുന്നോട്ട് നടക്കുന്നു)

സഞ്ചാരി: നിങ്ങളുടെ കഴുതയ്ക്ക് ഒരു കണ്ണിനെ കാഴ്ചയുള്ളു, അല്ലേ?

കഴുതക്കാരൻ: (കൂടുതൽ സന്തോഷത്തോടെ) ശരി, എത്ര ശരി. എന്റെ കഴുതയ്ക്ക് ഒരു കണ്ണിനു മാത്രമേ, കാഴ്ചയുള്ളൂ. താങ്കൾ എന്താണ് ഇത്രയുംനേരം മിണ്ടാതിരുന്നത്. ഞാൻ എന്തുമാത്രം പരിഭ്രമിച്ചു. പറയൂ എവിടെയാണ് എന്റെ കഴുത നിൽക്കുന്നത്. ഇവിടെ അടുത്താണോ?

സഞ്ചാരി: (വീണ്ടും അത് ശ്രദ്ധിക്കുന്നില്ല) നിങ്ങളുടെ കഴുതയുടെ ഒരു വശത്തെ പല്ല് കൊഴിഞ്ഞു പോയിട്ടുണ്ട് അല്ലേ?

കഴുതക്കാരൻ: (സംഘത്തോട്) എന്റെ കഴുതയെ വളരെക്കാലം പരിചയമുള്ള ഒരാളെപ്പോലെയാണല്ലോ ഇയാൾ ലക്ഷണം പറയുന്നത്. ഭാരം വഹിച്ച് ഒരിക്കൽ കുന്നിറങ്ങുമ്പോൾ വഴുതിവീണിട്ടാണ് അവന്റെ പല്ലുപോയതും. മുടന്തുണ്ടായതും. എന്നാലെന്താ ഇപ്പോഴും അവൻ രണ്ടുകഴുതകളുടെ ഭാരം വഹിക്കും.

സംഘം: ഓഹ, അയാൾക്ക് കഴുതയെ കുറിച്ച് എല്ലാമറിയാമല്ലോ?

കഴുതക്കാരൻ: (സഞ്ചാരിയെ സമീപിച്ച്) സുഹൃത്തേ, വളരെ നന്ദി. എവിടെ ആണ് എന്റെ കഴുതയെ നിർത്തിയിരിക്കുന്നത്, വേഗം പറയൂ.

സഞ്ചാരി: (ചിരിച്ച്) നിങ്ങളുടെ കഴുതയെ ഞാൻ കണ്ടിട്ടില്ല.

സംഘം: ഞേ-ങാ, നുണ പറയുമ്പോഴും ഒരു ചേർച്ചയൊക്കെ വേണ്ടെ.

സംഘം:(1) ഇത്രയൊക്കെ ലക്ഷണങ്ങൾ പറഞ്ഞ ഒരാൾ കഴുതയ കണ്ടിട്ടില്ല എന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുക?

(2) ആ പാവത്തിന്റെ കഴുത എവിടെയാണെന്ന് വേഗം പറഞ്ഞോളൂ.

(3) ഒരു മുടന്തൻ കഴുതയെ കിട്ടിയിട്ട് ഇയാൾക്കെന്ത് ചെയ്യാനാണ്.

സഞ്ചാരി: ശരിയാണ് എനിക്കെന്ത് ചെയ്യാനാണ്.

കഴുതക്കാരൻ: (സങ്കടവും ദേഷ്യവും ഒക്കെ ചേർന്ന്) നീ ഒന്നും പറയണ്ട. എനിക്കെന്റെ കഴുതയെ ഇപ്പോൾ കിട്ടണം, എടാ കള്ളാ നീയെവിടെയാണെന്റെ കഴുതയെ ഒളിപ്പിച്ചിരിക്കുന്നത്? വേഗം പറ.

ഇല്ലെങ്കിൽ നിന്റെ എല്ല് ഞാൻ ഒടിക്കും.

(സംഘം ഇടപെട്ട് രണ്ടുപേരെയും പിടിച്ചു മാറ്റുന്നു. ആകെ ബഹളം)

സംഘം: (1) നിർത്തിൻ, നിർത്തിൻ, (ബഹളം ശാന്തമാകുന്നു) ഇന്ന് മഹാരാജാവിന്റെ പിറന്നാൾ ആഘോഷമാണ്. നമ്മൾക്കു കൊട്ടാരത്തിലേയ്ക്ക് പോകാം. രാജാവ് കണ്ടുപിടിക്കട്ടെ ആരാണ് കഴുതയെ ഒളിപ്പിച്ചിരിക്കുന്നതെന്ന്.

(എല്ലാവരും അത് അംഗീകരിക്കുന്നു.)

(3)

(രാജകൊട്ടാരം-രാജാവ്, കഴുതക്കാരൻ, സഞ്ചാരി-രാജാവ് വിചാരണ നടത്തുന്നതിനിടയിലാണ് രംഗം ആരംഭിക്കുന്നത്.)

രാജാവ്: നിങ്ങൾ ഇയാളുടെ കഴുതയെ ഒളിപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ശരിയാണോ?

സഞ്ചാരി: ഞാൻ ഇയാളുടെ കഴുതയെ കണ്ടിട്ടുപോലുമില്ല. പിന്നല്ലേ ഒളിപ്പിച്ചുവയ്ക്കുക.

കഴുതക്കാരൻ: ഇയാൾ കള്ളം പറയുകയാണ് തിരുമേനി. കഴുതയുടെ ഒരു കാൽ മുടന്തിയിട്ടാണെന്നും, ഒരു കണ്ണിന് കാഴ്ചയില്ല എന്നും, ഒരു വശത്തെ പല്ല് കൊഴിഞ്ഞിട്ടുണ്ടെന്നും ഇയാൾ പറഞ്ഞു തിരുമേനി.

രാജാവ്: (ആകാംക്ഷയോടെ) കഴുതയെ കാണാതെയാണോ, ഇതൊക്കെ പറഞ്ഞത്.

സഞ്ചാരി: അതെ തിരുമേനി.

രാജാവ്: അതെങ്ങെനെ കഴിയും?

സഞ്ചാരി: ഞാൻ രണ്ടുമൂന്ന് ദിവസമായി ഈ ദേശത്തു വന്നിട്ട്. ഒരു സത്രത്തിലാണ് താമസം. രാവിലെ നടക്കാൻ പോകുന്ന സ്വഭാവം എനിക്കുണ്ട്. ഞാൻ രാവിലെ സത്രത്തിനടുത്തുള്ള നാട്ടുപാതയിലൂടെ നടക്കുകയായിരുന്നു. രാത്രി മഴ പെയ്തിരുന്നതിനാൽ വഴിയിൽ കാൽപാടുകൾ ഉണ്ടായിരുന്നില്ല. ഒരു ജന്തു നടന്നുപോയതിന്റെ കാൽപാടുകൾ എന്റെ ശ്രദ്ധയിൽപെട്ടു. അതൊരു കഴുതയുടേതാണെന്ന് സൂക്ഷിച്ചുനോക്കിയപ്പോൾ എനിക്ക് മനസ്സിലായി.

രാജാവ്: എന്താണ് അത് ശ്രദ്ധിക്കുവാൻ കാരണം.

സഞ്ചാരി: നടക്കുമ്പോഴും ഇരിക്കുമ്പോഴും ചുറ്റുപാടുമുള്ള കാര്യങ്ങൾ നിരീക്ഷിക്കുക കുട്ടിക്കാലം മുതൽക്ക് എന്റെയൊരു ശീലമാണ്.

രാജാവ്: എന്നിട്ട്?

സഞ്ചാരി: കഴുതയുടെ ഒരു കാലിന്റെ പാട് മാത്രം നിലത്ത് ശരിക്ക് പതിഞ്ഞിരുന്നില്ല. അങ്ങനെയാണ് ഞാൻ ഊഹിച്ചത്. വഴിയിൽ മനുഷ്യരുടെ കാൽപ്പാടുകൾ ഉണ്ടായിരുന്നില്ല. അത് കണ്ടപ്പോൾ എനിക്കതിശയമായി.

രാജാവ്: അതിലെന്താണിത്ര അതിശയിക്കാൻ.

സഞ്ചാരി: കഴുതയുടെ കൂടെ ആരും ഉണ്ടായിരുന്നില്ല എന്നല്ലേ അത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് കഴുത കെട്ടഴിഞ്ഞു ഓടിപ്പോകുന്നതാണെന്ന് ഞാൻ കരുതി.

കഴുതക്കാരൻ: തിരുമേനി, ഇയാൾ കൽപിച്ചുകൂട്ടി കള്ളം പറയുകയാണ്.

രാജാവ്: നിങ്ങൾ മിണ്ടാതിരിക്കണം, ഇയാൾ പറയട്ടെ. കഴുതയ്ക്ക് ഒരു കണ്ണേയുള്ളു വെന്ന് നിങ്ങൾ എങ്ങനെ മനസ്സിലാക്കി.

സഞ്ചാരി: വഴിക്കിരുവശത്തും ചെടി വളർന്നുനിന്നിരുന്നു. എന്നാൽ, റോഡിന്റെ വലതു വശത്തുള്ള ചെടികൾ മാത്രമേ, കഴുത തിന്നിരുന്നുള്ളു. വലതുവശത്ത് ചെടികൾ തീരെയില്ലാത്ത ഇടത്തെത്തിയിട്ടു പോലും അത് ഇടതുഭാഗത്ത് നിന്ന് ഒരിലപോലും കടിച്ചതായി കണ്ടില്ല. അതിൽ നിന്ന് അതിന്റെ ഇടത്തേകണ്ണിന് കാഴ്ച കുറവാണെന്ന് ഞാൻ ഊഹിച്ചു.

രാജാവ്: കഴുതയുടെ ഒരു ഭാഗത്തെ പല്ല്പോയിട്ടുണ്ടെന്ന് നിങ്ങൾ ഏത് വഴിയിൽ നോക്കിയാണ് കണ്ടുപിടിച്ചത്.

സഞ്ചാരി: അത് ഞാൻ വഴിയിൽ നോക്കിയല്ല മനസ്സിലാക്കിയത്. ഇത്രയുമായപ്പോൾ കഴുതയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്ന് എനിക്കുതോന്നി. വഴിയുടെ വലതുഭാഗത്ത് ചില ചെടികളുടെ ഇലകൾ കഴുത തിന്നുതീർത്തിരുന്നു. അത്തരം ഇലകളിൽ കഴുതയുടെ ഒരു വശത്തെ പല്ലു മാത്രമേ പതിഞ്ഞിരുന്നുള്ളൂ. ഇതിൽനിന്ന് അതിന്റെ മറുഭാഗത്തെ പല്ലുകൾ നഷ്ടപ്പെട്ടിരിക്കുമെന്ന് ഞാൻ ഊഹിച്ചു.

രാജാവ്: അവസാനം നിങ്ങൾ കഴുതയെകണ്ടെത്തിയോ?

സഞ്ചാരി: ഇങ്ങനെ കുറേ ദൂരം നടന്നപ്പോൾ പെട്ടെന്ന് വഴിയിൽ കഴുതയുടെ കാല്പാടുകൾ കാണാതായി. അവിടെത്തന്നെ ആളുകളുടെ കാലടികളും കണ്ടു. ഇതിനർത്ഥം ഈ സ്ഥലത്തുവച്ച് കഴുതയെ ആരോ പിടിച്ചുകൊണ്ടുപോയിരിക്കും എന്നാണ്. കുറേക്കൂടി നടന്ന് ഞാൻ സത്രത്തിലേയ്ക്കു തിരിച്ചു

പോന്നു.  വൈകുന്നേരം യാത്രക്കാരുടെ പാട്ടും കേട്ടിരിക്കുമ്പോഴാണ് കഴുതയെ കാണാനില്ല എന്നു പറഞ്ഞു ഇയാൾ വന്നത്.

രാജാവ്: ഇത്രയേറെ ബുദ്ധിശക്തിയും നിരീക്ഷണപാടവവുമുള്ള ഒരാൾ എന്റെ രാജ്യത്ത് ഉണ്ടായാൽ ഞാൻ സന്തുഷ്ടനാകും. നിങ്ങളുടെ കഴിവുകൾ എന്റെ രാജ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ നാം ആഗ്രഹിക്കുന്നു. നിങ്ങൾ എന്ത് പറയുന്നു? നിങ്ങൾ ആവശ്യപ്പെടുന്നതെന്തും ഞാൻ തരാം.

സഞ്ചാരി: തിരുമേനി ക്ഷമിക്കണം, അടിയൻ മറ്റൊരു രാജ്യത്തെ പ്രജയാണ്. അടിയന്റെ എളിയ കഴിവുകൾ അടിയന്റെ രാജ്യത്തിനും സഹോദരങ്ങൾക്കും വേണ്ടി പകർന്ന് നൽകുവാനാണ് എന്റെ ആഗ്രഹം. തിരുമേനി ക്ഷമിക്കണം. ഞാൻ ഒന്നു ചോദിക്കട്ടെ, അങ്ങെന്തിനാണ് എന്റെ സേവനം ആവശ്യപ്പെടുന്നത്? ശ്രമിച്ചാൽ ഇയാൾക്കു തന്റെ കഴുതയെ കണ്ടു പിടിക്കാൻ കഴിയില്ലേ?അവർക്കു കഴിയില്ലേ? എന്തിനേറെ, ഈ കുട്ടികൾക്ക് കഴിയില്ലേ? കഴിയില്ലേ. കഴിയില്ലേ, കഴിയും.

രാജാവ്: കണ്ണുതുറന്ന് ചുറ്റുപാടും നോക്കണം. (രാജാവ് മുമ്പിലേയ്ക്കുവന്നു). കണ്ണുതുറന്ന് നോക്ക്, കാത് തുറന്നു കേൾക്ക്. വായതുറന്ന് വിളിക്ക്.

(സംഘം സ്റ്റേജിന് പുറകിൽ നിന്നും പ്രത്യേക താളത്തിൽ മുമ്പിലേക്കു വന്ന് പാടുന്നു.)

കണ്ണുണ്ടായാൽ പോരാ
കാണണം, കാണണം
കാണേണ്ടത് കാണണം
കാതുണ്ടായാൽ പോരാ
കേൾക്കണം, കേൾക്കണം
കേൾക്കേണ്ടതു കേൾക്കണം
നാവുണ്ടായാൽ പോരാ
പറയണം, പറയണം
പറയേണ്ടത് പറയണം.

(സംഘം കുട്ടികളുടെ ഇടയിലൂടെ ഇറങ്ങി നടന്ന് അകലുന്നു. അപ്പോഴും അകലെ നിന്നും ഈ ശബ്ദം കേൾക്കാം)

## ബാലോത്സവ ജാഥ സ്ക്രിപറ്റുകൾ

### ഞങ്ങടെ വാനം

പുലരുമ്പോൾ
കതിരവനുണരണ ചുവന്നവാനം
മൂവന്തിക്കമ്പിളി മിന്നണ
തുമ്പപ്പൂവാനം

വെള്ളിമേഘച്ചെമ്മരിയാടുകൾ
തുള്ളിയോടും വാനം
ഞങ്ങളുടെ വാനം
ആഹാ! ഞങ്ങടെ വാനം!

മഴവിൽകൊടി കാവടികെട്ടി
ചാഞ്ചാടുന്നൊരു വാനം
പൂപ്പുഞ്ചിരിതൂകം താരകൾ
പുല്ലാങ്കുഴലൂതി നടക്കണ
തെളിഞ്ഞ വാനം.

ഞങ്ങടെ പൂവാനം

ആഹാ! ഞങ്ങടെ വാനം....
ഇടനേരത്തിത്തിരിനേരം
കരിമേഘക്കവിളും കാട്ടി
പിണങ്ങി നിൽക്കണ വാനം

ഇടിവെട്ടിൻ തീത്തുടികൊട്ടി
തുള്ളാട്ടം തുള്ളണ വാനം....
ഇടിമിന്നൽ പിപ്പിടികാട്ടി
പേടിപ്പിക്കണ മാനം....

മഴയെന്നൊരു പീച്ചാം കുഴലാൽ
കുളിരണിയിക്കണ മാനം.
ഞങ്ങടെ വാനം
ആഹാ ഞങ്ങടെ വാനം....

ഏഴാംകടലക്കരെയുള്ളൊരു
മുത്തശ്ശിക്കഥയിലെ സുന്ദരി
കാണാച്ചിറകണിഞ്ഞു പാറണ
തുടുത്ത വാനം....
ആഹാ ഞങ്ങടെ വാനം.......

ആകാശത്തോളം വളരാ-
നാവേശം നൽകണ വാനം....
തൂവെള്ളപ്രാവുകൾ പാറണ
നീലവാനം
ആഹാ നീലവാനം.

ആവാനത്തഗ്നി വിതക്കും
ആസുരശക്തികളേ
ആവാനം തീക്കളമാക്കണ
ദുഷ്ടരാക്ഷസരേ....

ചെറുകയ്യുകൾ വാനിലുയർത്തി
പുതുലോകപ്പാട്ടും പാടി
ചിരികൊണ്ടൊരു വൻമതിൽകെട്ടി
ചെറുത്തുനിൽക്കും
ഞങ്ങൾ ചെറുത്തു നിൽക്കും
ഞങ്ങൾ ചെറുത്തു നിൽക്കും.

---------------

## കണ്ടിട്ടുണ്ടോ..... കേട്ടിട്ടുണ്ടോ....

പുലർകാലപ്പൂവിരിയുമ്പോൾ
പകലോനൊരു ചെറു ചിരിതൂകി
മലകേറി വരുന്നൊരു കേറ്റം
കണ്ടിട്ടുണ്ടോ?
നിങ്ങൾ കണ്ടിട്ടുണ്ടോ?

തുടുകണ്ണുകൾ കൂമ്പിയുറങ്ങും
ചെറുപൂക്കളെ വിളിച്ചുണർത്താൻ
വടികുത്തി വരുന്നൊരു കാറ്റിൻ
ചൂളംവിളികേട്ടിട്ടുണ്ടോ.....
നിങ്ങൾ കേട്ടിട്ടുണ്ടോ....!

കണ്ടിട്ടുണ്ടോ, നിങ്ങൾ കേട്ടിട്ടുണ്ടോ?
കണ്ടിട്ടുണ്ടോ, നിങ്ങൾ കേട്ടിട്ടുണ്ടോ?
ചെറുകുഞ്ഞിനു വിശപ്പകറ്റാൻ
കുഞ്ഞിച്ചിറകഴകിൽ വളരാൻ
അകലങ്ങളിലന്നം തേടി
കുതികൊള്ളും പറവക്കൂട്ടം
കണ്ടിട്ടുണ്ടോ?
നിങ്ങൾ കണ്ടിട്ടുണ്ടോ?
തേനുണ്ണാൻ തിരക്കിലെത്തും
കരിവണ്ടിൻ കാതിൽ പൂവൊരു
കിന്നാരം മൂളണ മൂളൽ
കേട്ടിട്ടുണ്ടോ?
നിങ്ങൾ കേട്ടിട്ടുണ്ടോ?
കണ്ടിട്ടുണ്ടോ നിങ്ങൾ കേട്ടിട്ടുണ്ടോ....!
നിങ്ങൾ കേട്ടിട്ടുണ്ടോ....
നിങ്ങൾ കണ്ടിട്ടുണ്ടോ....
പുലർകാലം പോയ്മറയുമ്പോൾ
കതിരോനൊരു കനലാവുമ്പോൾ
പുകപൊങ്ങാക്കുടിലിന്നുള്ളിൽ
ചെറു പൈതൽ വിശപ്പിനാലേ
കരയുന്നത് കേട്ടിട്ടുണ്ടോ.....?
നിങ്ങൾ കണ്ടിട്ടുണ്ടോ?

വഴിവക്കിലൊരാലിൻ ചോട്ടിൽ
വിറയാർന്നു വിളർത്തൊരുമേനി
ഒരു കാശിന് കനിവുംതേടി
വഴിപോക്കരെ മാടിവിളിക്കണ
കണ്ടിട്ടുണ്ടോ....
നിങ്ങൾ കേട്ടിട്ടുണ്ടോ....
കണ്ടിട്ടുണ്ടോ നിങ്ങൾ
കേട്ടിട്ടുണ്ടോ....?

“കാണാത്തോരോട് എന്താ പറയാനുള്ളത്ന്നോ?
കേട്ടോളൂ”
കണ്ടിട്ടും കാണാതെ
കേട്ടിട്ടും കേൾക്കാതെ
ഒരു ചോദ്യവുമില്ലാതെ
ഒരു കൂട്ടം മിണ്ടാതെ
വഴി നടന്നീടരുതേ....
ഒരു നാളും വഴിനടന്നീടരുതേ
“കണ്ടിട്ടും കാണാതെ, കേട്ടിട്ടും കേൾക്കാതെ
ഒരു ചോദ്യവും ഇല്ലാതെ” ഒന്നും മിണ്ടാതെ
വഴിനടക്കോ.... ജീവിക്കോ.... ഉവ്വോ”....?
“ഇല്ല....”

---------

കാണാപ്പാടം കാണാപ്പാഠം

കാണാത്തപാടത്ത്
കാണാപ്പാടത്ത്
ഇല്ലാത്ത വിത്തെന്നൊ-
രില്ലാവിത്ത്

വിതച്ചിട്ടും വിതച്ചിട്ടും
മുളവന്നില്ല
മുളവന്നില്ല.... മുളവന്നില്ല....

ഒരു വട്ടം വിതച്ചിട്ടും
ഇരുവട്ടം വിതച്ചിട്ടും
മൂവട്ടം വിതച്ചിട്ടും
മുളവന്നില്ല
മുളവന്നില്ല.... മുളവന്നില്ല....

കാണാത്ത പാടത്ത്
കാണാപ്പാടത്ത്
ഇല്ലാത്തകത്തിയൊ-
രില്ലാക്കത്തി.
വിളകൊയ്യാൻ ചെന്നപ്പോ
അയ്യയ്യയ്യാ.....
വിളകണ്ടില്ലാ....
വിളകണ്ടില്ലാ.....വിളകണ്ടില്ലാ.....

കാണാപ്പാടത്തെ
കൊയ്ത്തുപോലാണേ
കാണാപ്പാഠം പഠിത്തം
നമ്മുടെ കാണാപ്പാഠം പഠിത്തം
അക്ഷരം നോക്കാതെ
യർത്ഥമറിയാതെ
തത്തമ്മേ തത്തമ്മേ
പൂച്ച പൂച്ച
തത്തമ്മേ തത്തമ്മേ
പൂച്ച പൂച്ച.

-------

കഥവരമ്പും കേറി കളിവരമ്പും കേറി

കാതിലൊരാലോലമൂഞ്ഞാലുകെട്ടിയ
മുത്തശ്ശി, കഥയുടെ കെട്ടഴിച്ചു
കഥയുടെ കെട്ടിൽ നിന്നായിരം തൂമണി-
മുത്തുകൾ ചുറ്റും ചിതറി വീണു
(കാതിലൊരാലോലം....)
മൂക്കില്ലാ രാജാവിൻ കഥ കേട്ടു ഞങ്ങ-

ളുന്നറിയാതെ മൂക്കത്ത് വിരലുവെച്ചു.
രാജകുമാരിയെ രാക്ഷസൻ കട്ടപ്പോ-
ളാകവേ ഞെട്ടിത്തരിച്ചു ഞങ്ങൾ
(കാതിലൊരാലോലം....)
ആമ മുയലിനെ നാണം കെടുത്തിയ
കഥയുടെ തുമ്പിലുറങ്ങി ഞങ്ങൾ
കഥവരമ്പത്തൂടെ കേറി, കളിവരമ്പത്തൂടെ
കളകളം പാടി നടന്നു ഞങ്ങൾ....
(കാതിലൊരാലോലം....)
കഥവരമ്പും കേറി, കളിവരമ്പും കേറി
കാര്യക്കരിമലയേറിടട്ടേ
ഞങ്ങൾ
കരകാണാക്കടലിന്റെ കരകാണട്ടേ
(കാതിലൊരാലോലം....)
—————————

## യുറീക്ക

(8 പേരുള്ള സംഘം പിന്നരങ്ങിൽ നിരക്കുന്നു. പിന്നീട് പകുതി പേർ വലത്തോട്ടും പകുതി പേർ ഇടത്തോട്ടും തിരിഞ്ഞ് മുന്നോട്ടു നീങ്ങി അരങ്ങിന്റെ അതിരിലെത്തി സദസ്സിനു നേരെ തിരിഞ്ഞ് മുന്നോട്ടു വന്ന് മുന്നരങ്ങിലെത്തി വലതുവശത്തെ സംഘം ഇടത്തോട്ടും ഇടതുവശത്തെ സംഘം വലത്തോട്ടും തിരിഞ്ഞ് മുന്നോട്ടു നീങ്ങി മുഖാമുഖം എത്തി സദസ്സിനു നേരെ തിരിഞ്ഞ് പ്രത്യേക രീതിയിൽ കൈയടിക്കുന്നു.)

സംഘം : ഈ നാടകത്തിലെ സംഭവം 1900 വർഷങ്ങൾക്കുമുമ്പ് ഹൈറോൺ ചക്രവർത്തിയുടെ ഭരണകാലത്ത് നടന്നതാണ്. സംഭവിച്ചത് എന്താണെന്നോ? ഹൈറോൺ ചക്രവർത്തി ഒരു സ്വർണക്കിരീടം പണിയിച്ചു. പണിതീർത്ത കിരീടം രാജകൊട്ടാരത്തിലെത്തി.
(സംഘം മാറുമ്പോൾ പിന്നിൽ മന്ത്രിയും രാജാവും)

മന്ത്രി : ഹായ്! എന്തൊരു തിളക്കം! കണ്ണു മഞ്ഞളിക്കുന്നു!

രാജാ : പണി നന്നായിട്ടുണ്ട്, അല്ലേ മന്ത്രി!

മന്ത്രി : അതെ തിരുമേനി...സ്വർണ്ണത്തിലെഴുതിയ കവിത.

രാജാ : കിരീടം നമുക്കിഷ്ടമായി...പക്ഷെ നമുക്കൊരു സംശയം..

മന്ത്രി : എന്താണാവോ?

രാജാ : നാം നല്കിയ സ്വർണം മുഴുവനും കിരീടത്തിന് ഉപയോഗിച്ചിട്ടുണ്ടാവുമോ?

മന്ത്രി : ഒരു പണത്തൂക്കംപോലും കുറയില്ലെന്നാണ് തട്ടാൻ ഉണർത്തിച്ചത്. തനിക്കട്ടി സ്വർണ്ണത്തിൽ തീർത്തിരിക്കയാണത്രെ...വേണമെങ്കിൽ തൂക്കിനോക്കാമല്ലോ.

രാജാ : തൂക്കത്തിന്റെയല്ല, മാറ്റിന്റെ കാര്യമാണ് പറഞ്ഞത്.

മന്ത്രി : ശരിയാണ്....സ്വർണം എടുത്തശേഷം അത്രയും തൂക്കം ചെമ്പു ചേർക്കാമല്ലോ.

രാജാ : അതു നാമെങ്ങനെ മനസ്സിലാക്കും?

മന്ത്രി : മാറ്റുരച്ചുനോക്കിയാലോ?

രാജാ : ഈ സുന്ദരമായ കലാസൃഷ്ടിയിൽ പോറൽ വീഴ്ത്തുകയോ? വേണ്ട, വേണ്ട...

മന്ത്രി : അല്ലാതെ മാറ്റിന്റെ കാര്യം എങ്ങനെ ബോധ്യപ്പെടും?

രാജാ : അതാണ് നാമും ആലോചിക്കുന്നത്...ആരവിടെ...പണ്ഡിതനായ ആർക്കമിഡിസിനെ ആനയിക്കൂ...
(ആർക്കമിഡിസ് പിന്നിൽനിന്നു വരുന്നു.)
ആർക്കമിഡിസിന് സ്വാഗതം...സുഖമല്ലേ?

ആർക്ക : അവിടുത്തെ കാരുണ്യംകൊണ്ട്.

രാജാ : നാം പണിയിച്ച ഈ സ്വർണക്കിരീടത്തിൽ മായം ചേർത്തിട്ടുണ്ടോ എന്നറിയണം. പക്ഷെ ഒരു കാര്യം...കിരീടത്തിന് ഒരു പോറൽപോലും ഏൽക്കരുത്.

ആർക്ക : തിരുമേനീ...അടിയന് ഒരാഴ്ച സമയം അനുവദിക്കണം.

രാജാ : ആർക്കമിഡിസ്, താങ്കൾക്കതിനു കഴിഞ്ഞില്ലെങ്കിൽ?

ആർക്ക : അടിയനതു മനസ്സിലായി...
(രംഗം മാറുന്നു. സംഘം അരങ്ങത്തു ചിതറി നില്ക്കുന്നു.)

A : ഇക്കുറി ആർക്കമിഡിസിന്റെ തല പോകുമെന്നാണ് തോന്നുന്നത്.

B : ആർക്കമിഡിസ് എന്തെങ്കിലും ചെയ്യാതിരിക്കില്ല. തനിക്കറിയാമോ, ഇതിനെക്കാൾ പ്രയാസമേറിയ കാര്യങ്ങൾ പലതും അദ്ദേഹം ചെയ്തിട്ടുണ്ട്.

A : നേരോ?

C : പിന്നില്ലാതെ. അന്നൊരിക്കൽ കപ്പൽ പൊക്കിയത് ആർക്കമിഡിസിന്റെ ബുദ്ധിയായിരുന്നില്ലേ?

D : അതെയതെ...അതു ഞാൻ നേരിൽ കണ്ടതാണ്. ഒരാളെക്കൊണ്ട് ഒരു കപ്പൽ പൊന്തിക്കുക... ആർക്കമിഡിസ് കരയിൽ അസംഖ്യം കപ്പികൾ കെട്ടിത്തൂക്കി. അവയിലൂടെ ചുറ്റിയെടുത്ത കയറിന്റെ ഒരറ്റം കപ്പലുമായി കൂട്ടിക്കെട്ടി. മറ്റേ അറ്റം ഒരാളുടെ കൈയിൽ കൊടുത്തു. കയർ പതുക്കെയങ്ങനെ വലിക്കാൻ തുടങ്ങി. പിന്നെ കുറെക്കൂടി ശക്തിയിൽ...അപ്പോഴതാ...കപ്പൽ പൊങ്ങിപ്പോകുന്നു.

A : നേരോ?

E : അതെ സുഹൃത്തെ, ജനങ്ങൾ അന്തംവിട്ടുപോയി.

F : പക്ഷെ ഇത്തവണ ആർക്കമിഡിസിന്റെ ബുദ്ധി തോറ്റതുതന്നെ.

G : നിങ്ങൾക്കെന്തറിയാം സുഹൃത്തേ...ആർക്കമിഡിസ് ജയിക്കും...പന്തയം...

H : എന്നിട്ടെന്തേ ഇപ്പോൾ? ദിവസം ആറും കഴിഞ്ഞല്ലോ... ആർക്കമിഡിസിനെ പിന്നെ ഈ വഴിക്കു കണ്ടിട്ടുണ്ടോ? ഇന്നാണ് അവസാന ദിവസം.
(അണിയറയിൽ... "യുറീക്കാ....യുറീക്കാ...")

A : ആർക്കമിഡിസിന്റെ ശബ്ദമല്ലേ അത്...
(സംഘം നിശ്ശബ്ദരായി ശ്രദ്ധിക്കുന്നു. അണിയറയിൽ)

ആർക്ക : കണ്ടെത്തി പ്രഭോ! കിരീടത്തിൽ മായം ചേർത്തിട്ടുണ്ടോ എന്ന് അടിയൻ കണ്ടുപിടിക്കാം...

രാജാ : ആർക്കമിഡിസ്, താങ്കൾക്ക് പരിസരബോധം നഷ്ടപ്പെട്ടെന്നു തോന്നുന്നു...താങ്കൾ വസ്ത്രം ധരിച്ചിട്ടില്ലല്ലോ...

ആർക്ക : ക്ഷമിക്കണം പ്രഭോ...കുളിക്കാനായി വെള്ളം നിറച്ച പാത്രത്തിൽ ഇറങ്ങിയപ്പോഴാണ് അടിയൻ വഴി കണ്ടെത്തിയത്.

രാജാ : അപ്പോൾ എല്ലാം മറന്നു...അല്ലേ...ശരി...വസ്ത്രങ്ങൾ ധരിച്ചു കാര്യഗൃഹത്തിലേക്കു വരൂ...
(സംഘം മുന്നിൽ നിരക്കുന്നു...പ്രത്യേക രീതിയിൽ കയ്യടി...)

സംഘം : ആർക്കമിഡിസ് കണ്ടെത്തി. ദ്രവ്യത്തിന്റെ പിണ്ഡവും അതിന്റെ വ്യാപ്തവും തമ്മിലുള്ള ബന്ധം അടിസ്ഥാനമാക്കി ഒരു പുതിയ ശാസ്ത്രതത്ത്വം...പിറ്റേന്ന് കിരീടം തീർത്ത ശില്പി രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു.
(പ്രത്യേക രീതിയിൽ കയ്യടി...സംഘം മാറുമ്പോൾ രാജസന്നിധി...രാജാവ്, ആർക്കമിഡിസ്, ശില്പി രംഗത്ത്)

ആർക്ക : പ്രഭോ, സംഗതി ഇതാണ്...നമ്മൾ കിരീടത്തിന്റെയത്ര തൂക്കമുള്ള സ്വർണ്ണക്കട്ടി പാത്രത്തിലെ വെള്ളത്തിലിട്ടപ്പോൾ ജലനിരപ്പ് പാത്രത്തിന്റെ വക്കുവരെ എത്തി...ഇല്ലേ...?

രാജാ : ഉവ്വ്, നാമതു കണ്ടതാണ്.

ആർക്ക : പിന്നീടു കിരീടമിട്ടപ്പോഴോ?

രാജാ : വെള്ളം പാത്രത്തിൽനിന്നു കവിഞ്ഞൊഴുകി...പക്ഷെ...അതുകൊണ്ട്...

ആർക്ക : കിരീടത്തിൽ മായം ചേർന്നിട്ടുണ്ട് എന്നാണ് അതിനർത്ഥം.

ശില്പി : കള്ളം...കള്ളം...ഇയാൾ മാന്ത്രികനാണ്...

രാജാ : ശില്പിക്ക് മറ്റെന്തെങ്കിലും പറയാനുണ്ടോ?

ശില്പി : ക്ഷമിക്കണം പ്രഭോ?...ആരോപണത്തിന് എന്തെങ്കിലും അടിസ്ഥാനം വേണ്ടേ?

രാജാ : അടിസ്ഥാനമില്ലെന്നാണോ?

ശില്പി : ആർക്കമിഡിസിനോട് ചില കാര്യങ്ങൾ ചോദിക്കാൻ അനുവദിക്കണം.

രാജാ : അനുവദിച്ചിരിക്കുന്നു.

ശില്പി : ആർക്കമിഡിസ്...താങ്കളുടെ ചെപ്പടിവിദ്യ കൊള്ളാം. കിരീടത്തിനു സ്വർണ്ണക്കട്ടിയെക്കാൾ വലുപ്പമുണ്ട്. അതുകൊണ്ടല്ലേ കൂടുതൽ ജലം പുറത്തേക്കൊഴുകിയത്.

ആർക്ക : സ്വർണ്ണക്കട്ടി അടിച്ചുപരത്തി താങ്കൾ കിരീടത്തിന്റെ രൂപത്തിലാക്കി...ഒട്ടും സ്വർണ്ണം നഷ്ടപ്പെടാതെ...അല്ലേ...

ശില്പി : അതേ.

ആർക്ക : അപ്പോൾ കിരീടം വീണ്ടും അടിച്ചു സ്വർണ്ണക്കട്ടിയാക്കിയാൽ ആദ്യത്തെ സ്വർണ്ണക്കട്ടിയുടെ വലുപ്പംതന്നെ ഉണ്ടാവില്ലേ?

ശില്പി : അത്...അത്...

രാജാ : പറയൂ..., ശില്പീ...

ശില്പി : അതുകൊണ്ട് മായം ചേർത്തു എന്നു പറയുന്നതെങ്ങനെ?

ആർക്ക : ഇനിയും ബോധ്യമായില്ലേ?...എങ്കിൽ ചോദിക്കട്ടെ...ഒരു തൂക്കം സ്വർണ്ണക്കട്ടിയും ഒരു തൂക്കം ചെമ്പിൻകട്ടിയുമെടുത്താൽ ഏതിനാണ് വലുപ്പക്കൂടുതൽ?

ശില്പി : തീർച്ചയായും ചെമ്പിൻകട്ടിക്കാവും...

ആർക്ക : അരത്തൂക്കം സ്വർണ്ണവും അരത്തൂക്കം ചെമ്പും ചേർത്തുണ്ടാക്കിയ ലോഹമുണ്ടെന്നു വയ്ക്കൂ... അതിന്നാണോ, തികച്ചും ഒരു തൂക്കം സ്വർണ്ണക്കട്ടിയ്ക്കാണോ വലുപ്പക്കൂടുതലുണ്ടാവുക?

ശില്പി : അത് ചെമ്പു ചേർത്ത സ്വർണ്ണത്തിനായിരിക്കും...

ആർക്ക : അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്...മഹാരാജാവേ...ശില്പി ശുദ്ധമായ സ്വർണ്ണത്തിൽ ചെമ്പു കലർത്തിയിരിക്കുന്നു.

ശില്പി : അങ്ങനെയാണെങ്കിൽ ഈ നിറവും തിളക്കവുമൊക്കെ എങ്ങനെയുണ്ടാകും?

ആർക്ക : നിറവും തിളക്കവുമുണ്ടാക്കാൻ സ്വർണ്ണപ്പണിക്കാരനായ നിങ്ങൾക്ക് ഞാൻ പറഞ്ഞുതരേണ്ട തില്ലല്ലോ...മഹാരാജാവേ...ഈ കിരീടത്തിലെ ദ്രവ്യത്തിന്റെ അതായത് സ്വർണ്ണവും ചെമ്പും കലർന്നിട്ടുള്ള ലോഹസങ്കരത്തിന്റെ വ്യാപ്തം അതേ തൂക്കത്തിലുള്ള സ്വർണ്ണത്തിന്റെ വ്യാപ്ത ത്തെക്കാൾ കൂടുതലാണ്. അതുകൊണ്ടാണ് കൂടുതൽ ജലം കവിഞ്ഞൊഴുകിയത്...

രാജാ : ആർക്കമിഡിസ്, താങ്കൾ പറഞ്ഞത് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു...ശില്പീ...സത്യം പറയൂ... താങ്കൾ കിരീടത്തിലെ സ്വർണ്ണത്തിൽ ചെമ്പു കലർത്തിയിട്ടുണ്ടോ?

ശില്പി : അയ്യോ...അങ്ങനെയൊരു കൈപ്പിഴ പറ്റിപ്പോയി തിരുമേനീ...

രാജാ : അത് ആദ്യംതന്നെ പറയാമായിരുന്നു...ആരവിടെ...ഈ ശില്പിയെ ബന്ധനസ്ഥനാക്കുക. നാളെ പ്രഭാതത്തിൽ നമ്മുടെ പ്രധാന വീഥിയിൽ പൗരമുഖ്യരും വണിക്കുകളും മഹാജനങ്ങളും എത്തിച്ചേരട്ടെ... അവിടെ വച്ച് സത്യം മറച്ചുപിടിച്ച ശില്പിയുടെ രണ്ടു കൈകളും വെട്ടിക്കള യുക...

ശില്പി : പ്രഭോ! അടിയൻ...മാപ്പ്...മാപ്പ്...

രാജാ : ഈ ഹൈറോൺ ഒരിക്കലെടുത്ത തീരുമാനം മാറ്റില്ല. ആർക്കമിഡിസ്, താങ്കളുടെ കഴിവിൽ ഈ രാജ്യത്തിന്റെ ഭരണാധിപനായ നാം അഭിമാനിക്കുന്നു.

ആർക്ക : അവിടുത്തെ കാരുണ്യം...
(സംഘം മുന്നിൽ നിരന്ന് പ്രത്യേക രീതിയിൽ കയ്യടിക്കുന്നു.)

സംഘം : ആർക്കമിഡിസിന്റെ തത്വം-നാം
യുറീക്കയിലൂടോർക്കും തത്വം
ദ്രവ്യത്തിൻ പ്ലവനതത്വം.
(ആവർത്തിച്ചശേഷം "കയ്യടിച്ചു" പിരിയുന്നു.)

**കുറിപ്പ്:**

ഈ ചിത്രീകരണത്തിൽ വാദ്യങ്ങളോ സംഗീതമോ ഒന്നും ഉപയോഗിക്കുന്നില്ല. രാജാവിന് ഒരു ചെറിയ തലയിൽക്കെട്ടും ലഘുവായ ഉത്തരീയവും വേഷം. മറ്റുള്ളവർ തികച്ചും സാധാരണീയർ...രംഗ ചലനം അതീവലളിതം.

## ബാലകവിതാമാലിക

എം.എസ്. മോഹനൻ

ഗ്രൂപ്പ് വഞ്ചിയുടെ ആകൃതിയിൽ നിന്ന് വഞ്ചി തുഴയുന്നതുപോലെ കൈകൾ ചലിപ്പിച്ച് പാടുന്നു.

I : കൂട്ടുകാരെ വന്നീടുവിൻ
ഗ്രൂപ്പ് തൈതൈ തകതെയ് തെയ്തോം.
I : കൂട്ടുകാരെ വന്നീടുവിൻ
ഗ്രൂപ്പ് തിത്തത്താ തിത്തൈ തൈ.
I : കൂട്ടുകാരെ വന്നീടുവിൻ പാട്ടുപാടിക്കളിച്ചീടാം

കൂട്ടുചേർന്നു വഞ്ചിയേറി പാട്ടുകൾ പാടാം.

ഗ്രൂപ്പ് ഓ തിത്തിത്താരാ തിത്തിത്തൈ തിത്തൈ തക തൈതൈതോം.

(വഞ്ചി നിൽക്കുന്നു.)

ഒരാൾ : (കുട്ടികളോടായി) നിങ്ങളുടെ പാഠപുസ്തകത്തിൽ ഒരുപാട് പാട്ടുകളുണ്ട്. താളത്തിലും ഈണത്തിലും പാടാൻ പറ്റിയ പാട്ടുകൾ. നല്ല അർത്ഥമുള്ള പാട്ടുകൾ. താളവും ഈണവുമുള്ള ഒരു വഞ്ചിപ്പാട്ട് നമുക്കൊന്നു പാടാം. (കുട്ടികളെക്കൊണ്ട് കൂടെ പാടിപ്പിക്കുന്നു.)

പൊന്നുകൊണ്ടു പോളചാർത്തി

തിത്തൈ തകതൈ തൈതോം

വെള്ളികൊണ്ടു മണികെട്ടി

തിത്തത്താ തിത്തൈ തൈ

പരുന്തുപോൽ ചുണ്ടൻവള്ളം

പറന്നുപോയി.

ഓ തിത്തിത്താരാ തിത്തിത്തൈ

തിത്തൈ തക തെയ്തെയ്തോം.

മറ്റൊരാൾ : ഇത് ജലോത്സവത്തിനു പാടുന്ന പാട്ട്. പാഠപുസ്തകത്തിൽ ഉത്സവങ്ങളെക്കുറിച്ച് വേറെയും പാട്ടുകളുണ്ട്.

(രംഗത്ത് വാദ്യക്കാർ നിരക്കുന്നു. ചെണ്ട, ചേങ്കില, മദ്ദളം, കൈമണി).

ഗ്രൂപ്പ് : അമ്പലമുറ്റത്താനനിരന്നു

പൊന്നിൻ നെറ്റിപ്പട്ടമണിഞ്ഞു

ചെണ്ടകൾ തിമിലകൾ ചേങ്ങിലതാളം

കൊമ്പുകൾ കുഴലുകളുത്സവമേളം.

(ഒരു ചെണ്ടമേളത്തിന്റെ രീതിയിൽ പാടുന്നു.)

ഗ്രൂപ്പ് : ഇണ്ടിണ്ടം താളത്തിൽ ചെണ്ട കൊട്ടീ.

(ഒരാൾ ചെണ്ട തോളിലിട്ടു കൊട്ടുന്നതായി അഭിനയിക്കുന്നു.)

(ഇണ്ടിണ്ടണ്ടം ഇണ്ടിണ്ടണ്ടം ഇണ്ടം ഇണ്ടം ഇണ്ടിണ്ടണ്ടം...)

ഗ്രൂപ്പ് : ണേ ണേ ണേ നാദത്തിൽ ചേങ്കിലയും (ഒരാൾ ചേങ്കിലയുമായി വരുന്നു.)

ണേ...ണേ...ണേ...ണേ...

ഗ്രൂപ്പ് : തദ്ദിമി താളത്തിൽ മദ്ദളം കൊട്ടി (ഒരാൾ മദ്ദളവുമായി വന്ന് മുന്നിൽ നിന്നുകൊട്ടുന്നു.)

ഇമ്പ്ളമ്പ്ളമ്പ്ളം ഇമ്പ്ളമ്പ്ളമ്പം

ഇമ്പ്ളം ഇമ്പ്ളം ഇമ്പ്ളമ്പ്ളമ്പം

ഗ്രൂപ്പ് : ചെണ്ട ചേങ്കില മദ്ദളം കൈമണി ചേർന്നാലെന്തൊരു മേളം.

(നാലും കൂടി ചേർത്ത് കൊട്ടുന്നു. കൊട്ടുമുറുകി അവസാനിക്കുന്നു.)

ഒരാൾ : ഇത് അമ്പലത്തിലെ ഉത്സവം. കേരളീയരെല്ലാവരും ആഘോഷിക്കുന്ന നമ്മുടെ ദേശീയോത്സവമുണ്ടല്ലോ ഓണം.

തിരുവോണം. (രംഗത്ത് കുമ്മിയടിച്ചു കളിക്കുന്നു.)

മാവേലിത്തമ്പുരാൻ നാടുകാണാൻ വരും

മാസമിതാവണി മാസം

മാനം നറുനിലാ പാലാഴിയായ് മാറും

മാസമിതാവണി മാസം
മഞ്ഞവെയിൽ പാവുമുണ്ടുടുത്തെത്തുന്ന

മാസമിതാവണി മാസം
മണ്ണിലും വിണ്ണിലും പൂക്കൾ ചിരിക്കുന്ന

മാസമിതാവണി മാസം

ഒരാൾ : ഓണത്തിന് പണ്ടൊക്കെ ധാരാളം പൂവിളി കേൾക്കാറുണ്ടായിരുന്നു. ഇപ്പോൾ അത്രയൊന്നുമില്ല. അതുകൊണ്ട് ഒരു പൂവിളി

കേട്ടോളൂ...
പൂവേ പൊലി പൂവേ പൊലി

പൂവേ പൊലിപൂവേ

(ചുവടുവെച്ചു കളിക്കുന്നു.)
കറ്റക്കറ്റക്കയറിട്ടു

കയറാലഞ്ചു മടക്കിട്ടു

നെറ്റിപ്പട്ടം പൊട്ടിട്ടു

കൂടെ ഞാനും പൂവിട്ടു
പൂവേ പൊലി പൂവേ പൊലി

പൂവേ പൊലിപൂവേ

ഒരാൾ : ഓണത്തിനു പാടുന്ന മറ്റൊരു പാട്ടാണ് തുമ്പിപ്പാട്ട്. രണ്ടാം ക്ലാസിലെ ഒരു പാട്ട് കേട്ടോളൂ. (സംഘം രണ്ട് ഗ്രൂപ്പായി പിരിയുന്നു.) പരസ്പരം ചോദ്യക്കളി കളിക്കുന്നു.

I : ഒന്നാനാം കൊച്ചുതുമ്പീ

എന്റെ കൂടെ പോരുമോ നീ

II : നിന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുമെനിക്ക്?

I : കളിപ്പാനോ കളംതരുവേൻ

കുളിപ്പാനോ കുളം തരുവേൻ

II : നിന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുമെനിക്ക്?

I : ഇട്ടിരിപ്പാൻ പൊൻതടുക്ക്

ഇട്ടുണ്ണാൻ പൊൻതളിക

II : നിന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുമെനിക്ക്?

I : കൈകഴുകാൻ വെള്ളിക്കിണ്ടി

കൈതോർത്താൻ പുള്ളിപ്പട്ട്

II : നിന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുമെനിക്ക്?

I : ഇവയെല്ലാം തന്നീടാം
എന്റെ കൂടെ പോരുമോനീ...

ഒരാൾ : ഇനി രണ്ടാം ക്ലാസിലെ വേറൊരു പാട്ട്. (ഗ്രൂപ്പ് തിരിഞ്ഞുള്ള ചോദ്യോത്തര രൂപത്തിൽ).

I : എന്തോന്ന്?

II : ചാന്തോന്ന്

I : ചാന്തെങ്കിൽ മണക്കൂലെ

II : മണക്കുന്ന പൂവല്ലെ

I : പൂവെങ്കിൽ കെട്ടൂല്ലെ

II : കെട്ടുന്ന കയറല്ലേ-

I : കയറെങ്കിൽ ചുറ്റൂല്ലേ-

II : ചുറ്റുന്ന പാമ്പല്ലേ-

I : പാമ്പെങ്കി കൊത്തൂല്ലേ

II : കൊത്തുന്ന കൊഴുല്ലേ-

ഗ്രൂപ്പ് Iന് ഉത്തരം മുട്ടി അവർ മറ്റേ ഗ്രൂപ്പിനെ കളിയാക്കുന്നു.

I : കൊക്കക്കൊ കൊക്കരക്കോ.

II : കൊക്കക്കൊ കൊക്കരക്കോ.

(തള്ളക്കോഴിയും കുഞ്ഞുങ്ങളുമായി സംഘം സ്വയം മാറുന്നു.)

പാട്ട് : തള്ളക്കോഴി പറഞ്ഞുതുടങ്ങി

കൊക്കൊ കൊക്കൊക്കൊ

കൊത്തിച്ചിക്കിച്ചികഞ്ഞിട്ട് കൊറ്റിൽ

കൊത്തിത്തുള്ളി നടക്കുന്ന കുഞ്ഞിന്

തള്ളക്കോഴി പറഞ്ഞുകൊടുത്തു

കൊക്കൊ കൊക്കക്കൊ.

തള്ളക്കൊഴി: കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ

കാഞ്ഞവെയിലത്തു കാലുപൊള്ളുമ്പോൾ

എന്നുമെന്റെ ചിറകിന്റെ കീഴിൽ

നിന്നു നിന്റെ വയറു നിറക്കാ-

മെന്നു തോന്നുന്ന തോന്നലുവേണ്ടാ

നിന്റെ ജീവിതം നിൻകാര്യം മാത്രം.

ഒരാൾ : തള്ളക്കോഴി മക്കളെ പഠിപ്പിച്ചു വലുതാക്കുന്ന രീതിയിൽ എഴുതിയ ഒരു പാട്ടാണിത്. നാലാം ക്ലാസിലെ. ആട്ടെ!

നിങ്ങളൊക്കെ പഠിച്ച് വലുതായാൽ എന്താ ചെയ്യാ. നാലാം ക്ലാസിലെ അവസാന പദ്യം കേൾക്കൂ.

പഠിപ്പു തീർന്നാൽ പള്ളിക്കൂടം

വിട്ടുകഴിഞ്ഞെന്നാൽ

പറയുക പറയുക പിന്നീടെന്തൊരു

പണിക്കുപോകും നീ...?

(ഒരാൾ കൃഷിക്കാരനെപ്പോലെ കലപ്പയും തോളിൽ വെച്ചു പോകുന്നു. ഗ്രൂപ്പു മുഴുവൻ കർഷകരായി മാറുന്നു.

കൃഷിപ്പണിയുടെ വിവിധ ദൃശ്യങ്ങൾ.)

കൃഷിക്കു നമ്മുടെ പിതാക്കൾ ചെയ്തൊരു

തൊഴിൽക്കുപോകും ഞാൻ

സമർത്ഥനെന്നെപ്പോലൊരു കർഷക-

നുണ്ടാവില്ലെങ്ങും.

(ഗ്രൂപ്പ് ഏറ്റു പാടുന്നു.)

ഒരാൾ : (മറ്റുള്ളവരോട്)

പഠിപ്പുതീർന്നാൽ പള്ളിക്കൂടം വിട്ട് കഴിഞ്ഞെന്നാൽ

പറയുക പറയുക പിന്നീടെന്തൊരു

പണിക്ക് പോകും നീ

3-ാമൻ : പണം മുടക്കി കോടിക്കണക്കിനു കച്ചവടത്തിന്നായ്
തുനിഞ്ഞിടും ഞാൻ തൊഴിലതിൽ നല്ലതു വേറൊന്നുണ്ടാമോ?

(കച്ചവടത്തിന്റെ ദൃശ്യങ്ങൾ)

ഒരാൾ : പഠിപ്പു തീർന്നാൽ...?

4-ാമൻ : നാട്ടിലശിക്ഷിതരായലയുന്ന ശിശുക്കളെയെല്ലാം ഞാൻ

കൂട്ടിമികച്ചൊരു വിദ്യാനിലയനമാരംഭിച്ചീടും

(ഗുരുകുലവിദ്യാലയത്തിന്റെ മാതൃകയിൽ ഒരു പഠനരീതി ആവിഷ്ക്കരിക്കുന്നു.)

അധ്യാ. : (ഒരു കുട്ടിയോട്)
പഠിപ്പുതീർന്നാൽ...?

കുട്ടി : പഠിപ്പുതീർന്നാൽ പട്ടാളത്തിൽ പോയിച്ചേരും ഞാൻ

പടനായകനായ് ഭാരതരാജ്യം പരിപാലിക്കും ഞാൻ.

ഗ്രൂപ്പ് : പഠിപ്പുതീർന്നാൽ പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ

പല പല പണികളിലേർപ്പെട്ടാലും
മറന്നിടാ ഞങ്ങൾ.

മാതൃധരിത്രിയെ ബഹുമാനിക്കാ-
നവൾക്കു പുകളേറ്റാൻ

മാതൃധരിത്രി പദാംബുജത്തിൽ
പ്രാണനുമർപ്പിക്കാൻ.

(പട്ടാളച്ചിട്ടയിൽ മാർച്ചു ചെയ്തു കടന്നുപോകുന്നു.)

## ഒത്തുപിടിച്ചാൽ

(വേദിയിൽ ഒരു വഴിപോക്കൻ നടന്നുവരുന്നു. വഴിയിൽ ഒരു വലിയ പാറ കാണുന്നു. അത്ഭുതത്തോടെ)

വ.പോ. : ഛെ! ഞാനങ്ങോട്ടുപോകുമ്പോ ഇതിവിടെ ഉണ്ടായിരുന്നില്ലല്ലോ. ആരാണീ വഴിയിൽ ഒരു പാറ കൊണ്ടുവന്നിട്ടത്?
(ഒരാൾ വരുന്നു.)

I : ഇതൊന്നു തള്ളിമാറ്റാൻ സഹായിക്കാമോ?
II : അതവിടെ കെടന്നോട്ടേ. തനിക്കെന്താ കുഴപ്പം?
I : ഇതിവിടെനിന്നു മാറ്റിയാൽ എല്ലാവർക്കും സുഖമായി വഴിനടക്കാമായിരുന്നു.
II : ഞങ്ങളൊക്കെ ഇങ്ങനെയാണ് പോകാറ്. (ഞെങ്ങിഞെരുങ്ങി പോകുന്നു.)
(മൂന്നാമൻ വരുന്നു.)
I : അതേയ്. ഈ പാറയൊന്നു മാറ്റാൻ സഹായിക്കാമോ?
III : സഹായിക്കാം. (ഒറ്റക്ക് പാറ മാറ്റാനൊരുങ്ങുന്നു)
I : ഞാൻ കൂടി സഹായിക്കാം.
III : (പുച്ഛത്തോടെ.) താനോ-സഹായിക്കാനോ. ഇത് ഞാനൊറ്റക്കു ചെയ്തോളാം.
(ഒറ്റക്ക് ശ്രമിച്ച് പരാജയപ്പെടുന്നു. മറിഞ്ഞുവീഴുന്നു.)
I : ഞാനപ്പോഴേ പറഞ്ഞില്ലേ-ഇപ്പോഴെന്തായി?
(പലരേയും വിളിച്ചുകൂട്ടുന്നു. പലരും രംഗത്തെത്തുന്നു. എല്ലാവരും കൂടിച്ചേർന്ന് പാറയെ മറിച്ചിടുന്നു. സ്റ്റിൽ. പ്രധാന ഗായകൻ പാടുന്നു.)
ഒത്തുപിടിച്ചാൽ മലയും പോരും.
ഒത്തില്ലെങ്കിൽ മറിഞ്ഞുവീഴും. (ഗ്രൂപ്പ് ആവർത്തിക്കുന്നു.)
ഒത്താലതു ഒത്തതുതന്നെ
ഒക്കാതെന്തുണ്ട്!
ഒക്കാതെന്തുണ്ട്!
ഒന്നുംല്ല. ഒന്നുംല്ലട്ടോ. (മറിഞ്ഞുവീണുകിടക്കുന്ന ആൾ ഗ്രൂപ്പിൽ ചേരുന്നു.)
ഒത്തുപിടിച്ചാൽ മലയും പോരും.
ഒത്തില്ലെങ്കിൽ മറിഞ്ഞുവീഴും.

പ്രധാന ഗായകൻ : കൊത്തിക്കൊത്തിനടക്കും പറവകൾ വലയിൽ വീണപ്പോൾ

(കോറസ് പ്രാവുകളെപ്പോലെ പറന്നുവരുന്നു. കുറുകുറുശബ്ദങ്ങൾ. കൊത്തിക്കൊത്തി നടക്കുന്നു. വേടൻ

വരുന്നു. വല വീശുന്നു. ആക്ഷൻ. പറവകൾ വലയിൽ കുടുങ്ങി. സ്റ്റിൽ.

പ്രധാന ഗായകൻ : കൊത്തിക്കൊത്തിനടക്കും പറവകൾ വലയിൽ വീണപ്പോൾ
ഒന്നിച്ചൊന്നായ് പറന്നുയർന്നവർ വലയാതായില്ലേ.
വലയാതായില്ലേ.
എന്തുകൊണ്ട്?

കോറസ് : (പറന്നുയർന്നുകൊണ്ട്) അവയൊന്നിച്ചൊന്നായ് പറന്നു.

ഗ്രൂപ്പ് : (ഒത്തുപിടിച്ചാൽ മലയും പോരും.)

(ഒരു വൃദ്ധൻ മുന്നോട്ടു വരുന്നു. കോറസിൽനിന്ന് ഒരു ചെറുപ്പക്കാരനെ വിളിക്കുന്നു. ഒരു വടി കൊടുത്ത് അത് ഒടിക്കാൻ പറയുന്നു. നിഷ്പ്രയാസം ഒടിച്ചുകളയുന്നു. ഒരു കെട്ടു വടി കൊടുക്കുന്നു. ഒടിക്കാൻ കഴിയാതെ വിഷമിക്കുന്നു. മൈമിംഗ്.

പ്രധാന ഗായകൻ : ഒറ്റക്കൊരു കമ്പു മുറിക്കാനെന്തെളുപ്പം
ഒന്നിച്ചൊന്നായ് നിൽക്കും കമ്പുകളെളുപ്പമല്ലല്ലോ
എളുപ്പമല്ലല്ലോ.
എന്തുകൊണ്ട്?

കോറസ് : (ഒന്നിച്ചു ചേർന്നുകൊണ്ട്) അവയൊറ്റക്കെട്ട്.
(ഒത്തുപിടിച്ചാൽ-)

പ്രധാന ഗായകൻ : ഒറ്റത്തുള്ളി വെള്ളംകൊണ്ടൊരു
പുഴയുണ്ടാവില്ല...പുഴയുണ്ടാവില്ല.
ഒന്നിച്ചൊന്നായ് പെയ്യും തുള്ളികൾ
പുഴയായ് മാറുന്നു. കടലായ് മാറുന്നു.

കോറസ് : പലതുള്ളി പെരുവെള്ളം...ഹാ...ഹാ...
(കൈകൾ ഉയർത്തി മുകളിലേക്ക് ആഹ്ലാദം കാണിക്കുന്നു).
(ഒത്തുപിടിച്ചാൽ).

കോറസ് : ഒന്നിച്ചു കളിച്ചു പഠിക്കാൻ
ഒന്നിച്ചു ചിരിച്ചു പഠിക്കാൻ
ഒന്നായിട്ടൊത്തിരിയൊത്തിരി നേടീടാൻ
ഒന്നിക്കുക കൂട്ടരേ ഒന്നാവുക കൂട്ടരേ.
ഒത്തുപിടിച്ചോ ഒത്തുപിടിച്ചോ
ഒത്തുപിടിച്ചോ ഒത്തുപിടിച്ചോ ഒത്തുപിടിച്ചോ.
(കോറസ് കൈകൾ കോർത്തുപിടിച്ച് മുന്നോട്ടു കുതിക്കുന്ന പോസിൽ സ്റ്റിൽ ആവുന്നു.)

## പശുവും പുലിയും

(കുട്ടികൾ പലയിടങ്ങളിൽനിന്നായി ഓടിവരുന്നു. ബഹളം. നമുക്കൊന്നു കളിക്കാം. ഏതു കളിയാ കളിക്കാ...എന്നിങ്ങനെ ചോദ്യങ്ങൾ. പലതരം കളികളുടെ പേരുകൾ പലരും പറയുന്നു. ഒടുവിൽ പശുവും പുലിയും കളിക്കാമെന്ന തീരുമാനത്തിലെത്തുന്നു. വട്ടത്തിൽ നിൽക്കുന്നു. പശു വട്ടത്തിനകത്ത്. പുലി പുറത്ത്. വട്ടത്തിൽ നിൽക്കുന്നവർ പാടുന്നു. പശുവേ പശുവേ പുല്ലിന്നാ പുലിയേ പുലിയേ കല്ലിന്നാ. ) പുലി പശുവിനെ കടന്നുപിടിക്കാൻ നോക്കുന്നു.

കുട്ടികൾ : നന്ദിനിപ്പശുവിനെ ചാടിപ്പിടിക്കാൻ

വട്ടം കൂട്ടണ പുലിയാശാനേ

ഞങ്ങടെ പയ്യിന്റെ രോമംപോലും

നൊട്ടി നുണക്കാൻ കിട്ടൂല.

(ഇതിനിടയിൽ പുലി പശുവിനെ പിടിക്കുന്നു. കുട്ടികൾ ആർത്തുവിളിക്കുന്നു. ബഹളത്തി നിടയിൽ മുത്തശ്ശി വരുന്നു.)

മുത്തശ്ശി : എന്താ മക്കളേ എന്താ ഒരു ബഹളം? (പശു പുലി എന്നിവരെ നോക്കി) എന്തിനാ നമ്മുടെ അപ്പു അമ്മൂനെ പിടിച്ചുവച്ചിരിക്കുന്നത്.

അപ്പു : ഞാൻ അപ്പുവല്ല. മുത്തശ്ശീ. പുലിയാ. (അലറുന്നു).

മുത്തശ്ശി : അപ്പൊ ഇവളോ?

കുട്ടികൾ : ഇവൾ നന്ദിനിപ്പശുവാ. കൂടുപൊളിച്ച് പുലി പശുവിനെ പിടിച്ചിരിക്ക്യാ. ഇപ്പത്തിന്നും.

മുത്തശ്ശി : ശ്ശൊ. ഇതെന്തൊരു കാലമാ. എവിടെനോക്കിയാലും കൊല്ലലും തിന്നലും തന്നെ. വെടിവെച്ചുകൊല്ലല്, ബോംബിട്ടു കൊല്ലല്, കുത്തിക്കൊല്ലല്...എന്തിനാ മക്കളേ നിങ്ങളും കൊല്ലുന്ന കളിതന്നെ കളിക്കുന്നത്.

കുട്ടികൾ : എന്നാൽ ഞങ്ങൾക്ക് വേറൊരു കളി പറഞ്ഞുതാ മുത്തശ്ശീ.

മുത്തശ്ശി : ശരി. പറയാം. (ആലോചിച്ച്. വേദി ചുറ്റും നോക്കി)
ഇതാണു പവിഴമല. (കുട്ടികൾ മല കാണുന്നു. അത്ഭുതഭാവം). നിങ്ങളൊക്കെ ചെടികളും മരങ്ങളും. (കുട്ടികൾ പച്ചിലകൾ കയ്യിലെടുത്തുപിടിച്ച് ഒരു കാട് സൃഷ്ടിക്കുന്നു.)

മുത്തശ്ശി : കരിമരുതും കരിവീട്ടിയും ചന്ദനവും നിറഞ്ഞുനിൽക്കുന്ന, പുത്തിലഞ്ഞിയും കുറിഞ്ഞിയും പൂത്തുനിൽക്കുന്ന മനോഹരമായ പവിഴമല. (പശ്ചാത്തലത്തിൽ ഓടക്കുഴൽ ഗാനം...മുത്തശ്ശി അതു ശ്രദ്ധിച്ച്)

ഹാ: എത്ര മധുരമായ സംഗീതം! ആരാണ് ഇത്ര ഇമ്പമേറിയ സംഗീതം പുറപ്പെടുവിക്കുന്നതെന്നറിയാമോ? മറ്റാരുമല്ല. പശുക്കളെ മേയ്ക്കുന്ന മുരുകയ്യൻ. മുരുകയ്യന് ധാരാളം പശുക്കളുള്ളതിൽ കറുമ്പിപ്പശു കാവേരിയോടാണ് അവനേറെ ഇഷ്ടം. മുരുകയ്യനും പശുക്കളും അങ്ങനെ സുഖമായി കഴിയവേ ഒരു ദിവസം (പശ്ചാത്തലത്തിൽ പുലിയുടെ അലർച്ച! അയ്യോ ഗംഗയ്യൻ പുലിയാണല്ലോ അത്. (സ്വകാര്യം). എന്നെ കണ്ടിട്ടില്ലെന്നു തോന്നുന്നു. ഞാൻ ഉടനെ സ്ഥലംവിടട്ടെ. (മുത്തശ്ശി പോകുന്നു. പുലി ചാടിവീണ് അലറുന്നു.)

ഗംഗയ്യൻ : എനിക്കു വിശക്കുന്നു...മൂന്നു ദിവസമായി വല്ലതും കഴിച്ചിട്ട്. (ചുറ്റിനടന്ന്) എന്താ ഒരു മണം (മണക്കുന്നു) പശുക്കളുടെ മണമാണല്ലോ. ആ മുരുകയ്യന്റെ പശുക്കളായിരിക്കും. നല്ല തടിച്ചുകൊഴുത്തവ. (സ്വകാര്യം) ഒരു കാര്യം ചെയ്യാം (ഒരു മരത്തിന്റെ നേരെ നോക്കി) ഈ പൊന്തയിൽ മറഞ്ഞിരിക്കാം. ഒരെണ്ണത്തിനെയെങ്കിലും കിട്ടാതിരിക്കില്ല. (ചാടിമറയുന്നു) (കാടായി നിന്ന കുട്ടി മരച്ചില്ലകൾ താഴെ വെച്ച് പശുക്കളെപ്പോലെ നടിക്കുന്നു. തലയിൽ പശുക്കളുടെ ചിത്രമുള്ള മുഖംമൂടി വെച്ചിട്ടുണ്ട്.

ഒരു പശു : ഹായ്! നല്ല ഇളംപുല്ല്. കാവേരി എനിക്കു വയറുനിറഞ്ഞു. ഇനി നമുക്കാ ചോലയിൽ പോയി വെള്ളം കുടിക്കാം.

കാവേരി : അയ്യോ. ഞാനില്ല. എന്റെ കണ്ണൻ കിടാവ് വിശന്നു കാത്തിരിക്കുന്നുണ്ട്. ഞാനവന് മുല കൊടുത്തുവരാം. (കാവേരി ഒരു ഭാഗത്തേക്കും മറ്റു പശുക്കൾ മറുഭാഗത്തേക്കുമായി പോകുന്നു. പശുക്കൾ പോകുന്നു. രംഗത്ത് കാവേരി മാത്രം. പുലി ചാടി വീഴുന്നു.)

പുലി : ഞാൻ നിന്നെ കാത്തിരിക്കുകയായിരുന്നു കാവേരീ. നിയെൻ നഖത്തിൻ സുഖമിന്നറിയുമേ കാവേരി.

കാവേരി : (സങ്കടത്തോടെ) എന്റെ കുഞ്ഞ് വിശന്നു തളർന്ന് കാത്തിരിക്കുകയാണ്. അവൻ പാലുകിട്ടാതെ കരയുന്നുണ്ടാവും. തൊണ്ടവരണ്ട് എന്റെ കുഞ്ഞ് ചാവുന്നതിനുമുമ്പ് ഞാനവന് പാലു കൊടുത്തിട്ടു വരാം. അതുവരെ എന്നെ പോകാൻ അനുവദിക്കൂ.

പുലി : ഹ ഹ ഹ ഹ...എന്നെ പറ്റിച്ച് പോകാമെന്നു കരുതിയോ.

കാവേരി : അയ്യോ, അങ്ങനെ പറയരുതേ. എന്നെ വിശ്വസിക്കൂ. (ഓരോ മരത്തിനുമടുത്തുചെന്ന്) ഈ കുറിഞ്ഞി സാക്ഷിയായി ഈ പുത്തിലഞ്ഞി സാക്ഷിയായി ഞാനിതാ സത്യം ചെയ്യു

ന്നു. ഞാൻ മടങ്ങിവരും. ഇത് പെറ്റൊരമ്മയുടെ കണ്ണീരാണ് ഗംഗയ്യൻ.

(പുലി സമ്മതഭാവത്തിൽ തലയാട്ടുന്നു. കാവേരി പോകുന്നു) പുലി പുലിക്കളിയുടെ താളം ചവുട്ടി പാടുന്നു.

പൊളിയെങ്കിലുണ്ണിയെ തിന്നും ഞാൻ

കളിയേറെ കണ്ടവൻ ഗംഗയ്യൻ

(കളിച്ചുകൊണ്ട് വേദിക്കു പുറകിലേക്ക് പോകുന്നു)

**രംഗം 2**

(കണ്ണൻകിടാവ് വിശന്നു കരയുന്നു. 'അമ്മേ' എന്നു വിളിച്ച് വേദിയിൽ ഓടുന്നു. അമ്മയുടെ മറുവിളി കേൾക്കുന്നു. കണ്ണൻകിടാവ് തുള്ളിച്ചാടുന്നു. കാവേരി വരുന്നു. കണ്ണൻ അടുത്തു ചെന്ന്)

കണ്ണൻ : അമ്മ എന്താ ഇത്ര വൈകിയത്. എനിക്കു വിശന്നിട്ടു വയ്യ.

കാവേരി : നിനക്കു മതിയാവോളം പാലു കുടിച്ചോ മോനേ. വേഗമാകട്ടെ. നിന്നേക്കാൾ വിശന്ന് ഗംഗയ്യൻ പുലി എന്നെ കാത്തുകിടക്കുകയാണ്. എനിക്കങ്ങോട്ടു പോകണം.

കണ്ണൻ : അയ്യോ. അമ്മ പുലിക്ക് ആഹാരമാവുകയോ. പിന്നെ ആരാണെനിക്കു പാലുതരിക? ആരാണെന്നെ കറുകപ്പടർപ്പിൽ മേയാൻ കൊണ്ടുപോവുക? ആരാണ് നന്ദിനിയുടേയും കാമധേനുവിന്റേയും കഥകൾ പറഞ്ഞുതരിക? ആരാണ് പാട്ടുകൾ പാടിത്തരിക? അയ്യോ. അമ്മ എന്നെ ഒറ്റക്കാക്കി പോകരുതേ...

കാവേരി : മോനേ...ഗോക്കൾക്ക് വാക്ക് പ്രാണനു തുല്യമാണ്. അമ്മക്ക് വാക്കു പാലിച്ചേ തീരൂ. (പശുക്കൾ പ്രവേശിക്കുന്നു.)

പശുക്കൾ : എന്താ കാവേരീ! നിന്റെ മുഖമെന്താ വല്ലാതിരിക്കുന്നത്?

കാവേരി : കൊമ്പുമുളക്കാത്ത എന്റെ ഈ കണ്ണനെ നിങ്ങളെയേൽപിച്ച് ഞാൻ പോവുകയാണ്. ഗംഗയ്യൻ പുലി എന്നെ കാത്തിരിക്കുന്നുണ്ടാവും. തള്ളയില്ലാത്ത എന്റെ കണ്ണന് നിങ്ങളാണിനി കാവൽ. നല്ലതു ചൊല്ലിക്കൊടുത്ത് അവനെ നന്നായി വളർത്തണം. ഞാൻ പോകുന്നു. (കാവേരി കരഞ്ഞുകൊണ്ടു പോകുന്നു. കണ്ണൻ പിന്നാലെ പോകാൻ തുടങ്ങുന്നു. മറ്റു പശുക്കൾ അവനെ കൂട്ടിക്കൊണ്ടു പോകുന്നു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഗംഗയ്യനെ ഇപ്പോൾ കാണാം. ഗംഗയ്യൻ ദുഃഖത്തോടെ നടന്നുനീങ്ങുന്നു.)

(കാവേരി ഗംഗയ്യനെ സമീപിച്ച്)

കണ്ണൻ : ഞാനെത്താൻ വൈകിയോ? നീ വിശന്നു തളർന്നുപോയോ? എന്താ നിനക്കൊരു വല്ലായ്മ? എന്റെ നറുംപാൽ കുടിച്ച് ക്ഷീണമകറ്റിക്കോളൂ. അപ്പോൾ എന്നെ കൊല്ലാനുള്ള ശക്തി നിനക്കുണ്ടാവും. (ഗംഗയ്യൻ കരഞ്ഞുകൊണ്ട് അരുത് എന്ന് ആംഗ്യം കാണിക്കുന്നു) നീ എന്താ ഒന്നും മിണ്ടാത്തത്? എന്തുപറ്റീ നിനക്ക്

പുലി : ഞാനിവിടെത്തന്നെയുണ്ടായിരുന്നു കാവേരീ. ഞാനെല്ലാം കണ്ടു. കേട്ടു. (കരഞ്ഞുകൊണ്ട് മുട്ടു കുത്തുന്നു.)

കാവേരി : അല്ല ഗംഗയ്യൻ കരയുകയാണോ?

മുത്തശ്ശി കടന്നുവരുന്നു. ഇരുവരേയും പിടിച്ച്)

മുത്തശ്ശി : നന്നായി മക്കളേ...എണീക്ക്...എല്ലാവരും വരിൻ. (കുട്ടികൾ വരുന്നു.) ഗംഗയ്യൻ പുലിക്കെന്നല്ല ആർക്കും ഈ സ്നേഹത്തിനു മുന്നിൽ ആരേയും കൊല്ലാനാവില്ല മക്കളേ. സ്നേഹത്തിലൂടെ നേടാൻ പറ്റാത്തതായി ഒന്നുമില്ലെന്ന് ഈ വലിയവരെയൊക്കെ പഠിപ്പിക്കാൻ നിങ്ങൾ വേണം.

(കുട്ടികളും മുത്തശ്ശിയും ആർപ്പുവിളിയോടെ പോകുന്നു.)

## നെല്ല് കൊയ്യട കോരാ

രണ്ട് ഗ്രൂപ്പ്. ഒരു ഗ്രൂപ്പ് കൃഷിക്കാർ. മറ്റേത് മടിയന്മാർ.

I : നെല്ല് കൊയ്യട കോരാ

II : എനിക്കു വയ്യെന്റമ്മേ.

(2 തവണ) നെല്ല് കൊയ്യുന്ന action ഒന്നാം ഗ്രൂപ്പ് നെല്ല് കൊയ്യുന്നു.

I : കറ്റ കെട്ടട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(2 തവണ)
(action കറ്റകെട്ടൽ)

I : കറ്റ മെതിക്കട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(action കറ്റമെതി)

I : നെല്ലു കുത്തട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(action നെല്ലുകുത്തൽ)

I : വിറകു പെറുക്കട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(action വിറകു പെറുക്കൽ)

I : തീ ഊതട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(action തീ ഊതിക്കത്തിക്കൽ)

I : വേവ് നോക്കട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(ഗ്രൂപ്പ് I വേവ് നോക്കുന്നു. വെന്തിട്ടുണ്ട്)

I : പ്ലാവില കുത്തട കോരാ

II : എനിക്കു വയ്യെന്റമ്മേ.
(ഗ്രൂപ്പ് I പ്ലാവില കുത്തുന്നു)

I : കഞ്ഞി കുടിക്കട കോരാ

II : അങ്ങനെ പറയെന്റമ്മേ.
(ഗ്രൂപ്പ് II ആർത്തിയോടെ കഞ്ഞി കുടിക്കാനോടിവരുന്നു)
ഗ്രൂപ്പ് I പാത്രം നിരത്തിവെക്കുന്നു. കഞ്ഞി കിട്ടുമെന്നു കരുതി ഗ്രൂപ്പ് II ഇരിക്കുന്നു

I : അയ്യട. ഇപ്പൊ കിട്ടും. പോയി പണി ചെയ്യ്.
(ഗ്രൂപ്പ് II നാണിച്ചു നിൽക്കുന്നു.)
(എല്ലാവരും ഒന്നിച്ച് കാണികളെ നോക്കി) അന്നുമുതൽക്കാ കുഴിമടിയൻ പണിചെയ്യാനാരംഭിച്ചു.

## അതിന്നുമപ്പുറമെന്താണ് ?

(8 കുട്ടികൾ. നൃത്തത്തിന്റെ ചുവടുകൾ വെച്ച് വരുന്നു. പശ്ചാത്തലത്തിൽ സ്വരങ്ങൾ)

സരിമപ സരിമപ ധാസ ധപമാ
മപാധ പധാപ ധസാനി രിനിസ
രിസരിസ ധസധപ ധപമപ ധാപമ ഗരിമസ
മഗപഗ മാ.

(പിന്നിൽനിന്നും പച്ചപ്പശുവിന്റെ മാസ്കു ധരിച്ച ഒരു കുട്ടി ഗ്രൂപ്പിൽ ചേരുന്നു.)

ഒന്നിച്ച് : പൊട്ടക്കിണറിൻ കരയിൽ വളരും
പന്നൽച്ചെടിയുടെ കൊമ്പിന്മേൽ
പതുങ്ങിനിന്നൊരു പച്ചപ്പശുവിന്
പണ്ടൊരു സംശയമുണ്ടായി

എന്നുടെ ലോകം ചെടിയും ചെടിയുടെ
വേരും തണ്ടും തളിരിലയും

അതിന്റെ രുചിയും ഗന്ധവും. എന്നാൽ

ഗ്രൂ : എന്നാൽ?

പച്ചപ്പശു : അതിന്നുമപ്പുറമെന്താണ്?

ഗ്രൂ : അതിന്നുമപ്പുറമെന്താണ് (പച്ചപ്പശു പോയി പുറകിൽ ചെന്നു നിൽക്കുന്നു.)
എന്നുടെ ലോകം...... (ഗ്രൂപ്പ് പാടുന്നു.)
എന്താണ്.

ഗ്രൂ : പൊട്ടക്കിണറിലൊളിച്ചുവസിക്കും തവള പറഞ്ഞു മറുപടിയായ്
(പേക്രോം പേക്രോം ശബ്ദങ്ങൾ. കുട്ടികൾ ഒരു തവളയെ കാണുന്നു. തവള ചാടി ച്ചാടി വേദിയിലേക്കു വന്ന് ഗ്രൂപ്പിൽ ചേർന്നു പാടുന്നു). കുട്ടികൾ നോക്കിനിൽക്കുന്നു.)

എന്നുടെ ലോകം കിണറും കിണറിലെ
മീനും പായൽക്കാടുകളും
ഇടവപ്പാതിപിറന്നാൽ പിന്നെ
കോരിച്ചൊരിയും പെരുമഴയും
ഒളിച്ചിരിക്കാൻ മാളവും എന്നാൽ

ഗ്രൂ : എന്നാൽ

തവള : അതിന്നുമപ്പുറമെന്താണ്?

ഗ്രൂ : അതിന്നുമപ്പുറമെന്താണ്? (തവള പോകുന്നു. പുറകിൽ പോയി നിൽക്കുന്നു.)
എന്നുടെ ലോകം....
...............................
അതിന്നുമപ്പുറമെന്താണ്.

(രിസനിസനിപനിപമപമ രിഗരി സരിനി... (ചിത്രപതംഗം പറന്നുവരുന്നു)
നിസസസ നിമമമ നിസസസ നിപപപ

* സരിമരിമപ മപനിപനിസ രി...
നിനിനിനി സസസസ മമമമ പപപപ
നിനിനിനി സസസസ മമമമ രിരിരിരി

ഗ്രൂ : ചെത്തിക്കാടിൻ നടുവിൽനിന്നൊരു
ചിത്രപതംഗം പറയുന്നു.

ചിത്ര : എന്നുടെ ലോകം ചെത്തിക്കാടും
കുന്നിൻചെരിവും കൈത്തോടും
മലർന്ന പൂവിൻ ഇതളുകൾപേറും
മണവും മധുവും പൂമ്പൊടിയും
അതിന്റെ വർണതരംഗവുമെന്നാൽ

ഗ്രൂ : എന്നാൽ

ചിത്ര : അതിന്നുമപ്പുറമെന്താണ്.

ഗ്രൂ : അതിന്നുമപ്പുറമെന്താണ്. (ചിത്രപതംഗം പുറകിലേക്കു നീങ്ങിപോകുന്നു.)
എന്നുടെ ലോകം...
......
അതിന്നുമപ്പുറമെന്താണ്.

ഗ്രൂ : കുന്നിനുമുകളിൽ കൂടുംകൂട്ടി
കഴിഞ്ഞുകൂടും പൂങ്കുരുവി
പറന്നുവന്നു ചിലച്ചുംകൊണ്ടതി-
നുത്തരമിങ്ങനെ ചൊരിയുന്നു
(കിളി പറന്നുവരുന്നു)

അതിന്നുമപ്പുറമുണ്ടൊരു പുഴയും
പച്ചപ്പാടവുമലകടലും
അലറിതുള്ളും തിരകളുമെന്നാൽ
അതിന്റെയപ്പുറമെന്താണ്?

അതിന്റെയപ്പുറമെന്താണ് (കിളി പുറകിലേക്കു നീങ്ങുന്നു)

ഗ്രൂപ്പ് I : അതിന്നുമറുപടി നൽകാനെത്തിയ
മനുഷ്യനിങ്ങനെ മൊഴിയുന്നു.

II : അതിന്നുമറുപടി നൽകാനെത്തിയ
മനുഷ്യനിങ്ങനെ മൊഴിയുന്നു

(വട്ടത്തിൽ ചുറ്റുന്നു - കൈകൾ ആകാശത്തേക്കുയർത്തി)

അതിന്റെയപ്പുറമെന്താണെന്നോ
അലഞ്ഞുനീങ്ങും മേഘങ്ങൾ
അമ്പിളി വെള്ളിവെളിച്ചത്തിൽ പൂക്കുമ്പിളുകൂട്ടും പൂമാനം
സൂര്യൻ താരകൾ ക്ഷീരപഥങ്ങൾ നക്ഷത്രാന്തരപടലങ്ങൾ
(വൃത്തത്തിനു നടുവിൽ ഒരു കുട്ടി. മറ്റുള്ളവർ അതിനെ വലംവെക്കുന്നു.)
അതിന്നപാരവിദൂരതയെന്നാലതിന്നുമപ്പുറമെന്താണ്?
(ഗ്രൂപ്പ് രണ്ട് വരിയായി വന്ന് വേദിയുടെ മുൻഭാഗത്തിരിക്കുന്നു.)

കാറ്റല കടലല ഏറ്റുവിളിപ്പൂ അതിന്നുമപ്പുറമെന്താണ്
(തവള, പച്ചപ്പശു, കുരുവി, ചിത്രശലഭം എന്നിവ ഗ്രൂപ്പിൽ ചേരുന്നു)

എല്ലാവരും : അതിന്നുമപ്പുറമതിന്നുമപ്പുറമതിന്നുമപ്പുറമെന്താണ്.
അതിന്നുമപ്പുറമെന്താണ്.

**കണ്ണുണ്ടായൽ പോരാ കാണണം**
**രചന: സി.ജി. ശാന്തകുമാർ**
**ദൃശ്യാവിഷ്കരണം: ജി. ജയകുമാർ**

(1)

ഒരു നാട്ടുവഴി-വിദേശിയായ സഞ്ചാരി പ്രവേശിക്കുന്നു. അയാൾ ഓരോ വസ്തുവിനേയും സസൂക്ഷ്മം ശ്രദ്ധിച്ച്. പരിശോധിച്ച് മുന്നോട്ട് നീങ്ങുന്നു. സറ്റേജിന്റെ പലഭാഗത്തുനിന്നും നാട്ടുകാർ പ്രവേശിച്ച്, നാട്ടുപാതയിലൂടെ നടന്നു നീങ്ങുന്നു അവർ വിദേശിയെ കാണുന്നു. അവർ രാജാവിന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കുവാൻ പോകുകയാണ് എന്ന് സംഭാഷണത്തിലൂടെ വ്യക്തമാകുന്നു-അവർ നടന്നു നീങ്ങുന്നു. സഞ്ചാരി അവരെ പിൻതുടർന്ന് മറയുന്നു.

(2)

സംഘം പാട്ടുപാടിയും നൃത്തം ചെയ്തും രാജപാതയിലൂടെ പ്രവേശിക്കുന്നു.

ആ....ആ....ആ....ഹായ്
ഏ....ഏ....ഏ....ഹേയ്
ഓ....ഓ....ഓ....ഹോയ്
പിറന്നാളിന്ന് തമ്പുരാന്...
തിരുന്നാളിന്നടിയങ്ങൾക്ക്....
......................................................

ദൂരെ നിന്ന് 'എന്റെ കഴുതയെ ആരെങ്കിലും കണ്ടോ' എന്ന് കഴുതക്കാരൻ ഉറക്കെ ചോദിക്കുന്നത് കേൾക്കാം. അത് അടുത്തടുത്ത് വരുന്നു

കഴുതക്കാരൻ: (സംഘത്തിനോട്) എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? എന്റെ കഴുതയെ ആരെങ്കിലും കണ്ടോ?

സംഘം: കഴുതയോ (ചിരിക്കുന്നു)

കഴുതക്കാരൻ: (കുറച്ചുകൂടി ഉച്ചത്തിൽ) എന്റെ കഴുതയെ ആരെങ്കിലും കണ്ടോ? (കരയുന്നു.)

സംഘം: നിങ്ങൾ ആരാണ്? എന്തുവേണം.?

കഴുതക്കാരൻ: എന്റെ കഴുതയെ കാണാനില്ല. എല്ലാവരോടും ചോദിച്ചു. എല്ലായിടവും അന്വേഷിച്ചു. നിങ്ങൾക്കറിയാമോ. എന്റെ കഴുത എവിടെയാണെന്ന്.

സംഘം: നിങ്ങളുടെ കഴുത എവിടെയായിരുന്നു?

കഴുതക്കാരൻ: വീട്ടിലായിരുന്നു. രണ്ടുദിവസമായി കാണാനില്ല. അന്വേഷിക്കാത്ത ഇടമില്ല. നിങ്ങൾ ഒന്നു സഹായിക്കണേ.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ ഇയാൾ ഇത്ര വിഷമിക്കുന്നത്.

സംഘം: ഒരു കഴുതയെ കാണാത്തതിനാണോ താൻ മരിക്കാൻ നിൽക്കുന്നത്.

കഴുതക്കാരൻ: ആ കഴുതയെക്കൊണ്ട് ചുമടെടുപ്പിച്ചാണ് ഞാനും എന്റെ കുടുംബവും ജീവിക്കുന്നത്.

സംഘം: എങ്കിൽ നിങ്ങൾപോയി മറ്റൊരു കഴുതയെ വാങ്ങിക്കൂ. ഞങ്ങൾക്കു വേറെ പണിയുണ്ട്.